കേരള സർക്കാർ

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**

# സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

# 2009-10

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23,
1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 25
എന്നിവ പ്രകാരം സമർപ്പിക്കുന്നത്)

# സമർപ്പണം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2009-10 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത് പുറപ്പെടുവിച്ച വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും തിരഞ്ഞെടുത്ത ശ്രദ്ധേയമായ പരാമർശങ്ങൾ ഉൾക്കൊള്ളിച്ച്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 25 എന്നിവ പ്രകാരം തയ്യാറാക്കിയ 'സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10' സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു.

2009-10-ൽ വകുപ്പ് ഓഡിറ്റ് ചെയ്ത പഞ്ചായത്ത്രാജ് മുനിസിപ്പൽ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിന്റേയും നിയമസഭയുടെയും ശ്രദ്ധപതിയേണ്ട ക്രമക്കേടുകളും അപാകതകളും അതോടൊപ്പം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10 സംസ്ഥാന സർക്കാരിന്റെ പരിശോധനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു.

**ടി.ഭാസി**
**ഡയറക്ടർ,**
**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**

തിരുവനന്തപുരം,
10.08.2011.

Local Fund Audit Department

## ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| **ആമുഖം** | | *9* |
| ***അദ്ധ്യായം – 1***<br>***ഓഡിറ്റ് അവലോകനം*** | **1.1-1.2** | **11-13** |
| *തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യപത്രിക* | 1.1 | 12 |
| *ചാർജ്/സർചാർജ് നടപടികൾ* | 1.2 | 13 |
| **അദ്ധ്യായം – 2**<br>**പൊതു അവലോകനം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | **2.1 - 2.17** | **14-43** |
| *ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച* | 2.1 | 14 |
| *ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ* | 2.2 | 15 |
| *ഗ്രാമ/വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കാളിത്തം ഉറപ്പ് വരുത്തുന്നില്ല* | 2.3 | 17 |
| *തനതുവരുമാനം* | 2.4 | 18 |
| *വികസന ഫണ്ടിന്റെ വിനിയോഗം* | 2.5 | 20 |
| *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്* | 2.6 | 22 |
| *വകമാറ്റി ചെലവഴിക്കൽ* | 2.7 | 24 |
| *നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്* | 2.8 | 24 |
| *മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിക്കാത്തത്* | 2.9 | 30 |
| *പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച* | 2.10 | 34 |
| *ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി* | 2.11 | 36 |
| *സാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം* | 2.12 | 38 |
| *അധികാര പരിധിയ്ക്ക് പുറത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിക്കുന്നു* | 2.13 | 39 |
| *വികസന അതോറിറ്റികൾ* | 2.14 | 40 |
| *സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്* | 2.15 | 40 |
| *കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്* | 2.16 | 42 |
| *കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കും മറ്റു സ്ഥാപനങ്ങൾക്കുമായി അടയ്ക്കാനുള്ള തുക* | 2.17 | 43 |
| ***അദ്ധ്യായം – 3***<br>***ഓഡിറ്റ് നിരീക്ഷണങ്ങൾ*** | **3.1-3.23** | **44-119** |
| **വരവിനങ്ങളിലെ നഷ്ടം** | ***3.1*** | ***44*** |
| *ഏലൂർ ഗ്രാമപഞ്ചായത്ത്-എറണാകുളം ജില്ല* | 3.1.1 | 44 |
| *സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല* | 3.1.2 | 45 |
| *തിരുവനന്തപുരം നഗരസഭ - തിരുവനന്തപുരം ജില്ല* | 3.1.3 | 48 |
| *കോട്ടയം നഗരസഭ - കോട്ടയം ജില്ല* | 3.1.4 | 49 |


Local Fund Audit Department

| ഉള്ളടക്കം | | |
|---|---|---|
| വിവരണം | ഖണ്ഡിക | പേജ് |
| അങ്കമാലി നഗരസഭ -എറണാകുളം ജില്ല | 3.1.5 | 50 |
| തൃശ്ശൂർ നഗരസഭ - തൃശ്ശൂർ ജില്ല | 3.1.6 | 51 |
| കോഴിക്കോട് നഗരസഭ -കോഴിക്കോട് ജില്ല | 3.1.7 | 51 |
| കണ്ണൂർ നഗരസഭ - കണ്ണൂർ ജില്ല | 3.1.8 | 53 |
| വിശാലകൊച്ചി വികസന അതോറിറ്റി | 3.1.9 | 54 |
| കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 3.1.10 | 57 |
| ***നിയമങ്ങളും ഉത്തരവുകളും ചട്ടങ്ങളും ലംഘിച്ചുള്ള പ്രവൃത്തികൾ*** | ***3.2*** | ***58*** |
| മുക്കം ഗ്രാമപഞ്ചായത്ത് - കോഴിക്കോട് ജില്ല | 3.2.1 | 58 |
| കൊടകര ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല | 3.2.2 | 58 |
| ഇടുക്കിജില്ലാ പഞ്ചായത്ത് - ഇടുക്കി ജില്ല | 3.2.3 | 59 |
| പാലക്കാട്ജില്ലാ പഞ്ചായത്ത - പാലക്കാട്ജില്ല | 3.2.4 | 60 |
| വയനാട് ജില്ലാ പഞ്ചായത്ത് - വയനാട് ജില്ല | 3.2.5 | 61 |
| ***ഫണ്ട് വകമാറ്റി ചെലവഴിക്കൽ*** | ***3.3*** | ***62*** |
| ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല | 3.3.1 | 62 |
| വർക്കല നഗരസഭ - തിരുവനന്തപുരം ജില്ല | 3.3.2 | 63 |
| കോഴിക്കോട് നഗരസഭ - കോഴിക്കോട് ജില്ല | 3.3.3 | 66 |
| വടകര നഗരസഭ - കോഴിക്കോട് ജില്ല | 3.3.4 | 66 |
| ***ധനദുർവിനിയോഗം*** | ***3.4*** | ***68*** |
| ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് - ആലപ്പുഴ ജില്ല | 3.4.1 | 68 |
| കണ്ണൂർ ജില്ല | 3.4.2 | 71 |
| അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് -പാലക്കാട് ജില്ല | 3.4.3 | 72 |
| കോഴിക്കോട് നഗരസഭ -കോഴിക്കോട് ജില്ല | 3.4.4 | 74 |
| തളിപ്പറമ്പ് ശ്രീ രാജരാജേശ്വരി ക്ഷേത്രം - കണ്ണൂർ ജില്ല | 3.4.5 | 74 |
| കോഴിക്കോട് സർവ്വകലാശാല - മലപ്പുറം ജില്ല | 3.4.6 | 75 |
| ***നിലവാരമില്ലാത്ത റോഡുനിർമ്മാണം*** | ***3.5*** | ***77*** |
| പത്തനംതിട്ട ജില്ല - കടമ്പനാട് ഗ്രാമപഞ്ചായത്ത് | 3.5.1 | 77 |
| ***കൂടുതൽ അന്വേഷണം ശുപാർശ ചെയ്യുന്നവ*** | ***3.6*** | ***79*** |
| കണ്ണൂർ നഗരസഭ -കണ്ണൂർ ജില്ല | 3.6.1 | 79 |
| കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര - തൃശ്ശൂർ ജില്ല | 3.6.2 | 81 |
| ***ലക്ഷ്യം പൂർത്തീകരിക്കാത്ത പദ്ധതികൾ*** | ***3.7*** | ***82*** |
| മണമ്പൂർ ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല | 3.7.1 | 82 |
| വിതുര ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല | 3.7.2 | 83 |
| തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് - എറണാകുളം ജില്ല | 3.7.3 | 84 |
| വടകരപ്പതി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല | 3.7.4 | 85 |
| കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല | 3.7.5 | 85 |
| കോട്ടത്തറ ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല | 3.7.6 | 86 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല | 3.7.7 | 87 |



Local Fund Audit Department

## ഉള്ളടക്കം


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| *മല്ലപ്പള്ളി ബ്ലോക്ക് - പത്തനംതിട്ട ജില്ല* | 3.7.8 | 87 |
| *ആറ്റിങ്ങൽ നഗരസഭ - തിരുവനന്തപുരം ജില്ല* | 3.7.9 | 88 |
| *പറവൂർ നഗരസഭ - എറണാകുളം ജില്ല* | 3.7.10 | 90 |
| *മൂവാറ്റുപുഴ നഗരസഭ - എറണാകുളം ജില്ല* | 3.7.11 | 91 |
| *കോഴിക്കോട് നഗരസഭ - കോഴിക്കോട് ജില്ല* | 3.7.12 | 92 |
| *വടകര നഗരസഭ - കോഴിക്കോട് ജില്ല* | 3.7.13 | 93 |
| *കേരള കാർഷിക സർവ്വകലാശാല, വെള്ളാണിക്കര* | 3.7.14 | 94 |
| ***പദ്ധതി നടത്തിപ്പിലെ അപാകത*** | ***3.8*** | ***95*** |
| *തൊളിക്കോട് ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല* | 3.8.1 | 95 |
| *വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല* | 3.8.2 | 96 |
| *കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് - തിരുവനന്തപുരം ജില്ല* | 3.8.3 | 97 |
| *ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് - ആലപ്പുഴ ജില്ല* | 3.8.4 | 98 |
| *ഹരിപ്പാട് ഗ്രാമപഞ്ചായത്ത് - ആലപ്പുഴ ജില്ല* | 3.8.5 | 99 |
| *കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്- ആലപ്പുഴ ജില്ല* | 3.8.6 | 100 |
| *പൊയ്യ ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല* | 3.8.7 | 103 |
| *കാടുകുറ്റി ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല* | 3.8.8 | 103 |
| *പെരുവമ്പ് ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല* | 3.8.9 | 104 |
| *കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല* | 3.8.10 | 105 |
| *മുക്കം ഗ്രാമപഞ്ചായത്ത് - കോഴിക്കോട് ജില്ല* | 3.8.11 | 106 |
| *നെന്മേനി ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല* | 3.8.12 | 106 |
| *വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല* | 3.8.13 | 107 |
| *വളപട്ടണം ഗ്രാമപഞ്ചായത്ത് - കണ്ണൂർ ജില്ല* | 3.8.14 | 108 |
| *പറക്കോട് ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല* | 3.8.15 | 109 |
| *ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്-ആലപ്പുഴ ജില്ല* | 3.8.16 | 110 |
| *കൊല്ലം ജില്ലാ പഞ്ചായത്ത് - കൊല്ലം ജില്ല* | 3.8.17 | 111 |
| *പത്തനംതിട്ട ജില്ലാ പഞ്ചായത്ത് - പത്തനംതിട്ട ജില്ല* | 3.8.18 | 112 |
| *തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - തൃശ്ശൂർ ജില്ല* | 3.8.19 | 113 |
| *കൊല്ലം നഗരസഭ - കൊല്ലം ജില്ല* | 3.8.20 | 115 |
| *മാവേലിക്കര നഗരസഭ -ആലപ്പുഴ ജില്ല* | 3.8.21 | 116 |
| *മൂവാറ്റുപുഴ നഗരസഭ - എറണാകുളം ജില്ല* | 3.8.22 | 117 |
| *കണ്ണൂർ നഗരസഭ - കണ്ണൂർ ജില്ല* | 3.8.23 | 118 |


Local Fund Audit Department

# ആമുഖം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരം സർക്കാരിന് സമർപ്പിക്കുന്നതിനുവേണ്ടിയാണ് "സമാഹൃത ഓഡിറ്റ് റിപ്പോർട്ട്" തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിന് സമർപ്പിക്കുന്ന പതിമൂന്നാമത് റിപ്പോർട്ടാണിത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡ്, ഹിന്ദുമത ധർമ്മസ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി അയ്യായിരത്തിലധികം സ്ഥാപനങ്ങൾ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുണ്ട്.

2009-10 സാമ്പത്തിക വർഷം വകുപ്പ് പുറപ്പെടുവിച്ച വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽനിന്നും തെരഞ്ഞെടുത്ത് സംഗ്രഹിച്ച ഖണ്ഡികകളാണ് ഉള്ളടക്കത്തിൽ പ്രധാനം.

ഈ റിപ്പോർട്ടിന്റെ ഒന്നാമദ്ധ്യായത്തിൽ 2009-10 സാമ്പത്തിക വർഷം വിവിധ സ്ഥാപനങ്ങളിൽ നടത്തിയ ഓഡിറ്റുമായി ബന്ധപ്പെട്ട ഒരു പൊതു വിവരണം നൽകിയിരിക്കുന്നു. രണ്ടാമദ്ധ്യായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങളുടെ അവലോനമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മൂന്നാമദ്ധ്യായത്തിൽ ത്രിതലപഞ്ചായത്തുകളിലെയും മുനിസിപ്പൽ സ്ഥാപനങ്ങളിലെയും വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള മറ്റു സ്ഥാപനങ്ങളിലെയും ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അനുവാചക സൗകര്യത്തിന് വിഷയാടിസ്ഥാനത്തിലാണ് ഖണ്ഡികകൾ ക്രമീകരിച്ചിട്ടുള്ളത്.

നിരീക്ഷണങ്ങളുടെ വിശദവിവരങ്ങൾക്ക് ഖണ്ഡികയോടൊപ്പം സൂചിപ്പിച്ചിട്ടുള്ള ഒറിജിനൽ റിപ്പോർട്ടുകൾ പരിശോധിയ്ക്കേണ്ടതാണ്.

Local Fund Audit Department

## അദ്ധ്യായം-1

# ഓഡിറ്റ് അവലോകനം

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും യൂണിവേഴ്സിറ്റികളുടെയും ഓഡിറ്റിംഗ് മാത്രമായിട്ടാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തുടക്കം കുറിച്ചത്. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് എന്നിവ നിലവിൽ വന്നതോടെ വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലും വർദ്ധന വുണ്ടായി. 73, 74 ഭരണഘടനാ ഭേദഗതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് കൂടുതൽ അധികാരം കൈവന്നതോടെ ലഭ്യമാകുന്ന വിവിധതരം ഫണ്ട് സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ട ഉത്തരവാദിത്വവും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനാണ്. കൂടാതെ 1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചാരിറ്റബിൾ എൻഡോവ്മെന്റ് ഫണ്ടിന്റെ ട്രഷറർ പദവികൂടി വഹിക്കുന്നു. വികസന അതോറിറ്റികൾ, ക്ഷേമനിധി ബോർഡുകൾ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഓഡിറ്റും ഈ വകുപ്പിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിലൂടെയും അതിന്മേൽ ചാർജ്ജ്/സർചാർജ്ജ് നടപടി സ്വീകരിക്കുന്നതിലൂടെയും കേരള സംസ്ഥാനത്തിലെ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും സാമ്പത്തിക അച്ചടക്കവും ഉറപ്പ് വരുത്തുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു കഴിയുന്നു.

2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് ***2457*** സ്ഥാപനങ്ങളുടെ ***8661.36*** കോടി രൂപയുടെ വരവ് കണക്കുകളും ***4635.24*** കോടി രൂപയുടെ ചെലവ് കണക്കുകളും പരിശോധനയ്ക്ക് വിധേയമാക്കുക യുണ്ടായി. ഇവയിൽ ***4.77*** കോടി രൂപ വരവ് നഷ്ടവും ***35.46*** കോടി രൂപ ചെലവ് നഷ്ടവും ***213.82*** കോടി രൂപ വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുകയും ചെയ്തു. വിശദാംശം പട്ടികയിൽ ചേർത്തിരിക്കുന്നു.

2009-10 വർഷത്തിൽ ആകെ ***3082*** ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

Local Fund Audit Department

# ഓഡിറ്റ് അവലോകനം 2009-10

**(01.04.2009 മുതൽ 31.03.2010 വരെ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള വിവരം)**

**(തുക കോടിയിൽ)**

| ക്രമ നം | സ്ഥാപനം | വരവ് | ചെലവ് | വരവിനങ്ങളിലെ നഷ്ടം | നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 3365.79 | 2381.63 | 2.11 | 9.74 | 21.45 |
| 2 | ബ്ലോക്ക്പഞ്ചായത്ത് | 372.07 | 274.90 | 0.02 | 3.47 | 21.36 |
| 3 | ജില്ലാപഞ്ചായത്ത് | 918.05 | 377.01 | 0.01 | 2.17 | 28.16 |
| 4 | നഗരസഭ | 1049.65 | 348.11 | 0.41 | 1.47 | 20.97 |
| 5 | സർവ്വകലാശാല | 2367.69 | 618.31 | 0.09 | 17.99 | 11.57 |
| 6 | മറ്റുസ്ഥാപനങ്ങൾ | 588.11 | 635.28 | 2.13 | 0.62 | 10.31 |
| | ആകെ | 8661.36 | 4635.24 | 4.77 | 35.46 | 213.82 |

## 1.1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രിക

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1) വകുപ്പ്, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 11(1) എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരവ്/ചെലവ് വാർഷിക ധനകാര്യപത്രിക ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്. എന്നാൽ മിക്ക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് സമർപ്പിക്കുന്നില്ല. കൂടാതെ സ്ഥാപനങ്ങളുടെ അടിസ്ഥാന രജിസ്റ്ററുകളായ കാഷ്ബുക്ക്, വരവ്-ചെലവ് രജിസ്റ്ററുകൾ കുടിശ്ശിക/തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പൂർത്തീകരിക്കാതെയാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്. കുടിശിക തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താതെയും നീക്കിബാക്കി തുകകൾ തൊട്ടടുത്ത വർഷത്തെ മുൻബാക്കിയായി കാണിക്കാതെയുമാണ് പത്രികകൾ തയ്യാറാക്കുന്നത്. കൂടാതെ മുൻബാക്കി കാരണങ്ങളില്ലാതെ എഴുതിതള്ളുന്ന പ്രവണതയും കണ്ടുവരുന്നു. ആയതിനാൽ സമർപ്പിക്കപ്പെടുന്ന ധനകാര്യ പത്രികകളിൽ പലതും വസ്തുനിഷ്ഠമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ രീതിയിൽ കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിനും നിമയപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റിൽനിന്നും ലഭിക്കേണ്ട തിരുത്തൽനടപടികൾ തുടർന്നുള്ള കാലങ്ങളിൽ സ്വീകരിക്കുന്നതിനും കഴിയാതെ വരുന്നു.

Local Fund Audit Department

## 1.2. ചാർജ്/സർചാർജ് നടപടികൾ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ് അനുശാസിക്കുംപ്രകാരം ഓഡിറ്റിൽ കണ്ടുപിടിക്കുന്ന വ്യക്തമായ നഷ്ടങ്ങൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കാൻ ചാർജ്/സർചാർജ് നടപടികൾ -സ്വീകരിക്കാനുള്ള അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരവിനത്തിലുണ്ടാകുന്ന നഷ്ടത്തിനു നൽകുന്ന ചാർജ് നോട്ടീസിനും, ചെലവിനത്തിലുണ്ടാകുന്ന നഷ്ടങ്ങൾക്കുനൽകുന്ന സർചാർജ് നോട്ടീസിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നോട്ടീസ് കൈപ്പറ്റി രണ്ട് മാസത്തിനകം സ്വീകാര്യമായ വിശദീകരണമോ തനിക്കെതിരെ ചൂണ്ടിക്കാണിച്ചിട്ടുള്ള നഷ്ടം അടച്ചവിവരമോ ഡയറക്ടർക്കു നൽകാത്ത പക്ഷം ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കേണ്ടിവരുന്നു. സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള തുക ഉത്തരവാദിയായ വ്യക്തി ഒരുമാസത്തിനുള്ളിൽ ലോക്കൽ അതോറിറ്റിയുടെ പേരിൽ അടയ്ക്കുകയോ ജില്ലാ കോടതിയിൽ, തദ്ദേശഭരണ സ്ഥാപനത്തിൽ ചാർജ്/സർചാർജ് നടപടികളിൽ നിന്നും ഒഴിവാകാൻ കേസ് ഫയൽചെയ്യുകയോ ചെയ്യാത്തപക്ഷം കേരള റവന്യൂ റിക്കവറി നിയമപ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് കൈപ്പറ്റിയതിനുശേഷം ഉദ്യോഗസ്ഥർ കേസ് ഫയൽ ചെയ്യുന്നതുകാരണം സർചാർജ് നടപടികൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നു. ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടംചുമത്തിയ തുകയുടെ മൂന്നിലൊരംശംപോലും തിരികെ ഈടാക്കാൻ കഴിയുന്നില്ല എന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

2009-10-ൽ പുറപ്പെടുവിച്ച ചാർജ്/സർചാർജ് നടപടികളുടെ വിവരം.

| വിവരണം | ചാർജ്/സർചാർജ് | | |
|---|---|---|---|
| | എണ്ണം | തുക (രൂപ) | തിരികെ ഈടാക്കിയത് |
| ചാർജ് നോട്ടീസ് | 85 | 3315495 | 331757 |
| സർചാർജ് നോട്ടീസ് | 388 | 14439341 | 553741 |
| ചാർജ് സർട്ടിഫിക്കറ്റ് | 23 | 1841850 | 3791 |
| സർചാർജ് സർട്ടിഫിക്കറ്റ് | 164 | 5333870 | 260124 |

✧✧✧✧✧✧



Local Fund Audit Department

## അദ്ധ്യായം -2

# പൊതു അവലോകനം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

## 2.1. ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച

01.04.04 മുതൽ പ്രാബല്യത്തിൽവന്ന 12.06.03-ലെ ജി.ഒ.(പി)319/03/ധന ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പല തദ്ദേശ ഭരണ സ്ഥാപനങ്ങളും ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചുവരുന്നില്ല. ക്യാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യായെും മാസാന്ത്യത്തിലും വർഷാന്ത്യത്തിലും ക്ലോസ് ചെയ്ത് റിക്കൺസിലിയേഷൻ നടത്താതെയുമാണ് സൂക്ഷിച്ചുവരുന്നത്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായ പ്രകാരം നിയമപരമായി എഴുതേണ്ടതായ രജിസ്റ്ററുകൾ എഴുതാത്തത് വ്യാപകമാണ്. ആയതുകൊണ്ട് സ്ഥാപനങ്ങളിലെ ധനവിനിയോഗത്തിന്റെ കൃത്യത അറിയാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടാതെ പല സ്ഥാപനങ്ങളും വരവ്-ചെലവ് രജിസ്റ്ററുകൾ, മുൻകൂർ രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ ക്രമപ്രകാരം എഴുതുന്നതായി കാണുന്നില്ല. ഓരോ വർഷത്തെയും ഫയലുകളും രജിസ്റ്ററുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുവാനുള്ള അടിസ്ഥാന സാഹചര്യങ്ങൾ ഇല്ല എന്നതാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ആവശ്യമായ അടിസ്ഥാന സാഹചര്യങ്ങൾ തയ്യാറാക്കി രജിസ്റ്ററുകളും രേഖകളും വർഷംതിരിച്ച് കൃത്യമായി സൂക്ഷിക്കുവാൻ നിർദ്ദേശം ഉണ്ടാകേണ്ടതാണ്. രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്ത പഞ്ചായത്തുകൾക്ക് ഉദാഹരണം താഴെ കൊടുക്കുന്നു.

**പത്തനംതിട്ട ജില്ല**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം |
|---|---|---|
| 1 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2006-07 |
| 2 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2005-06 |
| 3 | റാന്നി ഗ്രാമപഞ്ചായത്ത് | 2003-04 |
| 4 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 2001-02 |
| 5 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 2002-03 |
| 6 | ചിറ്റാർ ഗ്രാമപഞ്ചായത്ത് | 2002-03 |
| 7 | കുളനട ഗ്രാമപഞ്ചായത്ത് | 2003-04 |
| 8 | സീതത്തോട് ഗ്രാമപഞ്ചായത്ത് | 2004-05 |
| 9 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2004-05 |
| 10 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2005-06 |
| 11 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2007-08 |



Local Fund Audit Department

**കോട്ടയം ജില്ല**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം |
|---|---|---|
| 1 | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | 2006-07 |
| 2 | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | 2005-06 |
| 3 | രാമപുരം ഗ്രാമ പഞ്ചായത്ത് | 2004-05 |
| 4 | കുറവിലങ്ങാട് ഗ്രാമ പഞ്ചായത്ത് | 2005-06 |
| 5 | കടപ്ലാമറ്റം ഗ്രാമ പഞ്ചായത്ത് | 2006-07 |
| 6 | വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് | 2004-05 |
| 7 | കുരോപ്പട ഗ്രാമ പഞ്ചായത്ത് | 2005-06 |
| 8 | അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 |
| 9 | പാമ്പാടി ഗ്രാമ പഞ്ചായത്ത് | 2005-06 |

**കണ്ണൂർ ജില്ല**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം |
|---|---|---|
| 1 | കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് | 2006-07 |
| 2 | കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | 2006-07 |
| 3 | മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് | 2006-07 |
| 4 | നാറാത്ത് ഗ്രാമ പഞ്ചായത്ത് | 2006-07 |

## 2.2. ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ

സാമ്പത്തിക ആസൂത്രണത്തിനും, നിയന്ത്രണത്തിനും, ഏറ്റവും പ്രധാനപ്പെട്ട ഉപകരണമാണ് ബജറ്റ്. ബജറ്റ് തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും പ്രകടിപ്പിക്കുന്നില്ല. കേരള പഞ്ചായത്ത്രാജ് നിയമവും, കേരള മുനിസിപ്പൽ നിയമവും പ്രകാരം സെക്രട്ടറിയും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസർമാരും സമർപ്പിക്കുന്ന നിർദ്ദേശങ്ങളും അടങ്ങലുകളും പരിഗണിച്ചശേഷം അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഓരോ വർഷവും പ്രതീക്ഷിക്കുന്ന വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും വേണം. ഈ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വരും വർഷത്തെ സ്ഥാപനത്തിന്റെ വരവു ചെലവുകൾ കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും, മാർച്ച് ആദ്യ വാരത്തിനു മുമ്പായി പ്രത്യേകം വിളിച്ചു ചേർക്കുന്ന യോഗത്തിൽ വച്ച് തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളിലും വരും വർഷത്തെ പ്രതീക്ഷിത വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾ ജനുവരി 15-നു മുമ്പായി അതാതു സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാ ക്കുക, ബജറ്റ് മാർച്ച് ആദ്യവാരത്തിനു മുമ്പായി സമർപ്പിക്കുക തുടങ്ങിയ

Local Fund Audit Department

നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ല. ആയതിനാൽ ബജറ്റ് നിർദ്ദേശങ്ങൾ പഞ്ചായത്തുകളിൽ യഥാവിധി ചർച്ചചെയ്യപ്പെടുകയോ, നിർദ്ദേശങ്ങളുടെ വിശദമായ സൂക്ഷ്മപരിശോധന നടത്തപ്പെടുകയോ ഉണ്ടാകുന്നില്ല. ഇത് ബജറ്റ് നിയന്ത്രണ ങ്ങളുടെ പരാജയത്തിനും കൃത്യതയില്ലായ്മയ്ക്കും വഴിതെളിയ്ക്കുന്നു. ഉദാഹരണ ത്തിന്, തിരുവനന്തപുരം വികസന അതോറിറ്റിയുടെ 2007-08 വർഷത്തെ ബജറ്റിൽ റവന്യൂ വരവിനത്തിൽ 856.680 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്നെങ്കിലും അതിന്റെ 22% തുകയായ 189.07 ലക്ഷം രൂപ മാത്രമെ വരവായി സ്വരൂപിക്കാൻ കഴിഞ്ഞിട്ടുള്ളൂ. റവന്യൂ ചെലവിനത്തിൽ 885.10 ലക്ഷം രൂപ പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 199.229 ലക്ഷം രൂപ മാത്രമെ ചെലവിടാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ കോഴിക്കോട് കോർപ്പ റേഷൻ കൗൺസിൽ പാസ്സാക്കിയ 2007-08 വർഷത്തെ പുതുക്കിയ ബജറ്റും പ്രസ്തുത വർഷത്തെ യഥാർത്ഥ വാർഷിക കണക്കും തമ്മിൽ കോടികളുടെ വ്യത്യാസമാണ് കാണുന്നത്. വരവിനങ്ങളിൽ തൻവർഷത്തെ പുതുക്കിയ ബജറ്റിനേക്കാൾ 35.65 കോടി രൂപയുടെയും ചെലവിനങ്ങളിൽ 40.69 കോടി രൂപയുടെയും കുറവാണ് വന്നിട്ടുള്ളത്. യഥാർത്ഥ കണക്കുകളെ അവലംബിച്ച് തയ്യാറാക്കേണ്ട പുതുക്കിയ ബജറ്റിനേക്കാൾ വരവ്/ചെലവുകൾ കുറയുന്നത് ബജറ്റിംഗ് തത്വങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്. അതുപോലെ കൊല്ലം ജില്ലയിലെ ഏതാനും പഞ്ചായത്തുകളിലെ അംഗീകരിച്ച ബജറ്റിലെ വരവുചെലവു തുകകളുടെ വ്യത്യാസം കാണിക്കുന്ന ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വർഷം | ബജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെ ലവ് |
| 1 | ഏരൂർ ഗ്രാമപഞ്ചായത്ത് | 03-04 | 55833000 | 52723500 | 7474348 | 598697 |
| 2 | ചിതറ ഗ്രാമപഞ്ചായത്ത് | 04-05 | 45387499 | 48463979 | 26507951 | 25007187 |
| 3 | വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് | 06-07 | 35237950 | 39647850 | 17008714 | 15942196 |
| 4 | മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് | 06-07 | 41692000 | 42794000 | 28582487 | 23580820 |
| 5 | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 05-06 | 98290000 | 98190000 | 34763983 | 27673242 |
| 6 | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 04-05 | 92356000 | 92241000 | 32246819 | 32368208 |
| 7 | ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 05-06 | 36473500 | 36254500 | 18694520 | 16084753 |

Local Fund Audit Department

മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളിലും മേൽപറഞ്ഞ രീതിയിലുള്ള ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഒട്ടുമിക്ക ബജറ്റുകളിലും വരവുചെലവുകൾ ഊതിപ്പെരുപ്പിച്ചതും യഥാർത്ഥ തുകകളുമായി വളരെ അന്തരമുള്ളതുമാണ്. ബജറ്റിൽ തുകകൾ വകയിരുത്തുന്നത് യാഥാർത്ഥ്യബോധത്തോടെയും രേഖകളുടെ പിൻബല ത്തോടെയും ആയിരിക്കേണ്ടതാണ്.

## 2.3. ഗ്രാമ/വാർഡ് സഭകളിലും കമ്മിറ്റികളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞത് 3 മാസത്തിലൊരിക്കൽ ഭരണസമിതി നിശ്ചയിക്കുന്ന സ്ഥലത്ത് യോഗം ചേരേണ്ടതാണ്. ഗ്രാമസഭയുടെ ക്വാറം സമ്മതിദായകരുടെ എണ്ണത്തിന്റെ 10 ശതമാന ത്തിൽ കുറയരുത് എന്ന് വകുപ്പ് 3 എ (4) നിഷ്കർഷി ച്ചിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായ ത്തുകളിലെ ഗ്രാമസഭാ മിനിട്ട്സ് പരിശോധിച്ചതിൽ മേൽപറഞ്ഞ നിയമ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു.

ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ മർമ്മപ്രധാന ഘടകമാണ് ഗ്രാമ/ വാർഡ് സഭകൾ/വാർഡ് കമ്മിറ്റികൾ. ഗ്രാമ/വാർഡ് സഭകളിലും/കമ്മിറ്റികളിലും പൊതുജന പങ്കാളിത്തം കുറഞ്ഞ് വരുന്ന പ്രവണതയാണ് പൊതുവേ കണ്ടുവരുന്നത്. എല്ലാ വിഭാഗം ജനങ്ങളെയും ഗ്രാമ/വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കെടുപ്പി ച്ചുകൊണ്ട് നാടിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതായുണ്ട്. നിയമസാധുതയില്ല എന്ന ബോദ്ധ്യത്തോടെ ക്വാറം തികയാതെ ഗ്രാമസഭകൾ സമ്മേളിക്കുകയും തീരുമാനങ്ങളെടുക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. ഗ്രാമസഭ കൂടുന്നതിൽ വീഴ്ചവരുത്തിയ സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക നം. |
|---|---|---|---|
| 1 | കോട്ടയം | ചങ്ങനാശ്ശേരി നഗരസഭ | 2006-07 ഖ.2.14 |
| 2 | പാലക്കാട് | പിരായിരി ഗ്രാമപഞ്ചായത്ത് | 2006 -07 |
| | | കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 2006-07 |
| | | കൊപ്പം ഗ്രാമപഞ്ചായത്ത് | 2006-07 |
| | | പറളി ഗ്രാമപഞ്ചായത്ത് | 2007-08 |
| | | പെരുവെമ്പ് ഗ്രാമപഞ്ചായത്ത് | 2007-08 |

Local Fund Audit Department

| | | | |
|---|---|---|---|
| 3 | കണ്ണൂർ | കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | 2006-07 |
| | | കതിരൂർ ഗ്രാമപഞ്ചായത്ത് | 2006-07 |
| | | ഏഴോം ഗ്രാമപഞ്ചായത്ത് | 2006-07 |
| | | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 2006-07 |
| | | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | 2006-07 |
| | | ചേലോറ ഗ്രാമപഞ്ചായത്ത് | 2006-07 |
| 4 | കോഴിക്കോട് | കോഴിക്കോട് നഗരസഭ | 2007-08 ഖ.1.8 |

## 2.4. തനതു വരുമാനം

നികുതി/നികുതിയിതര വരുമാനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനത്തിൽപ്പെടുന്നത്. സ്ഥാപനത്തിന് കിട്ടേണ്ടതായ നികുതികളും ഫീസുകളും മറ്റ് തുകകളും യഥാസമയം പിരിച്ചെടുക്കാത്തതു കാരണം അവ കാലഹരണപ്പെടുകയും സ്ഥാപനത്തിന്റെ വരുമാനത്തിൽ ഗണ്യമായ നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി ശരിയായ വിധത്തിൽ പിരിച്ചെടുക്കുന്നതിൽ സ്ഥാപനങ്ങൾ ഗുരുതരമായ വീഴ്ചവരുത്തുന്നു. ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാല ങ്ങളിൽ നടത്തേണ്ട കെട്ടിടനികുതി/വസ്തുനികുതി പരിഷ്കരണം നടത്താത്തതു മൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ തോതിൽ വരുമാന നഷ്ടം ഉണ്ടാകു ന്നുണ്ട്. നിരവധി സ്വകാര്യകെട്ടിടങ്ങളുടെ മുകളിൽ വിവിധ കമ്പനികളുടെ ടെലികമ്മ്യൂണിക്കേഷൻ ടവ്വറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കെട്ടിട ഉടമകൾക്ക് പ്രസ്തുത കമ്പനികളിൽ നിന്നും ലഭിക്കുന്ന ഗണ്യമായ പ്രതിമാസ വാടകയുടെ അടിസ്ഥാന ത്തിൽ വാർഷിക വാടകമൂല്യം പുനർനിർണയിക്കുകയും വസ്തു നികുതിയിൽ ആനുപാതിക വർദ്ധനവ് വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധ പതിയേണ്ടതാണ്.

പൊതു മാർക്കറ്റുകളുടെ ഭാഗമോ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളോ ലേലം ചെയ്തോ, മറ്റുവിധത്തിലോ പാട്ടത്തിനുകൊടുക്കുമ്പോൾ, കേരളാ സ്റ്റാംപ് ആക്ട് സെക്ഷൻ 2 (1) പ്രകാരം പാട്ടത്തുകയുടെ 5% മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ഉടമ്പടി വയ്ക്കേണ്ടതാണ് എന്ന നിബന്ധന പാലിക്കുന്നതിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നുണ്ട്. കെട്ടിടങ്ങളിലെ മുറികൾ ലേലത്തിലൂടെ വാടകയ്ക്കെടുത്തിട്ടുള്ളവർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം അറിയാതെ കൈമാറ്റം ചെയ്യുന്നത് വളരെ സാധാരണമാണ്. കോഴിക്കോട് നഗരസഭയിൽ മാത്രം

Local Fund Audit Department

യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമക്കാതെയുമുള്ള 27 കേസുകൾ 2007-08 വർഷത്തിലെ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ 3-ാം ഉപചട്ടമനുസരിച്ച് നഗരസഭയുടെ ലൈസൻസ് ഇല്ലാതെ പൊതുസ്ഥലത്തോ റോഡിലോ പരസ്യബോർഡുകൾ സ്ഥാപിക്കാൻ പാടില്ല. പരസ്യബോർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നവർ സ്ഥാപനവുമായി കരാറിലേർപ്പെട്ട്, കരാർ വ്യവസ്ഥ പ്രകാരം ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള തുക നഗരസഭകളിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ ലൈസൻസ് ഇല്ലാതെയോ, ലൈസൻസിന് വിരുദ്ധമായോ സ്ഥാപിച്ച പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള ചെലവ് കാരണക്കാരിൽ നിന്നും ഈടാക്കാതെ തനതുഫണ്ട് ചെലവഴിക്കുന്ന പ്രവണത കണ്ടുവരുന്നു.1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി ഈടാക്കാവുന്നതാണ്. നഗരസഭാ അതിർത്തിക്കുള്ളിൽ പരസ്യനികുതി പിരിക്കാത്തതിനാലും പരസ്യബോർഡുകളുടെ തറവാടകയും, വാടകയിന്മേലുള്ള സേവനനികുതിയും ഈടാക്കാത്തതിനാലും പഞ്ചായത്തുകളുടെ/നഗരസഭകളുടെ തനതുഫണ്ടിൽ ഗണ്യമായ കുറവ് വരുന്നുണ്ട്.

പഞ്ചായത്ത്/നഗരസഭകളുടെ ലൈസൻസ്/രജിസ്ട്രേഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് മുഴുവൻ സ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടത്. എന്നാൽ ഇവയുടെ സമഗ്രമായ ലിസ്റ്റ് സ്ഥിരമായി എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ്/രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ എന്നും സ്ഥാപനങ്ങളുടേയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കപ്പെടുന്നില്ല. 27.05.2008-ലെ ജി.ഒ.(പി)143/2008/തസ്വഭവ ഉത്തരവനുസരിച്ച് 1996-ലെ കേരളാ പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം, സ്വന്തമായി ജോലിചെയ്യുന്ന വ്യക്തികളേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിലുൾപ്പെടുത്തിയ സ്രോതസ്സുകളിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി പുലർത്തുന്നില്ല. അഭിഭാഷകരിൽ നിന്നും, ഡോക്ടർമാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിലുള്ള തൊഴിൽ നികുതിയെങ്കിലും ഈടാക്കാതിരിക്കു ന്നതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

നഗരസഭകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള ഡി & ഒ ലൈസൻസ് ഫീസ് നിരക്കുകൾ കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ 447-ാം വകുപ്പിനു കീഴിൽ 1997-98 കാലഘട്ടത്തിലാണ്



Local Fund Audit Department

ബൈലോ വിജ്ഞാപനംചെയ്ത് നിശ്ചയിച്ചിരിക്കുന്നത്. ഒരുപതിറ്റാണ്ടുമുമ്പ് നിശ്ചയിക്കപ്പെട്ട തായതിനാൽ നിരക്കുകൾ വളരെ കുറവാണ്. ചട്ടങ്ങളിലെ പരമാവധി നിരക്കിന്റെ പരിധി കവിയാതെ കാലാനുസൃതമായി നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയാണെങ്കിൽ, നഗരസഭകളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നതാണ്. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ യഥാസമയം പിരിച്ചെടുക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. നികുതി/ഫീസിന് പിഴപ്പലിശ വസൂലാക്കുന്നതിൽ സർക്കാർ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. വിനോദ നികുതി, ലേലം, വാടക എന്നീയിനങ്ങളിലും ഭീമമായ തുക കുടിശികയായി ഇപ്പോഴും നിലനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് വർഷം/ഖ. | ഇനം | തുക |
|---|---|---|---|---|
| 1 | വെള്ളറട ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) | 2006-07 ഖ.2.6 | മാർക്കറ്റ് ലേലം | 1,12,972 |
| 2 | കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) | 2007-08 2.5(1) | ഗേറ്റ് ഫീസ് | 48,500 |
| 3 | തിരുവനന്തപുരം നഗരസഭ | 20 07-08 | പരസ്യനികുതി, തറവാടക, പിഴപലിശ | 4,70,907 |
| 4 | കൊല്ലം നഗരസഭ | 2008-09 2.4(എ) | വിനോദനികുതി | 5,90,470 |
| 5 | കൊല്ലം നഗരസഭ | 2008-09 2.4(സി) | വിനോദനികുതി സർവ്വീസ് ചാർജ് | 8,74,200 |
| 6 | കോട്ടയം നഗരസഭ | 2006-07 2-4-5 | സ്റ്റാൾ കുടിശിക | 55,001 |
| 7 | ചങ്ങനാശ്ശേരി നഗരസഭ | 2006-07 2.4(3) | സ്റ്റേഡിയം കടമുറികൾ | 1,93,010 |
| 8 | ചങ്ങനാശ്ശേരി നഗരസഭ | 2-4(4) | വാടക കുടിശിക ഡിമാന്റ് ചെയ്തിട്ടില്ല | 3,03,373 |
| 9 | കോതമംഗലം നഗരസഭ | 2006-07 2.4(എ) | തൊഴിൽ നികുതി | 26,540 |
| 10 | മൂവാറ്റുപുഴ നഗരസഭ | 2006-07 2.2(7) | കംഫർട്ട്സ്റ്റേഷൻ കുത്തകത്തുക | 60,000 |

## 2.5. വികസന ഫണ്ടിന്റെ വിനിയോഗം

ജനകീയാസൂത്രണ/കേരള വികസന പദ്ധതികൾ നടപ്പിലാക്കാനായി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിവിഹിതത്തിൽനിന്നും സംസ്ഥാന സർക്കാർ തദ്ദേശ

Local Fund Audit Department

സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന പ്ലാൻ ഫണ്ടാണ് കാറ്റഗറി എ ഫണ്ട്. 2006-07 മുതൽ ഈ വിഭാഗത്തെ വികസന ഫണ്ട് എന്നറിയപ്പെടുന്നത്. കാറ്റഗറി എ ഫണ്ട് എല്ലാ സാമ്പത്തിക വർഷവും മെയ് മുതൽ ഫെബ്രുവരിവരെ പത്ത് തുല്യപ്രതിമാസ ഗഡുക്കളായി ധനകാര്യവകുപ്പ് സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് പബ്ലിക് അക്കൗണ്ടിലേക്ക് മാറ്റുന്നു. സംസ്ഥാന പബ്ലിക് അക്കൗണ്ടിൽ നിന്ന് കാറ്റഗറി എ ഫണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും മെയ് മുതൽ ഫെബ്രുവരി വരെ പത്ത് ഗഡുക്കളായി അനുവദിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ എ ഫണ്ടുകളുടെ പ്രതിമാസ വിനിയോഗ പത്രിക തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് അടുത്ത മാസം 5-ാം തീയതിക്കു മുമ്പ് നൽകണം.

പ്രാദേശിക വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ കോടിക്കണക്കിന് രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്. ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ട ഉത്തരവാദിത്തം ത്രിതല പഞ്ചായത്തുകൾക്കാണ്. ലഭ്യമായ വികസന ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശുഷ്കാന്തി കാണിക്കുന്നില്ല. കണ്ണൂർ ജില്ലയിലെ ഏതാനും സ്ഥാപനങ്ങളുടെ ചെലവ് ശതമാനം ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | വർഷം | ചെലവ് ശതമാനം |
|---|---|---|---|
| 1 | തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 41.58% |
| 2 | കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 2006-07 | 65% |
| 3 | നാറാത്ത് ഗ്രാമപഞ്ചായത്ത് | 2006-07 | 58% |
| 4 | വളപട്ടണം ഗ്രാമപഞ്ചായത്ത് | 2006-07 | 58.8% |
| 5 | ചേലോറ ഗ്രാമപഞ്ചായത്ത് | 2006-07 | 75% |
| 6 | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | 2006-07 | 73.82% |

ഉല്പാദന മേഖലയിൽ വകയിരുത്തുന്ന വികസനഫണ്ടിന്റ ഒരു ഭാഗമെങ്കിലും, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വകയിരുത്തേണ്ടതാണ് എന്ന നിബന്ധനയും പാലിച്ചുകാണുന്നില്ല. നെല്ല്, തെങ്ങ് എന്നീ കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് വികസനഫണ്ടിൽ നിന്ന് ലക്ഷങ്ങൾ ചെലവഴിക്കുന്നുണ്ടെങ്കിലും ആനുപ ാതികമായ ഉല്പാദന വർദ്ധനവ് കൈവരിച്ചതിന്റെ രേഖകൾ ഇല്ല.

എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ പല പദ്ധതികളിലും ആനുപാതികമായി മറ്റു ഫണ്ടുകളിൽനിന്ന് ചെലവഴിക്കേണ്ട തുകയുടെ വിഹിതം കൂടി വികസന ഫണ്ടിൽ നിന്നു് ചെലവാക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. അതുകാരണം വികസന ഫണ്ടിൽ അധിക ച്ചെലവ് വരുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.



Local Fund Audit Department

| ക്രമ നം. | സ്ഥാപനം | പദ്ധതി | അധിക ചെലവ് (രൂപ) |
|---|---|---|---|
| 1 | തിരുവനന്തപുരം നഗരസഭ | പ്രൊജക്ട് നം.136/08- ചേരി/ചേരിസമാന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ | 22,90,906 |
| 2 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | തേക്കുവിളപ്പടി -കോലിയക്കോട് റോഡ് | 6,50,000 |

## 2.6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടയ്ക്കെടുക്കുന്നവരുമായി കരാർചമയ്ക്കാത്തത്

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് പണികഴിപ്പിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ ഉപയോഗിക്കുന്നതിന് ലേലത്തിൽ പിടിക്കുന്ന വ്യക്തികളുമായി തദ്ദേശ സ്വയംഭരണ സ്ഥാപനം 1996-ലെ കേരളാ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ചുള്ള കരാർ ചമയ്ക്കാത്തതിനാൽ വാടക ഒടുക്കുന്നതിൽ വീഴ്ചവരുത്തുന്ന വ്യക്തികളിൽനിന്നും തുക ഈടാക്കാൻ നിയമനടപടികൾ സ്വീകരിക്കാൻ തടസ്സം നേരിടുന്നു. കൂടാതെ കരുതൽധനം വാങ്ങാതിരിക്കുക, വാടകക്കരാർ രജിസ്റ്റർ ചെയ്യാ തിരിക്കുക തുടങ്ങി നിരവധി അപാകതകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് തുക ഈടാക്കാതെ മുറികൾ വാടകക്കാർക്ക് കൈമാറുന്നതും, വാടക അടയ്ക്കാത്തവരെ മുറികളിൽ തുടരാൻ അനുവദിക്കുന്നതും കുടിശ്ശിക വരുത്തിയവരെ ഒഴിവാക്കി പുനർലേലം ചെയ്യാത്തതും തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളുടെ വീഴ്ചയാണ്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തിയ പ്രസ്തുത അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഓ.റി. വർഷം | ഓ.റി. ഖ. | വാടകയ്ക്ക് നൽകിയ ആസ്തി യുടെ വിവരം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| **കൊല്ലം ജില്ല** | | | | |
| 1 | കൊല്ലം നഗരസഭ | 2008-09 | 2-7 (ഇ) | 1. വലിയകട മാർക്കറ്റ് ഗേറ്റ് ഫീസ് നഷ്ടം 219375/-രൂപ<br>2. സ്ലാട്ടർ ഹൗസ് ഫീസ് നഷ്ടം 177350/-<br>3. ലോറി സ്റ്റാന്റ് 375601/-രൂപ<br>4. ആണ്ടാമുക്കം കംഫർട്ട്സ്റ്റേഷൻ 33200/-രൂപ |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **കോട്ടയം ജില്ല** | | | | |
| 2 | കോട്ടയം നഗരസഭ | 2006-07 | 2-3-3 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ - നഷ്ടം 2,62,665/-രൂപ |
| 3 | കോട്ടയം നഗരസഭ | 2006-07 | 2-4-5 | തിരുനക്കര ബീഫ് സ്റ്റാൾ - നഷ്ടം 55001/-രൂപ |
| **എറണാകുളം ജില്ല** | | | | |
| 4 | ഏലൂർ ഗ്രാമ പഞ്ചായത്ത് | 2006-07 | 2.5 | മഞ്ഞുമ്മൽ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വാടക കുടിശ്ശിക 146764/-രൂ. |
| 5 | മൂവാറ്റുപുഴ നഗരസഭ | 2006-07 | 2-2 (7) | കംഫർട്ട്സ്റ്റേഷനുകളുടെ ലേലം - നഷ്ടം 60,000/-രൂപ |
| 6 | അങ്കമാലി നഗരസഭ | 2006-07 | 2-6 | മാർക്കറ്റ് കോംപ്ലക്സിന്റെ മുറികൾ നഷ്ടം - വാടക കുടിശ്ശിക 2213574/- |
| **ഇടുക്കി ജില്ല** | | | | |
| 7 | പീരുമേട് ഗ്രാമപഞ്ചായത്ത് | 2005-06 | 2-13 | പാമ്പനാറിലെ ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം 8633/-രൂപ |
| 8 | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 2005-06 | 2-4 | ഏലപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം 46425/-രൂപ |
| 9 | ഏലപ്പാറ ഗ്രാമപഞ്ചായത്ത് | 2005-06 | 2-6 | ഏലപ്പാറ പബ്ലിക് മാർക്കറ്റിൽ മാംസ വ്യാപാരം നടത്താനുള്ള അവകാശം- നഷ്ടം 290150/-രൂപ |
| 10 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് | 2005-06 | 2-3 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തു വക കടമുറികൾ |
| 11 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 2005-06 | 2-4 | ഗ്രാമപഞ്ചായത്ത് വക കടമുറികൾ നഷ്ടം 50,787/-രൂപ. |
| 12 | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | 2006-07 | 2-7 | വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ മുദ്രപത്ര ഇനത്തിൽ നഷ്ടം 9161/-രൂപ |
| 13 | കരുണാപുരം ഗ്രാമപഞ്ചായത്ത് | 2005-06 | 2-7 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് തൂക്കുപാലം മാർക്കറ്റ് - നഷ്ടം 7527/- രൂപ. |
| 14 | പുറപ്പുഴ ഗ്രാമപഞ്ചായത്ത് | 2006-07 | 2-6 | പഞ്ചായത്ത് വക കടമുറികൾ - നഷ്ടം 1,026/-രൂപ (സ്റ്റാമ്പ് ആക്ട് പ്രകാരം) |
| 15 | മറയൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 2-5 | പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് - നഷ്ടം 58260/-രൂപ. |

Local Fund Audit Department

## 2.7. വകമാറ്റി ചെലവഴിക്കൽ

വിവിധ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള ദേശീയ, തദ്ദേശീയ പദ്ധതി ഫണ്ടുകൾ വകമാറ്റി ചെലവഴിക്കപ്പെടുന്നത് വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു. ഇത്തരം നീക്കങ്ങൾ തടയാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | **ദേശിയ പദ്ധതി** | സ്ഥാപനം | ഓ.റി. വർഷം ഖ.നം. | തുക (രൂപ) |
|---|---|---|---|---|
| 1 | വാംബേ ഭവന പദ്ധതി | കൊച്ചി നഗരസഭ | 2007-08 3.57 | 38,70,000 |
| 2 | ദേശീയ ചേരിവികസന പദ്ധതി മുനിസിപ്പൽ ദൈനംദിന ചെലവുകൾക്ക് വകമാറ്റി. | ചങ്ങനാശ്ശേരി നഗരസഭ | 2006-07 2.12 | 10,00,000 |
| | **വികസന ഫണ്ട്** | | | |
| 1 | B.S.U.P, ജനുറം പദ്ധതി | കൊച്ചി നഗരസഭ | 2007-08 3.56 | 8,69,49,544 |
| 2 | സംയോജിത ഖരമാലിന്യ നിർമ്മാർജ്ജനം (ക്ലീൻ കേരള മിഷൻ നൽകിയ തുക) വിവിധ പ്രവൃത്തികൾക്ക് | ചങ്ങനാശ്ശേരി നഗരസഭ | 2006-07 3.12 | 14,87,509 |
| 3 | ഖരമാലിന്യ സംസ്കരണം - ജീവനക്കാരുടെ ശമ്പളം, പെൻഷൻ മറ്റ് ചെലവുകൾ | വർക്കല നഗരസഭ | 2005-06 3.15 | 22,72,143 |

## 2.8. നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത്

വിവിധ വൈദ്യുത/കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ വൻതുകകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.

നിക്ഷേപവേലകൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവച്ചതിനുശേഷം ചെക്കുകൾ വഴിയായിരിക്കണമെന്നും, കൂടാതെ കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതുമാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

Local Fund Audit Department

എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. മിക്ക തദ്ദേശഭരണ സ്ഥാപനവും നിക്ഷേപ പ്രവർത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുക കളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി തുകയിൽ, പ്രവർത്തി പൂർത്തിയാക്കിയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. ആയതിനാൽ പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നുറപ്പുവരുത്താൻ വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഓ.റി.വർഷം/ ഖ.നം. | തുക നിക്ഷേപിച്ച സ്ഥാപനം | തുക (രൂപ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| **പത്തനംതിട്ട ജില്ല** | | | | |
| 1 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2004-05/3-4 (1) | കെ.എസ്.ഇ.ബി. തിരുവല്ല | 34,350 |
| | | 2004-05/3-4 (2) | കേരളവാട്ടർ അതോറിറ്റി, തിരുവല്ല | 1,00,000 |
| | | 2004-05/3-4 (3) | കേരളവാട്ടർ അതോറിറ്റി, തിരുവല്ല | 3,24,714 |
| | | 2004-05/3-4 (4) | കേരളവാട്ടർ അതോറിറ്റി, തിരുവല്ല | 9,50,000 |
| | | 2004-05/3-4 (5) | നിർമ്മിതികേന്ദ്രം, പത്തനംതിട്ട | 1,00,000 |
| 2 | കുറ്റൂർ ഗ്രാമപഞ്ചായത്ത് | 2003-04/3-1 | കെ.എസ്.ഇ.ബി. ചെങ്ങന്നൂർ | 2,44,340 |
| 3 | വള്ളിക്കോട് | 2003-04/3-2 | കേരള വാട്ടർഅതോറിറ്റി, പത്തനംതിട്ട | 50,850 |
| 4 | ചെറുകോൽ | 2003-04/3-5 | കെ.എസ്.ഇ.ബി. ചെറുകോൽ | 4,67,890 |
| 5 | ചിറ്റാർ | 2003-04/3-22 | കെ.എസ്.ഇ.ബി. വടശ്ശേരിക്കര | 4,53,740 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | ഏനാദിമംഗലം | 2004-05/3-16 | കെ.എസ്.ഇ.ബി. | 41,080 |
| 7 | ഏനാദിമംഗലം | 2001-02 | കെ.എസ്.ഇ.ബി. | 1,27,012 |
| 8 | കടമ്പനാട് | 2004-05/3-5 | കെ.എസ്.ഇ.ബി. | 47,880 |
| 9 | കടമ്പനാട് | 2007-08/3-3 | പത്തനംതിട്ട ബിൽഡിംഗ് ഡിവിഷൻ | 1,50,000 |
| 10 | സീതത്തോട് | 2004-05/3-16 | കെ.എസ്.ഇ.ബി. | 2,41,000 |
| **കോട്ടയം ജില്ല** | | | | |
| 1 | ഞീഴൂർ | 2006-07/3.4, 3.2 | കെ.എസ്.ഇ.ബി. | 106530<br>5050 |
| 2 | കാണക്കാരി | 2006-07/3.3<br>3.5 | കെ.എസ്.ഇ.ബി. | 74430<br>99984 |
| 3 | കുരോപ്പട | 2005-06/3.8 | കെ.എസ്.ഇ.ബി. | 54820 |
| 4 | പള്ളിക്കത്തോട് | 2006-07/3.3<br>2005-06/3.3 | കെ.എസ്.ഇ.ബി. | 20901<br>105029 |
| 5 | നീണ്ടൂർ | 2006-07, 3.5 | കെ.എസ്.ഇ.ബി. | 163161 |
| 6 | മീനടം | 2004-05 ചെലവ് 2.11 (1,2) | കെ.ഡബ്ല്യു.എ | 150000<br>155945 |
| 7 | പാമ്പാടി | 2005-06 3.4(എ) | കെ.എസ്.ഇ.ബി. | 106600 |
| 8 | പാമ്പാടി | 2005-06/ 3.4(ബി) | കെ.ഡബ്ല്യു.എ | 135806 |
| 9 | ളാലം ബ്ലോക്ക് | 2006-07/3.1(എ) | കെ.എസ്.ഇ.ബി. | 1684528 |
| 10 | കടുത്തുരുത്തി ബ്ലോക്ക് | 2006-07/3.11 | കെ.എസ്.ഇ.ബി. | 240896 |
| **കോട്ടയം ജില്ലാ പഞ്ചായത്ത്** | | | | |
| 1 | വിവിധ പ്രവൃത്തികൾ | 2007-08 പ്രോജക്റ്റ് നം. 6/08 | കെ.എസ്.ഇ.ബി. | 2386600 |
| 2 | ,, | ,, നം.445/08 | കെ.ഡബ്ല്യു.എ | 2165337 |
| 3 | ,, | ,, നം.441/08 | ഭൂഗർഭ ജലവകുപ്പ് | 703200 |
| 4 | ,, | ,, നം.398/08 | കെ.ഡബ്ല്യു.എ | 666666 |
| 5 | ,, | ,, നം.80/08 | അനെർട്ട് | 1500000 |
| 6 | ,, | ,, നം.67/08 | പി.ഡബ്ല്യു.ഡി | 1500000 |
| 7 | ,, | ,, നം.129/08 | പി.ഡബ്ല്യു.ഡി | 162500 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | ,, | ,, നം.114/08 | പി.ഡബ്ല്യു.ഡി | 3450000 |
| 9 | ,, | ,, നം.447/08 | കെ.എസ്.ഇ.ബി. | 1499919 |
| 10 | ,, | ,, നം.443/08 | കെ.എസ്.ഇ.ബി. | 267640 |
| 11 | ,, | ,, നം.407/08 | കെ.എസ്.ഇ.ബി. | 649721 |
| 12 | ,, | ,, നം.437/08 | കെ.എസ്.ഇ.ബി. | 659157 |
| 13 | ,, | ,, നം.434/08 | കെ.എസ്.ഇ.ബി. | 850000 |
| 14 | ,, | ,, നം.44/08 | ജി.ഡബ്ല്യു. ഡി | 1594500 |
| 15 | ,, | ,, നം.442/08 | ജി.ഡബ്ല്യു. ഡി | 2300000 |
| **എറണാകുളം ജില്ല** | | | | |
| 1 | വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് | 2006-07/3-7 | കെ.ഡബ്ല്യു.എ | 287535 |
| 2 | നായരമ്പലം ഗ്രാമ പഞ്ചായത്ത് | 2007-08 | കെ.ഡബ്ല്യു.എ | 200000 |
| | | | | 400000 |
| | | | കെ.എസ്.ഇ.ബി | 378000 |
| | | | | 97850 |
| | | | | 213980 |
| | | | കെ.എസ്.ഇ.ബി | 24525 |
| | | | | 5991 |
| | | | | 1388 |
| | | | | 6520 |
| | | | | 3040 |
| **തൃശ്ശൂർ ജില്ല** | | | | |
| 1 | എടത്തിരുത്തി | 2002-03/3-5 | കെ.എസ്.ഇ.ബി | 90083 |
| | | 2003-04/3-2 | കെ.എസ്.ഇ.ബി | 62070 |
| 2 | കോടശ്ശേരി | 2002-03/3-3 | കെ.എസ്.ഇ.ബി | 65451 |
| | | 2002-03 | | 218260 |
| | | 2002-03 | | 243059 |
| | | 2002-03 | | 125550 |
| 3 | മേലൂർ | 02-03/3-2 | കെ.എസ്.ഇ.ബി | 162880 |
| | | 2002-03/3-2 | | 423170 |
| | | 2002-03/3-2 | | 37550 |
| | | 2002-03/3-2 | | 61670 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | 2002-03/3-2 | | 91750 |
| | | 2003-04/3-2 | | 61920 |
| | | 2003-04/3-2 | | 26870 |
| | | 2003-04/3-2 | | 31220 |
| | മേലൂർ | 2003-04/3-2 | കെ.എസ്.ഇ.ബി | 14890 |
| | | 2003-04/3-2 | | 25000 |
| | | 2003-04/3-2 | | 193000 |
| | | 2003-04/3-2 | | 30000 |
| 4 | ശ്രീനാരായണപുരം | 2000-01/3-5 | കെ.എസ്.ഇ.ബി | 23575 |
| 5 | കാടുകുറ്റി | 2004-05/3-3 | കെ.എസ്.ഇ.ബി | 39690 |
| | | | കെ.ഡബ്ല്യു.എ. | 400000 |
| | | | കെ.ഡബ്ല്യു.എ. | 694400 |
| 6 | മറ്റത്തൂർ | 2003-04/3-11 | കെ.ഡബ്ല്യു.എ. | 612000 |
| | | | കെ.എസ്.ഇ.ബി | 44960 |
| | | | കെ.എസ്.ഇ.ബി | 450000 |
| | | | | 187400 |
| 7 | തളിക്കുളം | 2005-06/3-19 | കെ.എസ്.ഇ.ബി | 97447 |
| | | | | 76800 |
| | | 2003-04/3-8 | | 63100 |
| | | 2003-04/3-8 | | 22880 |
| | | 2003-04/3-8 | | 25095 |
| 8 | പരിയാരം | 2003-04/3-8 | കെ.എസ്.ഇ.ബി | 31680 |
| | | 2003-04/3-8 | | 42115 |
| | | 2003-04/3-8 | | 26350 |
| | | 2003-04/3-8 | | 39900 |
| 9 | അളഗപ്പനഗർ | 2003-04/3-4 | കെ.എസ്.ഇ.ബി | 93100 |
| | | | കെ.ഡബ്ല്യു എ | 118453 |
| 10 | കൊടകര | 2002-03 | കെ.എസ്.ഇ.ബി | 39420 |
| | | | കെ.എസ്.ഇ.ബി | 109140 |
| 11 | നെൻമണിക്കര | 2004-05/3-7 | കെ.എസ്.ഇ.ബി | 50000 |
| | | 2004-05/3-7 | കെ.എസ്.ഇ.ബി | 50000 |
| | | 2005-06/3-3(1) | കെ.എസ്.ഇ.ബി | 99261 |
| 12 | തൈക്കാട് | 2005-06/3.3(ii) | കെ.എസ്.ഇ.ബി | 23200 |
| | | 2005-06/3.7 | കെ.ഡബ്ല്യു.എ | 22000 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | **ഇടുക്കി ജില്ല** | | |
| 1 | കുമളി ഗ്രാമപഞ്ചായത്ത് | 2005-06/(3-12) | കെ.എസ്.ഇ.ബി. | 26135 |
| 2 | ഉപ്പുതറ ഗ്രാമപഞ്ചായ ത്ത് | 2006-07/(3-3) | കെ.എസ്.ഇ.ബി. | 314800 |
| 3 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | 2005-06/(3-4) | കെ.എസ്.ഇ.ബി. | 424405 |
| 4 | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | 2006-07/(3-13) | കെ.എസ്.ഇ.ബി. | 927284 |
| 5 | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | 2005-06/(3-10) | കെ.എസ്.ഇ.ബി. | 235238 |
| 6 | വണ്ടൻമേട് ഗ്രാമപഞ്ചായത്ത് | 2006-07/(3-4) | വിവിധ വൈദ്യുതീ കരണ പദ്ധതികൾ | 568920 |
| 7 | മുട്ടം ഗ്രാമപഞ്ചായത്ത് | 2006-07/(3-9) | വഴിവിളക്കിന് വൈദ്യുതി ലൈൻ | 111545 |
| 8 | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | 2006-07/(3-11) | വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | 757450 |
| 9 | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 2005-06/(3-6) | വൈദ്യുതലൈൻ ദീർഘിപ്പിക്കൽ | 602150 |
| 10 | ദേവികുളം ഗ്രാമപഞ്ചായത്ത് | 2006-07 | വൈദ്യുതീകരണ പദ്ധതികൾ | 1409860 |
| | | **മലപ്പുറം ജില്ല** | | |
| 1 | തിരുവാലി ഗ്രാമ പഞ്ചായത്ത് | 2006-07/3(9) | കെ.എസ്.ഇ.ബി. | 563188 |
| 2 | തിരുവാലി ഗ്രാമ പഞ്ചായത്ത് | 2006-07/3(17) | | 568694 |
| 3 | എടപ്പറ്റ ഗ്രാമ പഞ്ചായത്ത് | 2006-07/3(25) | | 158688 |
| 4 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 2006-07/3(22) (1)<br>(2)<br>(3)<br>(4) | | 143793<br>24916<br>300000<br>130000 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | കാളികാവ് ഗ്രാമ പഞ്ചായത്ത് | 2006-07/3 (6) | കെ.എസ്.ഇ.ബി. | 224509 |
| 6 | എടയൂർ ഗ്രാമ പഞ്ചായത്ത് | 2006-07/3 (4) | | 21420 |
| 7 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 2006-07/3 (11) | ഭൂജല വകുപ്പ് | 153300 |

## 2.9. മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിക്കാത്തത്

മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തിയാ ക്കാത്ത പ്രോജക്റ്റുകൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ വ്യാപകമായി കാണുന്നു. മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയശേഷം പ്രവൃത്തി ഉപേക്ഷിക്കുകയോ, പ്രവൃത്തി ആരംഭിക്കുവാൻ താമസിക്കുകയോ ചെയ്യുന്ന നിരവധി കൺവീനർമാർ ഉണ്ട്. മരാമത്ത് പണികൾ സംബന്ധിച്ച ഏതൊരു കരാറിലും പണി പൂർത്തിയാക്കേണ്ട സമയപരിധി രേഖപ്പെടുത്തേണ്ടതാണ്. 08.07.05-ലെ സർക്കാർ സർക്കുലർ നം.8906/ഡി.പി.3/05/തസ്വഭവ പ്രകാരം എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന തീയതി ക്കുള്ളിൽ മരാമത്ത് പണികൾ പൂർത്തിയാക്കാത്ത കൺവീനർമാരിൽ നിന്ന് നിശ്ചിത തീയതിയ്ക്ക് ശേഷം 12% നിരക്കിലും റവന്യൂ റിക്കവറി നടപടികളുടെ കാര്യത്തിൽ 18% നിരക്കിലും പലിശയോടെ അഡ്വാൻസ് തുക റിക്കവറി ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കരാറിൽ പറഞ്ഞ സമയപരിധിക്കകം പണി പൂർത്തിയാക്കാത്ത കരാറുകാരനിൽനിന്ന് കരാറിൽ നിന്ന് പിഴ ഈടാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പ്രവൃത്തി പൂർത്തീകരിക്കാത്ത/തുക തിരികെ ഈടാക്കാത്ത ജില്ലയിലെ സ്ഥാപന ങ്ങളുടെ ചില ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

**കോട്ടയം ജില്ല**

| ക്രമ നം | സ്ഥാപനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശം | തുക |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | 2006-07 | 3.6 | വിവിധ പ്രവൃത്തികൾക്ക് എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം കൺവീനർ മാർക്ക് അഡ്വാൻസ് നൽകിയത് | 35,266/- രൂപ |



Local Fund Audit Department

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 2 | വെളിയന്നൂർ ഗ്രാമപഞ്ചായത്ത് | 2004-05 | 3.5 (2) | വിവിധ പ്രവൃത്തികൾക്ക് കൺവീനർക്ക് അഡ്വാൻസ് നൽകിയത്/ പ്രവൃത്തി പൂർത്തീകരിക്കാത്തത് | 13,153/- രൂപ |
| 3 | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 2006-07 | 3.14 | വിവിധ പ്രവൃത്തികൾക്ക് എസ്.ജി.ആർ.വൈ കൺവീനർക്ക് അഡ്വാൻസ് | അരി 13640 കി.ഗ്രാം |
| 4 | കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 3.3 | എസ്.ജി.ആർ.വൈ കൺവീനർക്ക് അഡ്വാൻസ് | 25,000/- രൂപ |
| 5 | നീണ്ടൂർ ഗ്രാമ പഞ്ചായത്ത് | 2006-07 | 3.7 | ഗുണഭോക്തൃ വിഹിതം അഡ്വാൻസ് | 42,600/- രൂപ |
| 6 | അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 | 3.8 | ഗുണഭോക്തൃ സമിതി കൺവീനർക്ക് അഡ്വാൻസ് | 30,000/- രൂപ |
| 7 | പള്ളിക്കത്തോട് | 2005-06 | 3.8 | എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർക്ക് അഡ്വാൻസ് | 16,750/- രൂപ |

## എറണാകുളം ജില്ല.

| **ക്രമ നം** | **സ്ഥാപനം** | **ഓ.റി. വർഷം** | **ഖണ്ഡിക നമ്പർ** | **പരാമർശം** | **തുക** |
|---|---|---|---|---|---|
| 1 | പിറവം ഗ്രാമപഞ്ചായത്ത് | 2007-08 | 3.36 | റോഡ് സംരക്ഷണ പ്രവൃത്തി | 75,000/- രൂപ |

## തൃശ്ശൂർ ജില്ല

| **സ്ഥാപനത്തിന്റെ പേര്** | **പ്രവൃത്തിയുടെ പേര്** | **ഓ.റി. വർഷം** | **ഖണ്ഡിക** | **വൗച്ചർ/ ചെക്ക് നം.** | **നൽകിയ തുക** |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| കടപ്പുറം ഗ്രാമ പഞ്ചായത്ത് | അംഗൻവാടി 170 ന്റെ നിർമ്മാണം | 2005-06 | 3-4 | 17-10/05 | 5000 |
| | അംഗൻവാടി 1 ന്റെ നിർമ്മാണം | ,, | ,, | 18-10/05 | 5000 |
| | അംഗൻവാടി 170 ന്റെ നിർമ്മാണം | ,, | ,, | 51-10/05 | 75000 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| കടപ്പുറം ഗ്രാമ പഞ്ചായത്ത് | അംഗൻവാടി 1 ന്റെ നിർമ്മാണം | ,, | ,, | 51-10/05 | 75000 |
| | അംഗൻവാടി 160 ന്റെ നിർമ്മാണം | ,, | ,, | 51-10/05 | 75000 |
| | അംഗൻവാടി 165 ന്റെ നിർമ്മാണം | ,, | ,, | 28-12/05 | 70000 |
| | ജലസംരക്ഷണപ്രവൃത്തി | ,, | ,, | 28-1/07 | 4900 |
| | ഇന്ദിരാഗാന്ധി റോഡ് പുനരുദ്ധാരണം | ,, | ,, | 46-1/07 | 19000 |
| | 2-ാം വാർഡിലെ വെള്ള ക്കെട്ട് ഒഴിവാക്കൽ | ,, | ,, | 25-3/07 | 13800 |
| പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് | വീട് റിപ്പയർ (ജനറൽ) കൺ വീനർക്ക് നൽകിയ തുക | 2004-05 | 3-6 | 122-11/04 | 75000 |
| | വീട് റിപ്പയർ(പട്ടികജാതി) കൺവീനർക്ക് നൽകിയ തുക | 2004-05 | 3-6 | 123-11/04 | 90000 |
| ഒരുമനയൂർ ഗ്രാമ പഞ്ചായത്ത് | X-ാം വാർഡ് ചാത്തൻതറ റോഡ് നിർമ്മാണം | 2004-05 | 3-6 | 33-1/05 | 25000 |
| മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് | ജി.യു.പി.എസ്.കോമ്പൗണ്ട് വാൾ അറ്റകുറ്റപ്പണി | 2003-04 | 3-15 | 0314846/ 27.10/03 | 25000 |
| | വിപണന കേന്ദ്രം കോടാലി | ,, | ,, | 217035/ 31.12/03 | 41000 |
| | കടമ്പോട് ലിഫ്റ്റ് ഇറിഗേഷൻ | ,, | ,, | 217073/ 27.1/04 | 21500 |
| | അറ്റപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ | 2003-04 | 3-15 | 217074/ 27.1/04 | 21500 |
| | കിഴക്കേ കോടാലി ലീഡിങ് ചാനൽ | ,, | ,, | 217075/ 27.1/04 | 21500 |
| | വനിതാ വിപണന കേന്ദ്രം | ,, | ,, | 239712/ 16.2/04 | 88000 |
| | കടങ്ങോട് കോളനി റോഡ് | ,, | ,, | 239741/ 20.2/04 | 27800 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് | പെരുമ്പിള്ളിച്ചിറ കുടിവെള്ള പദ്ധതി | ,, | ,, | 239765/ 25.2.04 | 27500 |
| | ഇഞ്ചക്കുണ്ട് യു.പി.സ്ക്കൂൾ മൂത്രപ്പുര | ,, | ,, | 744727/ 10.3.04 | 25000 |
| | പട്ടികവർഗ്ഗ ഭവന നിർമ്മാണം | ,, | ,, | 962679/ 23.3.04 | 33750 |
| | ശിശു സൗഹൃദ ടോയ്ലറ്റ് | ,, | ,, | 435335/ 27.3.04 | 3750 |
| | വിപണന കേന്ദ്രം കോടാലി | ,, | ,, | 435338/ 29.3.04 | 20600 |
| | ശിശു സൗഹൃദ ടോയ്ലറ്റ് | ,, | ,, | 435381/ 29.3.04 | 3750 |
| | വൃദ്ധരുടെയും വികലാംഗ രുടെയും ക്ഷേമം | ,, | ,, | 435386/ 30.3.04 | 101146 |
| | ചേലക്കോട്ടുകര ക്രോസ് ബാർ അറ്റകുറ്റപ്പണി | ,, | ,, | 608558/ 23.1.04 | 12000 |
| | കാവനാട് കല്ലേറ്റുകുളം റോഡ് പ്രവർത്തി | ,, | ,, | 608799/ 12.2.04 | 72000 |
| മാള ബ്ലോക്ക് പഞ്ചായത്ത് | വിവിധ മരാമത്ത് പ്രവൃത്തികൾ | 2002-03 | 3.6 | -- | 31692 |

## ഇടുക്കി ജില്ല

| **ക്രമ നം** | **സ്ഥാപനം** | **റിപ്പോർട്ട് വർഷം** | **ഖണ്ഡിക നമ്പർ** | **പരാമർശം** | **തുക** |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2006-07 | 3.16 | കാഞ്ഞിരവേലി മണി യമ്പാറ കടവിൽ തൂക്കുപാലം നിർമ്മാണം | 902555 |

## നഗരസഭ/സർവ്വകലാശാല

| ക്രമ നം | സ്ഥാപനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പരാമർശം | തുക (രൂപ) |
|---|---|---|---|---|---|
| 1 | കൊച്ചി നഗരസഭ | 2007-08 | 3.79 | വിവിധ പ്രവൃത്തികൾ | 88,37,547 |
| 2 | തൃശ്ശൂർ നഗരസഭ | 2006-07 | 3.6 | വിവിധ പ്രവൃത്തികൾ | 12,44,396 |
| 3 | കേരള യൂണിവേഴ്സിറ്റി | 2006-07 | 19 | വിവിധ പ്രവൃത്തികൾ | 1,38,67,133 |

Local Fund Audit Department

## 2.10. പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച

ലക്ഷങ്ങൾ ചെലവഴിയ്ക്കപ്പെടുന്ന പദ്ധതികളിൽ അവയുടെ ചെലവ് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുന്ന പ്രവണത തുടർന്നുവരുന്നു. രേഖകളുടെ അഭാവം പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നു വിലയിരുത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന വിവിധ പദ്ധതികളിൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരിയ്ക്കൽ, ബാക്കി തുക തിരികെ അടയ്ക്കാതിരിക്കുക എന്നീ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയവയിൽ മിക്ക പ്രധാന രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിവിധ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നില്ല. സർക്കാർ ഒരു സാമ്പത്തികവർഷം വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയിൽ എത്രമാത്രം പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നു എന്നത് വിലയിരുത്താൻ ചെലവ് രേഖകളിലൂടെ മാത്രമേ കഴിയൂ. ഓഡിറ്റ് സമയത്ത് ഫയലുകളും, വൗച്ചറുകളും കൈപ്പറ്റ് രസീതുകളുടെ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ വൻതുക ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. രേഖകൾ ഹാജരാക്കാത്തതുമൂലം പദ്ധതിവിലയിരുത്തുന്നത് സാധിക്കാത്ത ചില പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല/പഞ്ചായത്തിന്റെ പേര് | ഓ.റി. വർഷം/ ഖ. നം. | പദ്ധതി | തുക (രൂപ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | **തിരുവനന്തപുരം** | | |
| 1 | വെള്ളറട ഗ്രാമ പഞ്ചായത്ത് | 2006-07/ ഖ.3.9 | ജലനിധി കുടിവെള്ള പദ്ധതി | 21,30,500 |
| | | **ആലപ്പുഴ** | | |
| 2 | മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് | 2006-07/ 3.6 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ | 38,45,859 |
| 3 | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | 2006-07/ 3.(1)എ-ജെ. | വി.ഇ.ഒ.നടപ്പിലാക്കിയ വിവിധ പദ്ധതികൾ | 4,26,500 |
| 4 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2007-08/ ഖ.31 | വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | 18,47,000 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | **തൃശ്ശൂർ** | | |
| 5 | പരിയാരം ഗ്രാമപഞ്ചായത്ത് | 2003-04/ 3.6 | പശ്ചിമഘട്ട വികസന പദ്ധതി, കുടുംബശ്രീ ചാർജ്ജ് ഓഫീസർക്ക് നൽകിയ തുക | 6,87,994 |
| 6 | മേലൂർ ഗ്രാമപഞ്ചായത്ത് | 2003-04/ 3.8 | ഓട്ടോ സബ്സിഡി പദ്ധതി | 80,000 |
| 7 | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 2003-04/ 3.7 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 5,78,285 |
| 8 | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 2003-04/ 3.8 | കുടിവെള്ള പദ്ധതി | 2,35,460 |
| 9 | എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 2003-04/ 3.10 | കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ | 3,48,231 |
| 10 | മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | 2003-04/ 3.11, 3.20 | ലക്ഷംവീട് റിപ്പയർ, സ്കൂൾ ചുറ്റുമതിൽ, വിവിധ പദ്ധതി കൾക്കായി പൈപ്പുകളും മോട്ടോറു കളും വാങ്ങിയത് | 4,58,599 |
| 11 | നെന്മണിക്കര ഗ്രാമപഞ്ചായത്ത് | 2004-05/ 3.7 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 5,19,414 |
| 12 | പുന്നയൂർ ഗ്രാമപഞ്ചായത്ത് | 2003-04/ 3.8 | സി.എഫ്.എൽ.ലാമ്പ് വാങ്ങിയത് | 1,92,500 |
| 13 | പുന്നയൂർ ഗ്രാമപഞ്ചായത്ത് | 2003-04/ 3.14 | കുടുംബശ്രീ ചാർജ്ജ് ഓഫീസർക്ക് നൽകിയത് | 17,36,000 |
| 14 | കൊടകര ഗ്രാമപഞ്ചായത്ത് | 2002-03/ 3.5 | കുടുംബശ്രീ ചാർജ്ജ് ഓഫീസർക്ക് നൽകിയത് | 4,42,790 |
| 15 | തളിക്കുളം ഗ്രാമപഞ്ചായത്ത് | 2005-06/ 3.19 | സർവ്വശിക്ഷാ അഭിയാൻ | 20,000 |
| 16 | തളിക്കുളം ഗ്രാമപഞ്ചായത്ത് | 2005-06/ 3.20 | ഹഡ്കോ ലോൺ തിരിച്ചടവ് | 14,00,000 |
| 17 | പുതുക്കാട് ഗ്രാമപഞ്ചായത്ത് | 2003-04/ 3.11 | വനിതാ തൊഴിൽ സംരംഭം | 4,00,000 |
| 18 | ആളൂർ ഗ്രാമപഞ്ചായത്ത് | 2003-04/ 3.3(2) | നേന്ത്രവാഴകൃഷി വികസന പദ്ധതി | 1,00,000 |
| 19 | തൃശൂർ ജില്ലാ പഞ്ചായത്ത് | 2001-02/ 16 | പട്ടിക വർഗ്ഗ ഭവന നിർമ്മാണം | 9,07,200 |

Local Fund Audit Department

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 20 | കോഴിക്കോട് നഗരസഭ | 2007-08/ 3.8(16) | DWCUA യൂണിറ്റുകൾക്ക് നൽകിയത് | 5,00,000 |
| **വയനാട് ജില്ല** | | | | |
| 21 | മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് | 2004-05/ 3.2 | സ്കൂളിന് കമ്പ്യൂട്ടർ നൽകിയത് | 50,000 |
| 22 | മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് | 2004-05/ 3.4 | വിവിധ പദ്ധതികൾക്കായി ചെലവഴിച്ചത് | 5,09,092 |
| 23 | മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് | 2004-05/ 3.5 | വിവിധ പദ്ധതികൾക്കായി ചെലവഴിച്ചത് | 43,03,218 |
| 24 | മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് | 2004-05/ 3.8 | വിവിധ മരാമത്ത് പ്രവൃത്തികൾ | 6,36,227 |

## 2.11. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നില്ല

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കിയും ഗ്രാമീണ ജനതയുടെ ഉന്നമനം ലക്ഷ്യമാക്കിയും ആവിഷ്കരിക്കപ്പെട്ട പദ്ധതികളിൽ മികവു കൊണ്ടും ഫലപ്രാപ്തികൊണ്ടും ഏറെ ശ്രദ്ധപിടിച്ചുപറ്റിയ ഒന്നാണ് 2005-ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഇന്ത്യൻ ഭരണഘടനയുടെ 41, 42, 43 അനുഛേദങ്ങളിൽ എല്ലാവർക്കും ന്യായവും മനുഷ്യത്വപരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഭരണഘടന വിഭാവനം ചെയ്ത തരത്തിലുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും അടിസ്ഥാന പ്രശ്നമായി നിലനിൽക്കുന്നു. ഈ സാഹചര്യത്തിലാണ് 2005-ൽ ഇന്ത്യൻ പാർലമെന്റ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാസാക്കുകയും രാജ്യത്താകമാനം നടപ്പിൽ വരുത്തുകയും ചെയ്തത്. ഗ്രാമീണ മേഖലയിൽ അവിദഗ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തി അവരുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. ഈടുനിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തി പ്പെടുത്തൽ എന്നതുമാണ് ഈ പദ്ധതിയുടെ മറ്റു പ്രധാനലക്ഷ്യങ്ങൾ. രാജ്യത്തെ 200 ജില്ലകളിൽ ആദ്യഘട്ടത്തിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 2006-07 മുതൽ വയനാട്, പാലക്കാട് ജില്ലകൾ ഉൾപ്പെടുകയുണ്ടായി. 2008-09 മുതൽ സംസ്ഥാനത്തെ മറ്റ് ജില്ലകളെയും ഉൾപ്പെടുത്തുകയുണ്ടായി.

Local Fund Audit Department

വയനാട്ടിൽ ഒട്ടുമിക്ക പഞ്ചായത്തുകളിലും ഈ പദ്ധതി നല്ലരീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. എങ്കിലും പദ്ധതി സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ താഴെപ്പറയുന്ന അപാകതകളും കണ്ടെത്തുകയുണ്ടായി.

1. ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ വളരെ കുറഞ്ഞ ശതമാനം കുടുംബങ്ങൾക്ക് മാത്രമെ തൊഴിൽ ലഭിക്കുന്നുള്ളൂ. 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്.

2. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തടാധിഷ്ഠിതമായ പ്രവർത്തന ങ്ങളാണ് നടത്തിയിരുന്നത്. മണൽ കയ്യാല നിർമ്മാണം, മഴക്കുഴി നിർമ്മാണം, തീറ്റപ്പുല്ല് വെച്ച് പിടിപ്പിക്കൽ, കുളം നിർമ്മാണം തുടങ്ങിയവയായിരുന്നു ഇതിൽ പ്രധാനം. എന്നാൽ ഈ പ്രവർത്തനങ്ങൾ തൊഴിൽ നൽകാൻ പര്യാപ്തമായി രുന്നു എങ്കിലും സ്ഥായിയായ ആസ്തികൾ ഈ പ്രവർത്തനങ്ങൾ വഴി സൃഷ്ടിക്കപ്പെട്ടു എന്ന് കണ ക്കാക്കാനാകില്ല.

3. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഒരുവർഷത്തിൽ ചെയ്യുവാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ പരിപ്രേക്ഷ്യം തയ്യാറാക്കുന്നത് കാണുന്നില്ല. ഇതുകാരണം പ്രവൃത്തികൾ മുൻകൂട്ടി പ്ലാൻചെയ്ത് തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നൽകുവാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

4. തൊഴിൽകാർഡ് ലഭിച്ച് തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 14 ദിവസത്തിനകം തൊഴിൽ നൽകുകയോ സാധിക്കാത്തപക്ഷം തൊഴിലില്ലായ്മവേതനം നൽകു കയോ ചെയ്യണം എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ആർക്കുംതന്നെ ഈ നിയമമനുശാസിക്കും വിധം തൊഴിലില്ലായ്മ വേതനം നൽകിയതായി കാണുന്നില്ല.

## 2.11.(i). വിജിലൻസ് മോണിറ്ററിംഗ് ശക്തിപ്പെടുത്തണം/സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമാക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുതാര്യമായി നടപ്പിലാക്കുന്നതിന് വിജിലൻസ് മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ശക്തമാക്കേണ്ടതുണ്ട്. വിവിധ മേഖലകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്നുണ്ട് എന്നും ഭൗതിക ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. വളരെ കുറഞ്ഞ അളവിലുള്ള പ്രവൃത്തി കൂടുതൽ തൊഴിലാളികളെ വച്ച് ചെയ്യിക്കുന്നതും അതനുസരിച്ച് രേഖകൾ ചമയ്ക്കുന്നതു പോലുള്ള കൃത്രിമങ്ങൾ തടയുകയും വേണം. ജോലി പൂർത്തീകരണത്തിന്ശേഷം ആഴ്ചയിലൊരിക്കൽ നിർബന്ധ മായും വേതനം നൽകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണം. ചെയ്യുന്ന ജോലിയുടെ അടിസ്ഥാന ത്തിലാണ് കൂലി എന്നതിനാൽ ഓരോ തൊഴിലാളിയുടെയും തൊഴിലളവ് പ്രത്യേകം

Local Fund Audit Department

രേഖപ്പെടുത്തേണ്ടതുണ്ട്. നിലവിൽ പ്രവൃത്തിയുടെ മൊത്തം അളവ് കണക്കാക്കി കൂലി തുല്യമായി കണക്കാക്കിവരികയാണ്.

വികലാംഗരായ തൊഴിലന്വേഷകരെ പ്രോൽസാഹിപ്പിക്കുവാൻ അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തി ഗ്രാമസഭവഴി പ്രചാരണം നൽകേണ്ടതും, ആ വിഭാഗത്തെ കൂടി ഈ പദ്ധതിക്കുകീഴിൽ കൊണ്ടുവരേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിനുള്ളിൽ തൊഴിൽ അന്വേഷകർക്ക് ആവശ്യമായ തൊഴിൽ നൽകാൻ കഴിയാത്ത പക്ഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആ അപേക്ഷകൾ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പ്രവൃത്തികളിൽ ജോലി നൽകേണ്ടതുമാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതായി കാണുന്നില്ല.

തൊഴിലുറപ്പുപദ്ധതിയിൽ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുവാൻ വിവിധങ്ങളായ നിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. തൊഴിൽസ്ഥലത്ത് സംഭവിക്കുന്ന അപകടങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ കുഞ്ഞുങ്ങളുടെ ക്ഷേമം എന്നിവ ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധപുലർത്തേണ്ടതാണ്.

നാടിന്റെ സുസ്ഥിര വികസനത്തിനും സമൂഹത്തിന്റെ ഐക്യത്തിനും സമ്പാദ്യ ശീലം വളർത്താനും കായികാദ്ധ്വാനത്തിന്റെ മഹത്വം പുതുതലമുറയെ അറിയിക്കുവാനും ഏറെ പ്രയോജനം ചെയ്യുന്ന ഈ പദ്ധതിയുടെ വീഴ്ചകൾ പരിഹരിച്ചും, കാലികമായ മാറ്റങ്ങൾ വരുത്തിയും സുതാര്യമായും നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്ത് അധികൃതർ ഉണർന്നുപ്രവർത്തിക്കേണ്ടതാണ്.

## 2.12. സാക്ഷരത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം

അക്ഷരങ്ങളുടെ ലോകത്തിൽ നിന്നും അകന്നുപോയ ജനവിഭാഗങ്ങളെ വിജ്ഞാനത്തിന്റെ മേഖലകളിലേയ്ക്ക് നയിച്ച ചരിത്രപരമായ പരിപാടിയായിരുന്നു സാക്ഷരത പ്രവർത്തനങ്ങൾ, കേരളത്തെ സമ്പൂർണ്ണ സാക്ഷരതയിലേയ്ക്ക് നയിച്ച ഈ പരിപാടിയിലൂടെ സാക്ഷരരായ ജനവിഭാഗങ്ങൾക്ക് അവർ ആർജ്ജിച്ച വിജ്ഞാനം നിലനിർത്തുവാൻ തുടർസാക്ഷരത പ്രവർത്തനങ്ങളും അത്യാവശ്യമായിരുന്നു. ഈ തുടർസാക്ഷരത പ്രവർത്തനങ്ങൾക്കാണ് സംസ്ഥാനമാകെ തുടർവിദ്യാകേന്ദ്രങ്ങൾ തുടങ്ങിയത്.

തുടർവിദ്യാകേന്ദ്രങ്ങളിലൂടെ തുല്യതാ പരിപാടി, വ്യക്തിഗത താത്പര്യ പോഷണപരിപാടി, വരുമാന വർദ്ധക സഹായകപരിപാടി എന്നീ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഉദാഹരണത്തിന് തുല്യതാപരിപാടിയുടെ ഭാഗമായി വയനാട് ജില്ല



Local Fund Audit Department

യിലെ എടവക ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാകേന്ദ്രങ്ങളിലൂടെ 4, 7, 10 തുല്യതാ ക്ലാസുകൾ നടത്തിവരുന്നു. വ്യക്തിഗത താല്പര്യപോഷണ പരിപാടിയുടെ ഭാഗമായി ബാലവേദി, കൗമാരവേദി എന്നീ പ്രവർത്തനങ്ങളും വരുമാന വർദ്ധക പരിപാടിയുടെ ഭാഗമായി തയ്യൽപരിശീലനയൂണിറ്റ്, കുടനിർമ്മാണം, ഫാബ്രിക് പെയിന്റിംഗ് എന്നിവയും നടന്നുവരുന്നുണ്ട്. വയനാട് ജില്ലാ സാക്ഷരതാ മിഷൻ അധികാരികളുടെ സാക്ഷ്യപത്ര പ്രകാരം 2005 ജൂൺ 18 മുതൽ 2007 ഏപ്രിൽ 18 വരെ നടത്തിയ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിലൂടെ പഞ്ചായത്തിലെ 1260 നിരക്ഷരരിൽ 850 പേർ സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി പ്രഖ്യാപിച്ചു കാണുന്നു.

സാക്ഷരത പ്രവർത്തനങ്ങളുടെ ഭാഗമായി പരമ്പരാഗതമായി നടക്കുന്ന പ്രവർത്തനങ്ങൾ മാത്രം നടന്നതായികാണുന്നു. എന്നാൽ ഈ പ്രവർത്തനങ്ങൾ കാലികമായി പുനർനിർണ്ണയിക്കേണ്ടതാണ്. ഇതിനായി അനുയോജ്യമായ സ്ഥലസൗകര്യം ഉറപ്പുവരുത്തി, സെന്ററുകൾ ആരംഭിക്കുക, സെന്ററുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, പ്രേരക്മാർക്ക് മികച്ച പരിശീലനം നൽകുക, വരുമാന വർദ്ധക പരിപാടി സ്ഥായിയായ വരുമാനം ലഭിക്കുന്ന വിധത്തിൽ പുന:ക്രമീകരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർവിദ്യാകേന്ദ്രങ്ങളിൽ പ്രേരക്മാരായി പ്രവർത്തിക്കുന്നവർക്കായി ഹോണറേറിയം നൽകുവാൻ ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽനിന്നും ചെലവഴിക്കുന്ന തുക സംസ്ഥാന സാക്ഷരതാ സമിതിയിൽ നിന്നും തിരികെ ഈടാക്കുവാ നുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 2.13. അധികാര പരിധിക്കു പുറത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അദ്ധ്യായം XV-ൽ 166, 172, 173 വകുപ്പുകൾ പ്രകാരം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. വിവിധ തലത്തിലുള്ള പഞ്ചായത്തുകൾ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി വേണം പദ്ധതികൾ ആവിഷ്കരിക്കാൻ. വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, തെരുവുവിളക്കു സ്ഥാപിക്കൽ, സർക്കാർ ഇതര സംഘടനകൾക്കും, ക്ലബുകൾക്കും ആസ്തികൾ നൽകുന്നതിനുള്ള പ്രോജക്റ്റുകൾ എന്നിവ ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾ നിർവ്വഹിച്ചുവരുന്നു. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തമോ, കൈമാറ്റംചെയ്തു കിട്ടിയതോ അല്ലാത്ത ആസ്തികളുടെ പരിപാലനത്തിനും പുതിയവയുടെ നിർമ്മാണത്തിനും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുക ചെലവഴിക്കുന്നു. പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമുമ്പ് ജില്ലാ ആസൂത്രണ സമിതികൾ അവ വേണ്ടവിധ

Local Fund Audit Department

മുള്ള സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നെങ്കിൽ ഇത്തരം ക്രമവിരുദ്ധമായ പ്രോജക്ടുകൾ ഒഴിവാക്കാൻ കഴിയുമായിരുന്നു.

## 2.14. വികസന അതോറിറ്റികൾ

കേരളത്തിന്റെ തലസ്ഥാന നഗരമായ തിരുവനന്തപുരത്തിന്റേയും, വ്യാവസായിക നഗരമായ കൊച്ചിയുടേയും വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ളതാണ് വികസന അതോറിറ്റികൾ. നഗര വികസനാസൂത്രണം കൂടാതെ ഭവനനിർമ്മാണവും നവീകരണവും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കലും പരിപാലിക്കലും, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി റോഡുകളുടെ നിർമ്മാണവും പരിപാലനവും, വാണിജ്യ സമുച്ചയങ്ങളുടെയും മാർക്കറ്റുകളുടെയും നിർമ്മാണവും പരിപാലനവും വികസന അതോറിറ്റികളുടെ പ്രവർത്തന മേഖലകളാണ്.

എന്നാൽ അതോറിറ്റികളുടെ പ്രധാന തനതുവരുമാന മാർഗ്ഗമായ വാടക ഈടാക്കുന്നതിനും വാടക കുടിശികക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

തിരുവനന്തപുരം വികസന അതോറിറ്റിയിൽ വാർഷിക ബഡ്ജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിലും വീഴ്ചവരുത്തുന്നു. റീജിയണൽ ക്യാൻസർ സെന്ററിലും മെഡിക്കൽ കോളേജിലും ചികിത്സയ്ക്കെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് നൽകാനായി ഹഡ്കോയിൽ നിന്നും വായ്പയെടുത്ത് നിർമ്മിച്ചിട്ടുള്ള വിശ്രമ്സങ്കേത് ട്രിഡയ്ക്ക് വൻ ബാദ്ധ്യതയുണ്ടാക്കിയിട്ടുണ്ട്. വിശ്രമസങ്കേത് ശരിയായവിധം പരിപാലിക്കുന്നതിലെ വീഴ്ചയാണ് ഇതിനുകാരണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അംശാദായം പിരിച്ചെടുക്കുന്നതിലൂടെയും വാടക കുടിശിക പിരിക്കുന്നതിന് ഊർജ്ജിതനടപടി സ്വീകരിക്കുന്നതിലൂടെയും വികസന അതോറിറ്റികൾ നേരിടുന്ന സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഏറെക്കുറെ പരിഹാരം കാണാൻകഴിയും. വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഏകോപിപ്പിച്ച് നടപ്പാക്കുന്നതിൽ വികസന അതോറിറ്റികൾ ക്രിയാത്മകമായ പങ്ക് വഹിക്കേണ്ടതാണ്.

## 2.15. സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്

1961-ൽ ആരംഭിച്ച സംസ്ഥാന സർക്കാരിന്റെ മലയാളം എൻസൈക്ലോ പീഡിയ വകുപ്പ്, 05.11.75 ലെ ജി.ഒ(എം.എസ്)190/75/ഉന്നത വിദ്യാഭ്യാസം എന്ന സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം പ്രസിദ്ധീകരണ സൊസൈറ്റി എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ഒരു സ്വതന്ത്ര സ്ഥാപനമായിമാറി. സർവ്വവിജ്ഞാനകോശത്തിന്റെ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന 20 വാല്യങ്ങളിൽ

Local Fund Audit Department

ആദ്യ 3 വാല്യങ്ങൾ 1976-ഓടെ മലയാളം എൻസൈക്ലോപീഡിയ വകുപ്പ് പ്രസിദ്ധീകരിച്ചു. സർവ്വവിജ്ഞാന കോശത്തിന്റെ നാലുമുതലുള്ള വാല്യങ്ങളും സമാനമായ മറ്റ് വിജ്ഞാന കോശങ്ങളും (പരിസ്ഥിതി വിജ്ഞാനകോശം, പരിണാമ വിജ്ഞാന കോശം, ജോതിശാസ്ത്ര വിജ്ഞാനകോശം തുടങ്ങിയവ) ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു വരുന്നു. ജൂൺ 2008 വരെ സർവ്വവിജ്ഞാന കോശത്തിന്റെ 14 വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാംസ്ക്കാരികകാര്യ (സി) വകുപ്പിന്റെ 19.05.1987-ലെ ജി.ഒ (എം.എസ്) 16/87/സിഎഡി, 22.03.97-ലെ 8857/സി.96/സിഎഡി നമ്പർ സർക്കാർ കത്ത്, ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിവോൾവിംഗ് ഫണ്ട് ചട്ടങ്ങൾ എന്നിവ പ്രകാരം വിജ്ഞാന കോശത്തിന്റെ പുന:പ്രസിദ്ധീകരണ ചെലവുകൾ റിവോൾവിംഗ് ഫണ്ടിൽ നിന്നുമാണ് വഹിക്കേണ്ടത്.

ഒരു വർഷം ഒരു വാല്യം എന്ന സ്ഥാപിത ലക്ഷ്യം കൈവരിക്കുന്നതിനുള്ള ക്രിയാത്മക നടപടി സ്വീകരിച്ചിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ടിന് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള അക്കാഡമിക് വിഭാഗം പ്രവർത്തിക്കുമ്പോഴും പുറത്തുനിന്നുള്ളവരുടെ ലേഖനത്തെ ആശ്രയിക്കുന്നതായി കണ്ടുവരുന്നു. എന്നാൽ യഥാസമയം പുറത്തുനിന്നുള്ളവരുടെ ലേഖനം ലഭിക്കാത്തതാണ് വിജ്ഞാനകോശം പുറത്തിറങ്ങാൻ വൈകുന്നതെന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന് ബൃഹത്തായ അക്കാദമിക്ക് വിഭാഗം ഉണ്ടായിട്ടും പുറത്തുനിന്നുള്ളവരെ ആശ്രയിക്കുന്നത് പാഴ്ചെലവിനും അസാധാരണമായ കാലതാമസത്തിനും കാരണമാകുന്നു. അക്കാദമിക് വിഭാഗം കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് നിശ്ചിത സമയത്തിനുള്ളിൽ വാല്യങ്ങൾ പുറത്തിറക്കാൻ ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടതിന് ശേഷവും കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും ജിവനക്കാരെ താൽക്കാലികമായി നിയോഗിച്ചു വരുന്നുണ്ട്. 18.08.1999-ലെ ജി.ഒ.(പി)35/99/സി.എ.ഡി. പ്രകാരം സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ നിമനങ്ങളെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടിട്ടുള്ളതാണ്. ഇതു സംബന്ധിച്ച സ്പെഷ്യൽ റൂൾസ് നിർമ്മാണ പ്രക്രിയകൾ അവസാനഘട്ടത്തിലുമാണ്. ഇൻസ്റ്റിറ്റ്യൂട്ടിൽ സർക്കാർ അനുമതിയില്ലാതെ തുടരുന്ന തസ്തികകൾ ഉടൻ നിർത്തലാക്കേണ്ടതാണെന്ന് 15.01.2007-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.01/2007/സിഎഡി പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടുണ്ട്. കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രമേ നടത്താവൂയെന്ന് ബഹു.നിയമസഭാ കമ്മിറ്റിയും (ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 2-ാമത് റിപ്പോർട്ട്) നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെ 2007-08 കാലയളവിൽ തന്നെ 10,000/-രൂപ നിരക്കിൽ 8 എഡിറ്റോറിയൽ അസിസ്റ്റന്റ് മാരെയും എൽ.ഡി.സി, പ്യൂൺ, കോപ്പിഹോൾഡർ, ടൈപ്പിസ്റ്റ്, വാച്ചർ തുടങ്ങിയ തസ്തികകളിൽ 10 പേരെയും തുടർച്ച സ്വഭാവത്തിൽ നിയമിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ ലംഘിച്ചുള്ള നിയമനങ്ങളും ചട്ടവിരുദ്ധമായ സ്ഥിരപ്പെടുത്തലുകളും നിർത്തലാക്കേണ്ടതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് സർക്കാർ ഗ്രാന്റ് തികയാതെ വരുമ്പോൾ ഇക്കാര്യത്തിനായി റിവോൾവിംഗ് ഫണ്ടിൽ നിന്നും വായ്പയെടുക്കാൻ ഡയറക്ടർക്ക് അധികാരമുണ്ട്. ഇങ്ങനെ പിൻവലിക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരമാവശ്യമാണ്. മാത്രമല്ല സർക്കാർ ഗ്രാന്റ് കിട്ടുന്ന മുറയ്ക്ക് വായ്പാത്തുക തിരിച്ചടക്കേണ്ടതുമാണ്. വായ്പ തിരിച്ചടവ് പൂർണ്ണമായും പദ്ധതിയേതര ഗ്രാന്റിൽ നിന്നാവണമെന്നും വ്യവസ്ഥയുള്ളതാണ്. എന്നാൽ പദ്ധതിയിനത്തിൽ കൈപ്പറ്റുന്ന ഗ്രാന്റ് തുകയിൽ നിന്നും ചെലവഴിക്കപ്പെടാതെ വരുന്ന തുക വായ്പാ തിരിച്ചടവായി ഒടുക്കുവരുത്തുന്നത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. പദ്ധതിതുക വകമാറ്റി ചെലവഴിക്കുന്ന ഈ നടപടി നിയന്ത്രിക്കേണ്ടതാണ്.

## 2.16. കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ദേശീയതലത്തിൽ സാമൂഹികവും, സാംസ്ക്കാരികവും, വൈകാരികവുമായ ഉന്നമനത്തിന് മലയാള ഭാഷയെ വികസിപ്പിക്കുക, ഭരണഭാഷയെന്ന നിലയിൽ മലയാളത്തെ സജീവമാക്കി ഉപയോഗപ്പെടുത്താൻ സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുക, ഉന്നത ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ മേഖലയുൾപ്പെടെ എല്ലാതലങ്ങളിലും അദ്ധ്യയന ഭാഷയായി മലയാള ഭാഷയെ പ്രയോജനപ്പെടുത്താൻ പ്രവർത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1955-ലെ തിരു-കൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 1968-ൽ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 40 വർഷം പിന്നിടുമ്പോൾ മലയാളഭാഷ തനിമയോടെ നിൽക്കുവാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

18.08.1999 ലെ ജി.ഒ.(പി)35/99/സി.എ.ഡി. പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളെല്ലാം പി.എസ്.സിക്ക് നൽകിയിരുന്നു. തുടർന്ന് 31.10.2000-ലെ 1110/ബി1/2000/സി.എ.ഡി ഉത്തരവിൽ കരാർ നിയമനങ്ങൾ സർക്കാർ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളുവെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ പാലിക്കാതെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നരീതി ചട്ടവിരുദ്ധമാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാന ഓഫീസ്, കോഴിക്കോട് പ്രാദേശിക കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും 14 ജില്ലകളിലും സംഘടിപ്പിക്കുന്ന പുസ്തക പ്രദർശന മേളകൾ ഇൻസ്റ്റിറ്റ്യൂട്ടിന് അധികബാദ്ധ്യതയുണ്ടാക്കുന്നു. കൂടാതെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന മുദ്രണം പ്രസ്സിൽ ആധുനിക സൗകര്യങ്ങളുള്ള മൾട്ടികളർ ഓഫ്സെറ്റ് പ്രസ്സ് സ്ഥാപിക്കേണ്ടതും, വർഷംതോറും സ്വകാര്യ പ്രസ്സിന് നൽകുന്ന അച്ചടിക്കൂലി ഒഴിവാക്കേണ്ടതുമാണ്,

Local Fund Audit Department

മലയാള ഭാഷയെ പരിപോഷിപ്പിക്കാൻ സാംസ്ക്കാരിക വകുപ്പിന്റെ സഹകരണത്തോടെ അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും, മലയാള ഭാഷയെ എല്ലാ തലങ്ങളിലും മുഖ്യധാരയിൽ എത്തിയ്ക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുമാണ്.

## 2.17. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമായി അടയ്ക്കാനുള്ള തുക

ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ വിവിധയിനങ്ങളിൽ സമാഹരിച്ച തുക കേന്ദ്ര-സംസ്ഥാന സർക്കാരിന് അടയ്ക്കാതെ കുടിശ്ശികയായി നിലനിൽക്കുന്നു. വിശദവിവരം പട്ടികയിൽ ചേർക്കുന്നു.

**ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും അടയ്ക്കുവാനുള്ള തുകയുടെ വിവരം (തുക ലക്ഷത്തിൽ)**

| ക്രമ നം. | സ്ഥാപനം | പരിഗണിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | സംസ്ഥാന സർക്കാർ (ഓഡിറ്റ് ഫീ ഒഴികെ) | കേന്ദ്ര സർക്കാർ | ഗ്രന്ഥശാലാവരി | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി | മറ്റിനം |
|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 1297 | 711.08 | 114.20 | 884.18 | 227.19 | 434.73 |
| 2 | ബ്ലോക്ക്പഞ്ചായത്ത് | 169 | 54.32 | 21.08 | - | 15.69 | 12.64 |
| 3 | ജില്ലാപഞ്ചായത്ത് | 18 | 93.42 | 41.91 | - | 22.67 | 31.80 |
| 4 | നഗരസഭ | 70 | 116.70 | 63.07 | 1000.29 | 55.06 | 92.09 |
| 5 | സർവ്വകലാശാല | 5 | 22.07 | 44.20 | - | 6.51 | - |
| 6 | മറ്റുസ്ഥാപനങ്ങൾ | 636 | 2783.93 | 81.10 | - | 27.81 | 1125.32 |
| | ആകെ | 2195 | 3781.52 | 365.56 | 1884.47 | 354.93 | 1696.58 |

✧✧✧✧✧✧

Local Fund Audit Department

### അദ്ധ്യായം-3

# ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3.1. വരവിനങ്ങളിലെ നഷ്ടം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധാന വരുമാന സ്രോതസായ നികുതികൾ, ലേലം, വാടക എന്നിവ പിരിച്ചെടുക്കുന്നതിലും പരിപാലിക്കുന്നതിലും ഉദ്യോഗസ്ഥർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. കൂടാതെ വികസന അതോറിറ്റികൾ, ഭവനനിർമ്മാണബോർഡ് എന്നിവിടങ്ങളിലും ഭീമമായ തുക വരുമാനത്തിൽ കുടിശികയായുണ്ട്. പദ്ധതി ഫണ്ടിന്റെ ലഭ്യതയും, പദ്ധതികൾ സാമ്പത്തിക വർഷത്തിൽതന്നെ നടപ്പിലാക്കാനുള്ള വ്യഗ്രതയും കാരണം നികുതികളും മറ്റ് വരവ്തുകകളും സ്വരൂപിക്കുന്നതിൽ അധികാരികൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ഇത് തനതുവരുമാനത്തിന് ഭീമമായ നഷ്ടം ഉണ്ടാക്കുന്നു. പുതിയ ധനസ്രോതസ്സുകൾ കണ്ടെത്തി പ്രാദേശിക ഭരണ സംവിധാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തനതുവരുമാനത്തിൽ ഭീമമായ നഷ്ടം സംഭവിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 3.1.1. ഏലൂർ ഗ്രാമപഞ്ചായത്ത് – എറണാകുളം ജില്ല

#### *3.1.1.(i) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-വാടക നൽകാതെ സ്വകാര്യ വ്യക്തി കടമുറികൾകൈവശം വെച്ചിരിക്കുന്നു*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-5*

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള മഞ്ഞുമ്മൽ ഷോപ്പിംഗ് കോംപ്ലക്സിലെ 12/201 എ, 12/201 ബി എന്നീ കടമുറികൾ 01.04.02-ൽ പ്രതിമാസ വാടക യഥാക്രമം 1910/-, 1625/- എന്നീ നിരക്കുകളിൽ ശ്രീമതി.ടെസ്സി റാഫേൽ വലിയവേലിക്കകത്ത് എന്നയാൾ ലേലംകൊണ്ടു. എന്നാൽ കരാർ എഴുതാതെ 01.01.2003-നും 27.06.03-നും താക്കോൽ കൈമാറുകയുണ്ടായി. ലേല നിബന്ധന പ്രകാരം ലേലം കൊണ്ടയാൾ മുറികളുടെ പ്രതിമാസ വാടക അതാതുമാസം അഞ്ചാം തീയതിയ്ക്കുമുമ്പായി പഞ്ചായത്ത് ഓഫീസിൽ അടയ്ക്കേണ്ടതാണ്. എന്നാൽ ലേല കാലാവധി തീരുന്നതു വരേയും ഒരു ഗഡുപോലും വാടകക്കാരി പഞ്ചായത്തിൽ അടച്ചില്ല. കരുതൽ

Local Fund Audit Department

നിക്ഷേപമിനത്തിൽ തുക അടവാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനത്തിൽനിന്നും വാടക ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. ലേല നിബന്ധന പ്രകാരം വാടക ഓരോ മാസവും അഞ്ചാം തീയതിയ്ക്കുമുമ്പ് അടയ്ക്കുന്നില്ല എങ്കിൽ 18% പിഴപലിശ കൂടി ഈടാക്കേണ്ടതായിരുന്നു. പക്ഷേ പഞ്ചായത്ത് അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ലേലനിബന്ധന പ്രകാരം നിലവിലുള്ള വാടകയിനത്തിലോ മറ്റോ വീഴ്ച വരുത്തിയ വരെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. 2003 ജനുവരിയിൽ കടമുറി ഏറ്റെടുത്തതിനുശേഷം യാതൊരു വാടകയും നൽകാതിരുന്ന വ്യക്തിക്കുതന്നെ 2003 6- ാം മാസം അടുത്ത കടമുറിയുടെ താക്കോൽ കൈമാറിയത് പഞ്ചായത്ത് അധികൃത രുടെ അനാസ്ഥയാണ്. ലേലനിബന്ധന പ്രകാരം മുറികൾ കൈവശം വയ്ക്കുന്നതി നുള്ള അവകാശം പരമാവധി മൂന്ന് വർഷമായിരുന്നിട്ടും കാലാവധി അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും കടമുറികൾ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാതിരു ന്നത് പഞ്ചായത്ത് അധികാരികളുടെ ഗുരുതരമായ കൃത്യവിലോപമാണ്. വാടകകരാർ രജിസ്റ്റർ ചെയ്യാതെ കടകളുടെ താക്കോൽ കൈമാറിയത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ലേലം ഉറപ്പിച്ചുകഴിഞ്ഞ് സെക്ഷൻ നോട്ടീസ് അയച്ച് ഏഴ് ദിവസത്തിനകം കരുതൽ നിക്ഷേപമടച്ച് കരാർ ഒപ്പുവച്ചില്ലെ ങ്കിൽ ലേലം ഒഴിവാക്കേണ്ടതാണെന്നുള്ള വ്യവസ്ഥ പ്രകാരമുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. പകരം 16.08.2007-ൽ പഞ്ചായത്ത് വാടകക്കാരിയുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് 50,000/-രൂപ വാടകക്കാരി അടച്ചിട്ടുണ്ട്. മേൽപറഞ്ഞ സാഹചര്യത്തിൽ നാളിതുവരെ വാടകയിനത്തിൽ കുടിശ്ശികവന്ന 1,96,764/-രൂപയിൽ വാടകക്കാരി അടച്ച 50,000/-രൂപ കിഴിച്ച് ബാക്കി 1,46,764/-രൂപ അടയ്ക്കുന്ന തീയതി വരെ 18% പിഴപലിശ നിരക്കിൽ വാടകക്കാരിയിൽനിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറി ശ്രീ.പി.കെ.പ്രഭാകരനിൽനിന്ന് വാടക പിഴപലിശ സഹിതം ഈടാക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ.പി.കെ.പ്രഭാകരൻ, സെക്രട്ടറി.*

## 3.1.2. സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്– വയനാട് ജില്ല

### *3.1.2.( i). കെട്ടിട വാടക പിരിവ് - അപാകതകൾ*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-6*

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയുടെ 2006-07 സാമ്പത്തിക വർഷത്തെ വാടക പിരിവ് പരിശോധിച്ചതിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

### 3.1.2.(i)(എ). വാടകക്കാരുമായി കൃത്യമായ എഗ്രിമെന്റിൽ ഏർപ്പെടുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് ഏറ്റെടുക്കുന്ന വ്യക്തികളുമായി കൃത്യമായ എഗ്രിമെന്റിൽ ഏർപ്പെടുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് വീഴ്ചവന്നതായി

Local Fund Audit Department

കാണുന്നു. മുറി വാടകയ്ക്ക് ഏറ്റെടുക്കുന്നവർ പാലിക്കേണ്ടുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വ്യക്തമായ എഗ്രിമെന്റിൽ ഏർപ്പെടുകയും, വ്യവസ്ഥകൾ ലംഘിക്കുന്ന വാടകക്കാർക്കെതിരെ നടപടിയെടുക്കുകയും ചെയ്യുന്നതിന്പകരം വാടകക്കാരിൽനിന്ന് കാലിയായ മുദ്രപത്രങ്ങൾ വാങ്ങിവയ്ക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. കെട്ടിട വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് ഓരോവർഷവും വൻതുകകൾ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്നുവെന്നിരിക്കെ വാടകക്കാരുമായി കൃത്യമായ എഗ്രിമെന്റിൽ ഏർപ്പെടാതിരിക്കുന്നത് കുടിശ്ശികക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് തടസ്സമായിതീരും. ആയതിനാൽ ഈ പ്രവണത ഒഴിവാക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ശ്രീ.കെ.സി.വേണുഗോപാലൻ നായർ,
28/2672, നിശാഗന്ധി, നെല്ലിക്കോട്.പി.ഒ,
കോഴിക്കോട്.

### 3.1.2.(i)(ബി). വാടക കുടിശ്ശിക പിരിച്ചെടുക്കുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ വാടക കുടിശ്ശിക പിരിവ് സംബന്ധിച്ച ഏറ്റവും പുതിയ കണക്കുകൾ (31.07.2009) പ്രകാരം ചുവടെ ചേർക്കുന്ന വിധത്തിൽ കുടിശ്ശികകൾ അവശേഷിക്കുന്നതായി കാണുന്നു.

| | | |
|---|---|---|
| 1985-86 മുതൽ 2002-03 വരെ | - | 1241857 |
| 2003-04 | - | 443925 |
| 2004-05 | - | 290720 |
| 2005-06 | - | 52152 |
| 2006-07 | - | 7008 |
| | | 2035662 |
| | | ======= |

ഈ തുകയിൽ 2005-06 സാമ്പത്തിക വർഷം വരെയുള്ള നിലവിൽ കാലഹരണപ്പെട്ട 2028654/-രൂപ സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ളതാണ്. 2006-07 സാമ്പത്തിക വർഷത്തെ കുടിശ്ശികയായ 7008/-രൂപ (ശശികല ഉണ്ണികൃഷ്ണൻ - ലൈബ്രറി ബിൽഡിംഗ് സ്റ്റേർകേസ് റൂം) 2010 മാർച്ച് 31 ഓടുകൂടി കാലഹരണപ്പെട്ട തുകകളിൽ ഉൾപ്പെടുകയും നിയമനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരികയും ചെയ്യുമെന്നത് കൊണ്ട് ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ശ്രീ.കെ.സി.വേണുഗോപാലൻ നായർ, 28/2672,
നിശാഗന്ധി, നെല്ലിക്കോട്.പി.ഒ, കോഴിക്കോട്.



Local Fund Audit Department

## 3.1.2.(ii). ചട്ടങ്ങൾക്ക് വിരുദ്ധമായി വാടക തുകയിൽ ഇളവ് അനുവദിക്കൽ - തനത് വരുമാനത്തിൽ ഭീമമായ നഷ്ടം

*ഓഡിറ്റ് റിപ്പോർട്ട് വർഷം: : 2006-07, ഖണ്ഡിക നമ്പർ: 2-7*

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും, വിവിധ വ്യക്തികൾ നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവശം വെച്ചുവരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടകയിനത്തിൽ ലേലവ്യവസ്ഥകൾക്കും, 1998-ലെ കേരള പഞ്ചായത്ത്രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ ചട്ടം) വ്യവസ്ഥകൾക്കും വിരുദ്ധമായി ഇളവ് അനുവദിച്ചുകൊടുത്തതിൽ പഞ്ചായത്തിന് തനത് വരുമാനത്തിൽ ഭീമമായ നഷ്ടം സംഭവിച്ചു. ഇളവ് അനുവദിക്കൽമൂലം തുടർവർഷങ്ങളിൽ ഉണ്ടായ ആവർത്തന നഷ്ടം 464376/-രൂപയാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.കെ.സി.വേണുഗോപാലൻ നായർ,
28/2672, നിശാഗന്ധി, നെല്ലിക്കോട്.പി.ഒ,
കോഴിക്കോട്.

## 3.1.2.(iii). നിഷ്ക്രിയ ആസ്തികൾ പെരുകുന്നത് - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

*ഓഡിറ്റ് റിപ്പോർട്ട് വർഷം:: 2006-07, ഖണ്ഡിക നമ്പർ: 3-5*

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് ലക്ഷങ്ങൾ മുടക്കി സൃഷ്ടിച്ച ആസ്തികളിൽ പലതും യാതൊരു വരുമാനവും ലഭ്യമാകാതെയും, പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെയും കിടക്കുന്നതായി ഓഡിറ്റിൽ കാണുകയുണ്ടായി. ഇതിൽ പ്രധാനപ്പെട്ടതും, വർഷങ്ങളായി പണിതിട്ടും പ്രയോജനം ലഭിക്കാത്തതുമായ ഒരു ആസ്തിയാണ് ആധുനിക അറവുശാല സംബന്ധിച്ചത്. സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിലെ 208/2എ, 210, 211 സർവ്വേ നമ്പറുകളിലെ 2.75 ഏക്കർ ഭൂമിയിൽ പണിതിട്ടുള്ളതും 378 എം2 വിസ്തീർണ്ണമുള്ളതുമായ അറവുശാല നാളിതുവരെ പ്രവർത്തിപ്പിച്ചതായോ ഈയിനത്തിൽ വരുമാനം ലഭിക്കുന്നതായോ കാണുന്നില്ല. 18.07.2000-ലെ 60(1)-ാം നമ്പർ തീരുമാന പ്രകാരം "ചുറ്റുമതിലും, കമ്പിവേലിയും, ഗേറ്റും, മാലിന്യങ്ങൾ സംസ്കരിക്കുവാനുള്ള കമ്പോസ്റ്റ്കുഴി, മുറ്റവും റോഡും റിപ്പയർ, കറണ്ട് കണക്ഷൻ, ജലവിതരണ സംവിധാനം" എന്നിവ ഏർപ്പെടുത്തി അറവുശാല തുറന്നുപ്രവർത്തിപ്പിക്കാനും മേൽപ്രവൃത്തിക്കായി തനത്ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തി, ഗുണഭോക്തൃ കമ്മിറ്റിവഴി പ്രവൃത്തി നടത്തിക്കുവാനും തീരുമാനം എടുത്തതായി കാണുന്നു. കമ്മിറ്റി രൂപീകരിച്ച് പ്രവൃത്തി നടത്തുവാൻ കൺവീനറായ ശ്രീ.പി.ടി.ജയിംസ് എന്ന വ്യക്തിയെ നിശ്ചയിച്ചതായും ടിയാൻ ചെക്ക് നമ്പർ 873690 തീയതി 29.01.2002 പ്രകാരം ഒരു ലക്ഷം രൂപ അഡ്വാൻസ് കൈപ്പറ്റിയതായും കാണുന്നു. എന്നാൽ മേൽപ്രവൃത്തികൾ നടത്തിയതു



Local Fund Audit Department

സംബന്ധിച്ചോ, അറവുശാല തുറന്നു പ്രവർത്തനം ആരംഭിച്ചതു സംബന്ധിച്ചോ യാതൊരു വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രസ്താവിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നം.10/2005-06, 2006-07/കെ.എസ്./09 തീയതി: 26.08.2009-ന് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

2004-05-ൽ വി.വി.ജോൺ എന്ന കോൺട്രാക്ടർ (ബിൽ നം.02/2005-06) അറവുശാലയുടെ അനുബന്ധ പ്രവൃത്തികൾ നിർവ്വഹിച്ചതിന് 2,54,340/-രൂപ കൈപ്പറ്റിയതായി കാണുന്നു. (ഇതു സംബന്ധിച്ച ഫയലുകൾ, അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല) ഗുണഭോക്തൃ കമ്മിറ്റിവഴി നിർവ്വഹിക്കുവാൻ ഉദ്ദേശിച്ച് കൺവീനർ ശ്രീ.പി.ടി.ജയിംസ് കൈപ്പറ്റിയ അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച അറവുശാല പ്രയോജന രഹിതമായി കിടക്കുന്നതിന്പുറമെ 28074/-രൂപ വീതം വൈദ്യുതി ചാർജിനത്തിൽ നിലവിൽ ഒടുക്കിവരുകയും ചെയ്യുന്നു. മാത്രവുമല്ല അറവുശാല നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡബ്ല്യു.പി.(സി) നം.21312/06, 2009 ആഗസ്റ്റ് 10-ാം തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് അനുസരിച്ച് മാത്രമെ അറവുശാലയുടെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കാനും പറ്റുകയുള്ളൂ. മേൽ വസ്തുതകളുടെയെല്ലാം പശ്ചാത്തലത്തിൽ പൊതുമുതൽ പ്രയോജനരഹിതമായി തീർന്നത് സംബന്ധിച്ചും ഓഡിറ്റിൽ ആവശ്യമായ രേഖകൾ/ വിവരങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ചും ഉചിത നടപടികൾക്കായി ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.കെ.സി.വേണുഗോപാലൻ നായർ,
28/2672, നിശാഗന്ധി, നെല്ലിക്കോട്.പി.ഒ,
കോഴിക്കോട്.

## 3.1.3. തിരുവനന്തപുരം നഗരസഭ – തിരുവനന്തപുരം ജില്ല

### *3.1.3.(i). ഗാന്ധിപാർക്ക് ലേലം-കരാറുകാരൻ ലേലത്തുക അടച്ചില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2.9.1*

ഗാന്ധിപാർക്ക് പാർക്കിംഗ് ഏരിയയുടെ 2007-08 വർഷത്തെ ഫീസ്പിരിവ് 10,60,000/-രൂപയ്ക്ക് ശ്രീ.പി.പ്രകാശ് എന്ന വ്യക്തി ലേലംകൊണ്ടു. ലേലത്തുകയുടെ മുന്നിലൊന്ന് തുക അറിയിപ്പ് കിട്ടി രണ്ട് ദിവസത്തിനകം അടയ്ക്കുവാനും ബാക്കി തുക രണ്ടു തുല്യ ഗഡുക്കളായി 2007 ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ 11-ാം തീയതിക്കകം അടയ്ക്കാനും വ്യവസ്ഥ ചെയ്തിരുന്നു. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ലേല അടങ്കലിന് തുല്യമായ തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടി/സോൾവൻസി സർട്ടിഫിക്കറ്റും 50 രൂപ മുദ്രപത്രത്തിലുള്ള കരാറും ഹാജരാക്കാൻ നിർദ്ദേശിച്ചു. ലേലത്തുകയുടെ

Local Fund Audit Department

മൂന്നിലൊന്നായ 3,53,500/-രൂപ 22.02.07-ൽ തന്നെ അടച്ചെങ്കിലും നഗരസഭാ സെക്രട്ടറിയുമായി ഉടമ്പടിയിലൊപ്പുവയ്ക്കാതെ തന്നെ പാർക്കിംഗ് ഫീസ്പിരിച്ചു വന്നു. ബാങ്ക് ഗ്യാരണ്ടി, കരാർ ഉടമ്പടിപത്രം എന്നിവ ഹാജരാക്കുന്നതിനുള്ള സമയ പരിധി കരാറുകാരന്റെ ആവശ്യപ്രകാരം നിരവധിതവണ നീട്ടിക്കൊടുത്തതായും 04.05.2007 വരെ അവ ഹാജരാക്കിയിട്ടില്ലെന്നും റവന്യൂ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. പാർട്ട് പേമെന്റായി 50,000/-രൂപയും രണ്ടാം ഗഡു ലേലതുകയായി 3,03,333/-രൂപ പിഴപലിശയിനത്തിൽ 6067/-രൂപ എന്നിവ 30.07.2007-ൽ കരാറുകാരൻ ഒടുക്കിയിട്ടുണ്ട്. കരാർപത്രം ഹാജരാക്കാതിരിക്കുകയും മൂന്നാംഗഡുതുക ഓഗസ്റ്റ് അടയ്ക്കാതിരിക്കുകയും ചെയ്യുന്നപക്ഷം കരാർ റദ്ദു ചെയ്യുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം ചെയ്യുന്നതാണെന്നും 29.10.07-ൽ റവന്യൂ ഓഫീസർ നോട്ടീസ് നൽകിയതിനെ തുടർന്ന് കരാറുകാരൻ 21.11.2007-ൽ നഗരസഭാ സെക്രട്ടറിയുമായി മുൻതീയതി വച്ച് കരാർ ഒപ്പിടുകയായിരുന്നുവെന്ന് നഗരസഭാ സെക്രട്ടറിതന്നെ വസ്തുതാവിവരണപട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. മൂന്നാം ഗഡുവായി അടയ്ക്കേണ്ടതിൽ 60,000/-രൂപ 14.12.07-ലും 63,000/-രൂപ 31.12.07-ലും ഒടുക്കുവരുത്തി. മൂന്നാം ഗഡുവിൽ ബാക്കിയുള്ള 2,30,334/-രൂപയും 2007 ആഗസ്റ്റ് 11 മുതൽ ലഭിക്കേണ്ട പിഴപ്പലിശയും ചേർത്ത് കരാറുകാരനിൽ നിന്നോ യഥാസമയം കരാർ ഒപ്പിടുന്നതിലും ഈ തുക ഈടാക്കുന്നതിലും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u> ശ്രീമതി.എസ്.ഇന്ദിരാമ്മ (റവന്യൂ ഓഫീസർ)*
*റ്റി.സി.7/1972(1), ചിത്രാനഗർ, പാങ്ങോട്, തിരുമല.പി.ഒ.*

## 3.1.4. കോട്ടയം നഗരസഭ – കോട്ടയം ജില്ല

### *3.1.4.(i). മുൻകാല പ്രാബല്യത്തിൽ വാടകച്ചീട്ട് പുതുക്കൽ വാടക കുടിശ്ശിക ഈടാക്കാത്തത്-നഷ്ടം*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07(വരവ്-ചെലവ്), ഖണ്ഡിക നം: 2-3-3</u>*

വാടകച്ചീട്ടിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതുക്കാത്ത ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ/സ്റ്റാളുകൾ/ബങ്കുകൾ വാടകക്കാർ അനധികൃതമായി കൈവശം വച്ചനുഭവിക്കുന്നത് മുനിസിപ്പാലിറ്റിയിൽ ഒരു സാധാരണ സംഭവമാണ്. അനധികൃതമായി മുറി കൈവശം വച്ചിരിക്കുന്നവർക്ക് പിന്നീട് വാടക കാലാവധി മുൻകാല പ്രാബല്യത്തിൽ ദീർഘിപ്പിച്ചു നൽകുന്നതിന് മുനിസിപ്പൽ കൗൺസിൽ അനുമതി നൽകു കയും ചെയ്യുന്നു. ഇപ്രകാരം മുൻകാല പ്രാബല്യത്തിൽ വാടകച്ചീട്ടു പുതുക്കിയതിനാലും മുറികളുടെ വാടക കുടിശ്ശിക പൂർണ്ണതോതിൽ ഈടാക്കാത്തതിനാലും മുനിസിപ്പൽ ഫണ്ടിന് 2,62,665/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. 01.01.2006, 14.11.06 തീയതികളിലെ ജി.1-10423/03 നമ്പർ ഓഫീസ് ജോലിവിഭജന ഉത്തരവു പ്രകാരം രജിസ്റ്ററുകളുടെ കൃത്യത പരിശോധിക്കൽ (കീഴ് ജീവനക്കാരായ ക്ലാർക്കുമാർ



Local Fund Audit Department

തയ്യാറാക്കുന്ന ഡി.സി.ബി. പരിശോധിക്കുന്നത് ഉൾപ്പെടെ) റവന്യൂ സൂപ്രണ്ടിന്റെ ഉത്തരവാദിത്വമാകയാൽ ഈ ഇനത്തിൽ നഷ്ടമായ 2,62,665/-രൂപ അദ്ദേഹത്തിൽ നിന്നും വസൂലാക്കി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും*

| | | |
|---|---|---|
| 1.ശ്രീമതി.ലാലി.പി.ഐപ്പ്, റവന്യൂ സൂപ്രണ്ട്, | | |
| പാടത്തറ, മണർകാട്.പി.ഒ, കോട്ടയം. | - | 22,167/-രൂപ. |
| 2. ശ്രീ.കെ.മധുസൂദനൻ നായർ, റവന്യൂസൂപ്രണ്ട്, | | |
| വാകനാനിൽ വീട്, കടയനിക്കാട്, കങ്ങഴ.പി.ഒ. | - | 2,40,498/-രൂപ |
| ആകെ | | 2,62,665/-രൂപ |
| | | ======= |

## 3.1.5. അങ്കമാലി നഗരസഭ – എറണാകുളം ജില്ല

### *3.1.5.(i). മാർക്കറ്റ് കോംപ്ലക്സ് - വൻ വാടക കുടിശ്ശിക സംബന്ധിച്ച്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-6*

നഗരസഭയുടെ മാർക്കറ്റ് കോംപ്ലക്സിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതു പ്രകാരം ഭീമമായ തുക വാടകകുടിശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നു. 04.06.2003 മുതൽ പല തീയതികളിലായിട്ടാണ് ലേലം നടത്തിയിരിയ്ക്കുന്നത്. 2004 ജൂൺ മുതൽ 21-ാം തീയതി മുതൽ മുറികൾ ഏറ്റെടുത്തിരിക്കുന്നതായും കാണുന്നു. ഇപ്രകാരം മുറികൾ ഏറ്റെടുക്കുന്നതിന് ഒരു വർഷത്തെ കാലതാമസം വന്നത് വിശദീകരിക്കേണ്ടതാണ്. ഓരോ മുറിക്കും നിശ്ചിത തുക മിനിമം ഡെപ്പോസിറ്റായും ആറുമാസത്തെ വാടക തുക അഡ്വാൻസായും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതുപ്രകാരം നാളിതുവരെ ഒരു മാസത്തെ പോലും വാടക അടയ്ക്കാത്ത പല മുറികളും ഉപയോഗത്തിലുള്ളതായി കാണുന്നു. ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം 2006-07-ലെ വാടകയിനത്തിലെ കുടിശിക 22,31,574/-രൂപയാണ്. തന്നെയുമല്ല ഡെപ്പോസിറ്റ് ഇനത്തിൽ 2004-05 വർഷത്തിൽ ഏതാണ്ട് അരക്കോടിയോളം രൂപ മുനിസിപ്പൽ ഫണ്ടിൽ അടവ് വരാനുണ്ട്. ഇപ്രകാരം വാടക അടക്കാതെ വാടകക്കാരെ തുടരാൻ അനുവദിച്ചത് ചട്ടവിരുദ്ധമാണ്. ഡെപ്പോസിറ്റ് തുക അടവാക്കാതെയും മുറികളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിന് അനുവാദം നൽകിയത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കുടിശിക വരുത്തിയവർക്ക് ലൈസൻസ് നൽകാതെ ഒഴിവാക്കി പുനർലേലം നടത്തേണ്ടതായിരുന്നു. ഇപ്രകാരം സംഭവിക്കാനുള്ള കാരണങ്ങളെപ്പറ്റി സമഗ്രമായ ഒരന്വേഷണത്തിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.വി.വി.സത്യവാൻ, വെട്ടംതറ വീട്,
ചെങ്ങൽ, കാലടി.പി.ഒ, എറണാകുളം.

Local Fund Audit Department

## 3.1.6. തൃശ്ശൂർ നഗരസഭ – തൃശ്ശൂർ ജില്ല

### *3.1.6.(i). നഗരസഭാ വക കെട്ടിടം - ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ അപാകതകൾ*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 2-12*

തൃശ്ശൂർ നഗരസഭവക റൗണ്ട് നോർത്തിലുള്ള ബിനി ടൂറിസ്റ്റ് ഹോം 5 വർഷത്തേയ്ക്ക് ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിന് ഉയർന്ന നിരക്ക് പ്രതിമാസം 8,19,000/-രൂപ വാടക ക്വാട്ട് ചെയ്ത് ടെണ്ടർ ലഭിച്ച ശ്രീ. വി.എ.ഡാനി, S/o ശ്രീ.വി.കെ.അശോകൻ ടൂറിസ്റ്റ് ഹോം ഏറ്റെടുക്കാത്തതിനെ തുടർന്ന് ഏറ്റവും അടുത്ത അധിക നിരക്കായ 6,19,000/-രൂപ (ആറു ലക്ഷത്തി പത്തൊമ്പതിനായിരം) ക്വാട്ട്ചെയ്ത ശ്രീമതി.ഓമന അശോകൻ, W/o. വി.കെ.അശോകന്റെ ടെണ്ടർ 29.10.2002-ലെ കൗൺസിൽ യോഗം അംഗീകരിച്ചു. തുടർന്ന് 07.02.2003 മുതൽ ലൈസൻസി ബിനി ടൂറിസ്റ്റ് ഹോം ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു. ഇക്കാര്യത്തിൽ താഴെ ചേർത്തിരിക്കുന്ന തടസ്സവാദങ്ങൾ ഓഡിറ്റിൽ ഉന്നയിക്കുകയുണ്ടായി.

1. പ്രതിമാസം 8,19,000/-രൂപ ക്വാട്ട് ചെയ്ത വ്യക്തി ടൂറിസ്റ്റ് ഹോം ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പുതിയ ടെണ്ടർ ശ്രീ.വി.എ.ഡാനിയുടെ നഷ്ടോത്തരവാദിത്വത്തിൽ വിളിയ്ക്കാതെ ടിയാളുടെ അമ്മയ്ക്ക് വളരെയധികം കുറഞ്ഞ നിരക്കായ 6,21,000/-രൂപ നിരക്കിൽ ടൂറിസ്റ്റ് ഹോം കൈമാറാനിടവന്നത് ശരിയല്ല.
2. ടെണ്ടർ വ്യവസ്ഥ പ്രകാരം നഗരസഭ ബാധ്യസ്ഥമല്ലായിരിക്കെ അറ്റകുറ്റപണി കൾക്കു വേണ്ടി ലൈസൻസി ഫീ ആയ 6,21,000/-രൂപയുടെ 10% കുറച്ച് 5,58,900/-രൂപ മാത്രം വാടക യിനത്തിൽ ഈടാക്കാനിടവന്നത് ക്രമവിരുദ്ധമാണ്.
3. ഉടമ്പടി തയ്യാറാക്കിയിട്ടുള്ളതും ഒപ്പുവെച്ചിട്ടുള്ളതും ടെണ്ടർ വ്യവസ്ഥകൾ മുഴുവനും ഉൾപ്പെടുത്താതെയാണ്. ഒരുവർഷത്തെ ലൈസൻസ് ഫീസിനു തുല്യമായ ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കുന്നതിൽ ലെസൻസി വീഴ്ച വരുത്തിയിട്ടുമുണ്ട്.

## 3.1.7. കോഴിക്കോട് നഗരസഭ – കോഴിക്കോട് ജില്ല

### *3.1.7.(i).തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2-3(2)*

Local Fund Audit Department

2005-ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 3, 1-ാം ഉപചട്ടത്തിന്റെ പരിധിയിൽ വരാത്ത സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും കമ്പനികളെയും ബിസിനസ് നടത്തുന്നവരെയും തൊഴിൽനികുതി ചുമത്തേണ്ട ആവശ്യത്തിനായി ഏതെല്ലാം വിഭാഗങ്ങളായി തരംതിരിക്കണമെന്നുള്ളതും, ഓരോ വിഭാഗത്തിനും ചുമത്താവുന്ന പരമാവധി അർദ്ധവാർഷിക നികുതി 1250/- രൂപയായിരിക്കുമെന്നും ചട്ടം 3, 2-ാം ഉപചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിഭാഗങ്ങളുടെ നികുതി ഈടാക്കാൻ തൊഴിൽനികുതി ചട്ടം 4(2), 4(3) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വർഷങ്ങളായി നികുതി, കോഴിക്കോട് നഗരസഭ സെക്രട്ടറി സ്വയം നിർണ്ണയിക്കുകയാണ്. ഇതുമൂലം നഗരസഭയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന നഷ്ടം തടയേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:</u>* ശ്രീ.പി.സുരേശൻ, റവന്യൂ ഓഫീസർ,
റോഷ്ന ഹൗസ്, അഴിഞ്ഞിലം.പി.ഒ,
ഫാറൂഖ് കോളേജ്, കോഴിക്കോട്.

*<u>മേൽ നോട്ടച്ചുമതല:</u>*

1. ശ്രീ.ടി.കെ.രവീന്ദ്രൻ, സെക്രട്ടറി,
   നിർമ്മാല്യം, ഉദയകുറുമ്പ ക്ഷേത്രത്തിനുസമീപം,
   കാരപ്പറമ്പ്, കോഴിക്കോട്- 673010
2. ശ്രീ.വി.കെ.പ്രതാപചന്ദ്രൻ, .വികസനവിഭാഗം
   സെക്രട്ടറി, (സെക്രട്ടറി ഇൻചാർജ്),
   റോഷൻലെയിൻ, ബാനർജി റോഡ്, കൊച്ചിൻ.

### *3.1.7.(ii) നഗരസഭാ കെട്ടിടങ്ങൾ ലൈസൻസ് ഫീ വ്യവസ്ഥയിൽ നൽകുന്നത് - യഥാസമയം ലൈസൻസ് ഫീ പുതുക്കാതെയും കരാർ ചമക്കാതെയും മുറികൾ കൈവശം വെക്കുന്നതിന് അവസരം നൽകുന്നു*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2-4</u>*

നഗരസഭയുടെ അധീനതയിലുള്ള വിവിധ കെട്ടിടങ്ങളിലെ മുറികൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ ലേലം നടത്തി അനുവദിക്കുന്നുണ്ട്. 3 വർഷം കൂടുമ്പോൾ ഫീസിനത്തിൽ 20% വർദ്ധനവ് വരുത്തി ലൈസൻസ് പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്. എന്നാൽ യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമക്കാതെയുമുള്ള 27 കേസുകൾ ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. കരാർ ചമക്കാതെ മുറികൾ വ്യക്തികൾക്ക് കൈവശം നൽകുന്നത് നഗരസഭയുടെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധവും അനാവശ്യ നിയമപ്രശ്നങ്ങൾക്ക് ഇടവരികയും, സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട വരുമാന നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നു.

Local Fund Audit Department

യഥാസമയം ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്താത്തതിനാൽ ലൈസൻസ് ഫീസ്, അധിക ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലും നഗരസഭയ്ക്ക് വരുമാനനഷ്ടമുണ്ടാകുന്നുണ്ട്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:</u>* ശ്രീ.പി.സുരേശൻ, റവന്യൂ ഓഫീസർ, റാഷ്ന ഹൗസ്, അഴിഞ്ഞിലം.പി.ഒ, ഫാറൂഖ് കോളേജ്, കോഴിക്കോട്.

*<u>മേൽ നോട്ടച്ചുമതല:</u>*

1. ശ്രീ.ടി.കെ.രവീന്ദ്രൻ, സെക്രട്ടറി, നിർമ്മാല്യം, ഉദയകുറുമ്പ ക്ഷേത്രത്തിനുസമീപം, കാരപ്പറമ്പ്, കോഴിക്കോട്- 673010
2. ശ്രീ.വി.കെ.പ്രതാപചന്ദ്രൻ,വികസനവിഭാഗം സെക്രട്ടറി, (സെക്രട്ടറി ഇൻചാർജ്), റോഷൻ ലെയിൻ, ബാനൽജി റോഡ്, കൊച്ചിൻ.

## 3.1.8. കണ്ണൂർ നഗരസഭ – കണ്ണൂർ ജില്ല

### *3.1.8.(i). വസ്തുനികുതി തെറ്റായി അസസ് ചെയ്തതിൽ നഗരസഭയ്ക്ക് ഭീമമായ നഷ്ടം*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 2-3</u>*

2007-08 സാമ്പത്തിക വർഷം വസ്തുനികുതി തെറ്റായ രീതിയിൽ നിർണ്ണയിച്ച തിന്റെ ഫലമായി 30.11.2009 വരെ വസ്തുനികുതി ഇനത്തിൽ 69,45,802/-രൂപ നഗര സഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്. 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 233, 234 എന്നിവയിലും, അവയുടെ ഉപവകുപ്പുകളിലും നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ മൊത്തം വാർഷിക വാടക മൂല്യത്തിന് നികുതി കണക്കാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ കാലപ്പഴക്കത്തിനനുസരിച്ച് മാത്രമേ ഇളവുകൾ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ നഗരസഭയിൽ 2007-08 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ താമസത്തിന് വേണ്ടിയുള്ള കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ 20%വും, ആകെ വാർഷിക മൂല്യത്തിന് വീണ്ടും 20%-വും ഇളവ് നൽകിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. വാടകയ്ക്കും, മറ്റാവശ്യ ങ്ങൾക്കും നൽകിയ കെട്ടിടങ്ങൾക്ക് കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ 20% ഇളവും നൽകിയിട്ടുണ്ട്. ഇത്തരം ഇളവുകൾ നൽകുന്നതിന് നിയമം അനുശാസി ക്കുന്നില്ല. മാത്രമല്ല 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 234 (3) പ്രകാരം വാടകയ്ക്കും മറ്റ് ആവശ്യങ്ങൾക്കും നൽകിയ കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യാടിസ്ഥാനത്തിൽ അസസ്ചെയ്ത നികുതിയുടെ 25% കൂട്ടിചേർത്ത് ആകെ നികുതി നിശ്ചയിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ടല്ല 2007-08 സാമ്പത്തിക വർഷം നഗരസഭ നികുതി നിശ്ചയിച്ചത്. ഇത്തരത്തിൽ തെറ്റായ രീതിയിൽ നികുതി നിശ്ചയിച്ചു നൽകിയതിനാൽ 30.11.2009 വരെ നഗരസഭയ്ക്ക് 69,45,802/-രൂപ വസ്തുനികുതി

Local Fund Audit Department

ഇനത്തിൽ നഷ്ടമായിട്ടുണ്ട്. ഗ്രന്ഥശാലാവരി ഇനത്തിൽ 68,792/-രൂപയുടേയും, പൂവർഹോം സെസ് ഇനത്തിൽ 1,38,119/-രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

_ഉത്തരവാദിയായ ഉദ്യോഗസ്ഥർ:_ 1. ശ്രീ.ഇന്ദ്രബാലൻപിള്ള, സെക്രട്ടറി, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട്.പി.ഒ, കൊല്ലം.
2. ശ്രീമതി.എം.സബീനപോൾ, സെക്രട്ടറി, 'ടച്ച് സ്റ്റോൺ മാനർ', അപ്പാർട്ട്മെന്റ് നമ്പർ.8 എ(1), മാതൃഭൂമി, .വഞ്ചിയൂർ, തിരുവനന്തപുരം.
3.ശ്രീ.രാജു മാത്യു, നഗരസഭാ എഞ്ചിനീയർ (സെക്രട്ടറിയുടെ അധിക ചുമതല), അക്കപാടി ക്കൽ ഹൗസ്, തേക്കുംമല, കദളിക്കാട്.പി.ഒ, മൂവാറ്റുപുഴ, എറണാകുളം, പിൻ-686731.

## 3.1.9. വിശാല കൊച്ചി വികസന അതോറിറ്റി

### *3.1.9.(I). അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ വാടക ഈടാക്കുന്നതിലെ അപാകതകൾ*

_ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഭാഗം-2, ഖണ്ഡിക നമ്പർ: 2.2_

അതോറിറ്റിയുടെ 2008-09 ലെ ധനകാര്യപത്രിക പ്രകാരം വാടക ഡിമാന്റ് തുക, കുടിശികയായ 2,74,81,261/-രൂപയും തൻവർഷത്തെ 4,55,17,726/-രൂപയും ചേർത്ത് ആകെ 7,29,98,987/-രൂപയാണ്. ടി തുകയിൽ 2008-09 വർഷം ആകെ 4,10,28,248/-രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. കുടിശികയിനത്തിലെ 2,27,14,932/-രൂപയും തൻ വർഷത്തെ 92,55,807/-രൂപയും ഉൾപ്പെടെ ആകെ 3,19,70,739/-രൂപ ഇനിയും പിരിച്ചെടുക്കാതെ അവശേഷിക്കുന്നു. വിവിധ സെക്ഷനുകളിലെ വാടക രജിസ്റ്ററുകൾ അപൂർണ്ണമാണ്. വർഷങ്ങളായി വാടക അടയ്ക്കാത്തവരിൽനിന്നും വാടക ഈടാക്കാൻ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല. വാടകക്കരാർ രജിസ്റ്റർ ചെയ്യുന്നതിലും കാലാവധി കഴിഞ്ഞവ പുതുക്കുന്നതിലും കൃത്യത പാലിക്കുന്നില്ല. കടമുറികളുടെ അനധികൃത കയ്യേറ്റങ്ങളും അതോറിറ്റിയുടെ അറിവോ സമ്മതമോ ഇല്ലാതെ നടത്തുന്ന കൈമാറ്റങ്ങളും തടയാൻ മിക്കപ്പോഴും നടപടി സ്വീകരിക്കുന്നില്ല.

_ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:_ ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി,
ജി.സി.ഡി.എ.ക്വാർട്ടേഴ്സ് നമ്പർ എ2,
കേന്ദ്രീയ വിദ്യാലയത്തിന് എതിർവശം,
ഗാന്ധിനഗർ, കടവന്ത്ര, കൊച്ചി-20.

Local Fund Audit Department

## 3.1.9.(ii).വിശാല കൊച്ചി വികസന അതോറിറ്റിയുടെ വിവിധ വാണിജ്യ കേന്ദ്രങ്ങളിലെ വാടകക്കാരുടെ അനധികൃത നിർമ്മാണം, കൈയേറ്റം - സമയബന്ധിത നിയമാനുസൃത നടപടികളുടെ അഭാവം

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഭാഗം-1, ഖണ്ഡിക നമ്പർ: 1.4.2*

കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ കടമുറികളിലെ വാടകക്കാരുടെ അനധികൃത നിർമ്മാണം, കയ്യേറ്റം എന്നിവ സംബന്ധിച്ച് അതോറിറ്റി ഉദ്യോഗസ്ഥരുടെ 3 അംഗ സബ്കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ടിൽ നിരവധി സ്ഥാപനങ്ങൾ അവർക്ക് അനുദിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ മുറികൾ ഉപയോഗിക്കുകയും വരാന്തകൾ, ഇടനാഴികൾ, തുടങ്ങിയ പൊതുസ്ഥലങ്ങൾ അടച്ചുകെട്ടി ഉപയോഗിക്കുന്നതായും പറയുന്നു. കൂടാതെ അലോട്ട് ചെയ്യാത്ത മുറികൾ തുറന്നുകിടക്കുന്നതായും അവയിൽ മാലിന്യങ്ങൾ നിക്ഷേപിച്ചിരുന്നതായും കണ്ടെത്തി. ഇത്തരത്തിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനായി സബ്കമ്മിറ്റി 13 നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്തു.

മേൽവിഷയം സംബന്ധിച്ച് ഓഡിറ്റിന്റെ നിരീക്ഷണം ചുവടെചേർക്കുന്നു. ശ്രീ.ഫജർ എന്നയാൾക്ക് വൈറ്റ് പ്ലാനറ്റ് എന്ന സ്ഥാപനം നടത്തുന്നതിനായി സ്റ്റേഡിയത്തിലെ എഫ് 1205 മുതൽ എഫ് 1208 വരെയും എഫ് 1305 മുതൽ 1308 വരെയും, ജി 1201 മുതൽ 1203 വരെയും ഉള്ള മുറികളും ജി 1302, ജി 1401 എന്നീ മുറികളും അനുവദിച്ചു. ശ്രീ.ഫജർ നിരവധി തവണ സമീപിച്ചുവെങ്കിലും അതോറിറ്റി വാടകക്കരാർ വെയ്ക്കാൻ തയ്യാറായില്ല. വാടകക്കരാർ വെയ്ക്കാൻ അലോട്ടികൾ നേരിട്ട് വന്നിട്ടും കരാർ വെയ്ക്കുന്നതിന് അതോറിറ്റി തയ്യാറായില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്.

കരാറുകാരൻ നടത്തുന്ന എല്ലാ അനധികൃത നടപടികളും തടയുന്നതിന്/ കരാറുകാരനെ നിയമപരമായി ഒഴിപ്പിക്കുന്നതിന് രജിസ്റ്റർ ചെയ്ത വാടകക്കരാർ അനിവാര്യമാണെന്നിരിക്കെ കരാർവെയ്ക്കാതെ മുറികൾ അനുവദിക്കുന്നത് അതോറിറ്റിയുടെ താല്പര്യത്തിന് വിരുദ്ധമാണ്. വൈറ്റ് പ്ലാനറ്റിന് അനുവദിച്ച മേൽ മുറികളോടു ചേർന്ന കോമൺഏരിയ മുഴുവൻ ഷട്ടർഇട്ട് അടച്ചത് പൊളിച്ചുനീക്കാൻ അതോറിറ്റിക്ക് അധികാരം ഉണ്ടെന്നിരിക്കെ അപ്രകാരം പ്രവർത്തിക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

ശ്രീ.ഫജർ, ഷട്ടർഇട്ട് അനധികൃതമായി കൈവശം വെച്ചിരിക്കുന്ന 79.20 ചതുരശ്ര മീറ്റർ പൊതുസ്ഥലത്തിന് 04.12.04 മുതൽ 03.12.09 വരെയുള്ള 5 വർഷത്തേയ്ക്ക് 2,04,526/-രൂപ വാടക ഈടാക്കുകയും ടിയാനെ, കൈവശം വെച്ചിരിക്കുന്ന പൊതുസ്ഥലത്തുനിന്നും ഒഴിപ്പിക്കുകയുംവേണം. പിഴപ്പലിശ, ആനുപാതികമായ

Local Fund Audit Department

സെക്യൂരിറ്റി തുക, അനധികൃത കൈയ്യേറ്റത്തിന് അതോറിറ്റി നിശ്ചയിക്കുന്ന പിഴ എന്നിവയും ഈടാക്കേണ്ടതാണ്. കൂടാതെ മേൽ കക്ഷി അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്ന ജി.1301 നമ്പർ മുറിയിൽനിന്നും ഒഴിപ്പിക്കുകയും മുറിയുടെ വാടകയായ 74,915/-രൂപയും പിഴയും സെക്യൂരിറ്റിതുകയും ഈടാക്കുകയും വേണം. ഇതുകൂടാതെ അനധികൃതമായി മുറികളും പൊതുസ്ഥലവും കൈയ്യേറി ഉപയോഗിക്കുന്ന എല്ലാവരിൽനിന്നും അധിക വാടക ഈടാക്കുകയും അവരെ ഒഴിപ്പിക്കുകയും ചെയ്യേണ്ടതാണ്.

അലോട്ടി സ്വന്തം ചെലവിൽ ചെയ്യേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവാകുന്ന തുക അതോറിറ്റി നൽകുകയോ വാടകയിൽ കുറവ് ചെയ്യുകയോ ചെയ്യുന്ന നടപടി എഗ്രിമെന്റിന് വിരുദ്ധമാണ്.

അതോറിറ്റി വാടകയ്ക്ക് നൽകിയിട്ടുള്ള മുഴുവൻ ഷോപ്പിംഗ് കോംപ്ലക്സുകളിലും സൈറ്റുകളിലും സൈറ്റ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. ഇവർ അനധികൃത നിർമ്മാണങ്ങളും കൈയ്യേറ്റങ്ങളും കണ്ടെത്തി സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും അവയ്ക്കെതിരെ സെക്രട്ടറി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതും ആണെന്നിരിക്കെ ഇക്കാര്യങ്ങൾ ചെയ്യുന്നതിന് മേൽഉദ്യോഗസ്ഥർ മിക്കപ്പോഴും ഗുരുതരമായ വീഴ്ചവരുത്തുന്നു. അതോറിറ്റിയുടെ സ്ഥാവരസ്വത്തുക്കൾ സംരക്ഷിക്കുന്നതിനും വരുമാനച്ചോർച്ച ഒഴിവാക്കുന്നതിനും അതോറിറ്റി നിശ്ചയിക്കുന്ന ഒരുദ്യോഗസ്ഥൻ അതോറിറ്റിയുടെ വസ്തുവകകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനനടത്തി സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകുന്ന ഒരു സ്ഥിരപരിശോധനാ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

_*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*_ ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി,
ജി.സി.ഡി.എ.ക്വാർട്ടേഴ്സ് നമ്പർ എ2,
കേന്ദ്രീയ വിദ്യാലയത്തിന് എതിർവശം,
ഗാന്ധിനഗർ, കടവന്ത്ര, കൊച്ചി-20.

## *3.1.9.(iii).വൈറ്റ് പ്ലാനറ്റ് എന്ന സ്ഥാപനത്തിന് ഗോഡൗണുകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ*

_*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഭാഗം-1 ഖണ്ഡിക നമ്പർ: 1.4.3*_

വൈറ്റ് പ്ലാനറ്റ് സ്ഥാപന ഉടമ ശ്രീ.ഫജറിന് കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ അനുവദിച്ച ഗോഡൗണുകൾക്ക് അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം നിശ്ചയിച്ച വാടകയിലും സെക്യൂരിറ്റി ഡിപ്പോസിറ്റിലും കുറവുവരുത്തി കുറഞ്ഞ തുക ടിയാനിൽനിന്നും ഈടാക്കിയതിലൂടെ അതോറിറ്റി ഫണ്ടിന് നഷ്ടം വന്നു. 3/2005-ന് ശേഷം ടിയാൻ വാടക അടയ്ക്കുകയോ അതോറിറ്റി വാടക അടയ്ക്കാൻ ആവശ്യപ്പെട്ട് ടിയാന് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല.

Local Fund Audit Department

എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിച്ച നിരക്കിൽ വാടക കണക്കാക്കിയാൽ വാടകക്കാരനിൽ നിന്നും 19,93,280/-രൂപ ഈടാക്കണം.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>*: ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി,
ജി.സി.ഡി.എ.ക്വാർട്ടേഴ്സ് നമ്പർ എ2,
കേന്ദ്രീയ വിദ്യാലയത്തിന് എതിർവശം,
ഗാന്ധിനഗർ, കടവന്ത്ര, കൊച്ചി-20.

## 3.1.10. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഡിവിഷൻ നമ്പർ – 1 തിരുവനന്തപുരം

### *3.1.9.(i). നെടുമങ്ങാട് റവന്യൂ ടവറിൽ കടമുറികളും, ഓഫീസ് മുറികളും വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതുമൂലം ബോർഡ് ഫണ്ടിന് നഷ്ടം*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 33.2(a)</u>*

നെടുമങ്ങാട് റവന്യൂടവറിൽ ആകെ 66 കടമുറികളും, 19 ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലസൗകര്യവും ഉണ്ട്. റവന്യൂടവറിന്റെ നിർമ്മാണത്തിനായി ഏകദേശം 5 കോടി രൂപ ചെലവായിട്ടുണ്ട്. ഇതുകൂടാതെ കെട്ടിട നികുതി, വെള്ളക്കരം, താൽക്കാലിക ജീവനക്കാരുടെ വേതനം എന്നീയിനങ്ങളിലും ബോർഡിന് ചെലവുണ്ട്. വാടക രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ റവന്യൂടവറിൽ നിന്നുള്ള വാടക വരുമാനം കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. റവന്യൂ ടവറിന്റെ പ്രവർത്തനം ആരംഭിച്ച സമയത്തുതന്നെ 57 കടമുറികളും 5 ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള സ്ഥലവും ഒഴിഞ്ഞുകിടക്കുകയായിരുന്നു. എന്നാൽ ഈ ഒഴിഞ്ഞമുറികൾ വാടകയ്ക്ക് നൽകുവാൻ അധികൃതർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. അവസാനമായി മുറികളുടെ ലേലം നടന്നത് 01.03.2007-ലാണ്. ഈ സാഹചര്യത്തിൽ ബോർഡ് അധികൃതർ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കേണ്ടതുമാണ്. കൂടാതെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും അവ യഥാക്രമം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ</u>*: ശ്രീമതി.സി.ജെ.അനില,
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
തിരുവനന്തപുരം ഡിവിഷൻ നമ്പർ-1

Local Fund Audit Department

# 3.2. നിയമങ്ങളും ഉത്തരവുകളും ചട്ടങ്ങളും ലംഘിച്ചുള്ളപ്രവൃത്തികൾ

സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾ ലംഘിച്ചുകൊണ്ട് വിവിധ പദ്ധതികൾ നിർവ്വഹിച്ചുവരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. കൂടാതെ പഞ്ചായത്ത്/മുനിസിപ്പൽ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധ മായും നിരവധി പ്രവൃത്തികൾ ചെയ്തുവരുന്നു. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. അപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

## 3.2.1. മുക്കം ഗ്രാമപഞ്ചായത്ത് – കോഴിക്കോട് ജില്ല

### *3.2.1.(i). അസാധാരണ ചെലവ് - സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനകളും പാലിച്ചില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-16*

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 213(4) 10.02.06-ലെ ജി.ഒ. എം.എസ്.58/06.തസ്വഭവ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തി ന്മേലുള്ള മിച്ചഫണ്ടിന്റെ 20% തുക 1 ലക്ഷം രൂപ പരിധിക്ക് വിധേയമായി അസാധാ രണ ചെലവ് നടത്തുന്നതിന് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ഈയിനത്തിൽ 219908/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന് രജിസ്റ്റർ സൂക്ഷിക്കുക, ചെലവിനങ്ങളുടെ വാർഷികകണക്ക് ഗ്രാമസഭയിൽ അവതരിപ്പിക്കുക, ചില ചെലവിനങ്ങളുടെ കാര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാ ക്കുക എന്നീ കർത്തവ്യങ്ങൾ നിർവഹിക്കപ്പെട്ടിട്ടില്ല. ബജറ്റ് നിയന്ത്രണങ്ങൾ പാലി ക്കാതെ പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്യുന്ന പ്രവണത അസാധാരണ ചെലവുക ളുടെ ചില വൗച്ചറുകളിൽ കാണുന്നുണ്ട്. പഞ്ചായത്ത് മാർക്കറ്റ് കോംപ്ലക്സ് ഉദ്ഘാടന ചടങ്ങിന് 30640/-രൂപ ചെലവഴിച്ചു എന്ന കാര്യം ഇവിടെ പ്രസക്തമാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ജോസ് മാത്യു, പുത്തൻവീട്,
പുല്ലൂരാംപാറ.(പി.ഒ), തിരുവമ്പാടി (വഴി),
കോഴിക്കോട്.

## 3.2.2. കൊടകര ബ്ലോക്ക് പഞ്ചായത്ത്– തൃശ്ശൂർ ജില്ല

### *3.2.2.(1). ഉഴിഞ്ഞാൽ പാടം ബണ്ട് സംരക്ഷണം - സർക്കാർ ചട്ടങ്ങൾ പാലിച്ചിട്ടില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3.8*



Local Fund Audit Department

ഉഴിഞ്ഞാൽ പാടം ചെറിയ പാലം മുതൽ കിഴക്കേ തോടിന്റെ ഇടിഞ്ഞുപോയ ഇരു കരകളും കെട്ടി സംരക്ഷിക്കുന്ന ഈ പദ്ധതിയുടെ മൊബിലൈസേഷൻ അഡ്വാൻസായി 25000/-രൂപ കൺവീനർ ശ്രീ.പി.സി.ജേക്കബിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ അടങ്കൽ 1 ലക്ഷം രൂപയാണ്.

ജില്ലാകളക്ടറുടെ 17.07.06-ലെ നമ്പർ ഇ.1484/04-ാം നമ്പർ പ്രകാരമുള്ള കത്തിൽ ഈ പദ്ധതിയെ സംബന്ധിച്ചുള്ള വിശദീകരണം ആവശ്യപ്പെട്ടതിന് ബ്ലോക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ ടി ബണ്ടിന്റെ പണി ബ്ലോക്കിലെ എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ല ചെയ്തിരിക്കുന്നതെന്നും, ആയതിനാൽ മറ്റു തുകകളൊന്നും നൽകേണ്ടതില്ല എന്ന് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നു.

കൂടാതെ 30.08.06-ലെ കത്തിൽ പുതുക്കാട് പഞ്ചായത്ത് പ്രസിഡന്റ്, ഈ പദ്ധതി സ്വകാര്യ വ്യക്തിയുടെ ഭൂമി സംരക്ഷിക്കാൻ മാത്രം ഉപകരിക്കുന്നതാണെന്നും ഈ പണി ചെയ്യേണ്ട ആവശ്യമില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം സർക്കാർ ചട്ടങ്ങൾ മറികടന്ന് ചെയ്യുന്ന ജോലിയെ സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തേണ്ടതും ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തി ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* കെ.ആർ.വാസുക്കുട്ടി, അനുഗ്രഹാലയം,
മല്ലശ്ശേരി.പി.ഒ, പത്തനംതിട്ട.

## 3.2.3. ഇടുക്കി ജില്ലാ പഞ്ചായത്ത് – ഇടുക്കി ജില്ല

### *3.2.3.(i). മരാമത്തു പണികൾക്കായി പദ്ധതി വിഹിതം മുൻകൂർ പിൻവലിച്ചത് - മരാമത്ത് പണി പൂർത്തീകരിക്കാത്തത്*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ 3-13</u>*

2006-2007-ലെ പദ്ധതിവിഹിതം യഥാകാലം വിനിയോഗിക്കുന്നതിൽ പഞ്ചായത്ത് വീഴ്ചവരുത്തുകയാൽ സർക്കാർ നിർദ്ദേശിച്ച വിനിയോഗ ശതമാനം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യം സംജാതമായതായി കാണുന്നു. പഞ്ചായത്തിന് തുടർന്ന് പദ്ധതിവിഹിതം ലഭിക്കുന്നതിന് വിഘാതമായേക്കാവുന്ന ഈ അവസ്ഥയെ നിർവ്വഹണ അധികാരികൾ വളരെ ലളിതമായ ഒരു കുറുക്കുവഴി പ്രയോഗിച്ച് തരണം ചെയ്തിട്ടുള്ളതായി കാണുന്നു. മരാമത്തു പണികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അന്തിമബിൽ തയ്യാറാക്കാൻ കഴിയാത്ത സന്ദർഭങ്ങളിൽ ചട്ടങ്ങൾ പ്രകാരം പൊതുമരാമത്തു വകുപ്പിൽ അനുവദനീയമായ ഹാന്റ് രസീതുകൾ ഉപയോഗിച്ച് പണികൾ ആരംഭിക്കുകപോലും ചെയ്യാത്ത പ്രോജക്റ്റു

Local Fund Audit Department

കൾക്ക് വ്യാപകമായി തുകകൾ പിൻവലിച്ച് കൺവീനർമാർക്കും എഞ്ചിനീയർ മാർക്കും നൽകിയിട്ടുണ്ട്.

1997-ലെ കേരളാ പഞ്ചായത്തുരാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, പദ്ധതിവിഹിതം പിൻവലിക്കൽ സംബന്ധിച്ച് 12.04.2006 ജി.ഒ.(പി.) നം.177/2006/ഫിൻ ഉത്തരവ് തുടങ്ങി ധനവിനിയോഗം സംബന്ധമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽഒന്നും ഇപ്രകാരം മുൻകൂറായി തുക പിൻവലി ക്കാൻ അനുമതി നൽകപ്പെട്ടിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്ന സദുദ്ദേശ്യത്തിൽ പണം പിൻവലിച്ചുവെങ്കിലും പദ്ധതി പൂർത്തീകരിക്കുന്നതിൽ യാതൊരു ശുഷ്കാന്തിയും പ്രകടമാക്കിയിട്ടില്ല. 2007 മാർച്ചുമാസത്തിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് രണ്ടോ, മൂന്നോ മാസങ്ങൾക്കകം പൂർത്തീകരിക്കേണ്ടി യിരുന്ന പദ്ധതികൾ 2008 മാർച്ചിലും പൂർത്തീകരിച്ചിട്ടില്ലായെന്നത് ലക്ഷ്യബോധ മില്ലാത്ത ധനകാര്യ മാനേജ്മെന്റിന്റെ സ്വയം പ്രകടമാക്കുന്ന ഉദാഹരണമാണ്.

മരാമത്തു പണികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടി തുക തിരികെ ഈടാക്കി ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2,78,49,911/-രൂപയുടെ ചെലവ് തടസ്സ പ്പെടുത്തുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.പി.എൻ.ചന്ദ്രശേഖരൻ (സെക്രട്ടറി) പാലമറ്റത്ത്,
പിരളിമറ്റംകര, കദളിക്കാട്.പി.ഒ,
വാഴക്കുളം-636670

## 3.2.4. പാലക്കാട് ജില്ലാപഞ്ചായത്ത് – പാലക്കാട് ജില്ല

### *3.2.4.(i). ജില്ലാതല സമഗ്ര ഊർജ്ജസുരക്ഷാ പരിപാടി - പദ്ധതി നടപ്പിലാക്കാത്തതിനാൽ ഡെപ്പോസിറ്റ് തിരിച്ചീടാക്കണം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 ഖണ്ഡിക നമ്പർ: 6.2*

സമഗ്ര ഊർജ്ജ ആസൂത്രണ പദ്ധതി നടപ്പിലാക്കൽ, അക്ഷയ ഊർജ്ജ ഉപകര ണങ്ങളുടെ വിന്യാസത്തിലൂടെയുള്ള ഊർജ്ജാസൂത്രണ നടത്തിപ്പ് എന്നിവ യാണ് പദ്ധതി ലക്ഷ്യങ്ങൾ. വ്യക്തിഗത ഗുണഭോക്താക്കൾ ഉള്ള ഈ പ്രൊജക്ടിൽ ജനറൽ, എസ്.സി/എസ്.ടി ഗുണഭോക്താക്കളെ വിറക് ബാലൻസ് പഠനത്തിന്റെ അടിസ്ഥാന ത്തിൽ തീരുമാനിക്കുവാൻ പ്രൊജക്ടിൽ വിഭാവനംചെയ്തിരുന്നു.ലഭ്യമായ പദ്ധതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടന്നതിന്റെ രേഖകൾ ഒന്നും ഓഡിറ്റിന് ലഭ്യമായില്ല.
2. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റും തയ്യാറാക്കിയിട്ടില്ല.



Local Fund Audit Department

3. 47,00,000/-രൂപ ഡെപ്പോസിറ്റ് ചെയ്ത പ്രവർത്തിക്കുവേണ്ടി ANERT മായി കരാർ രൂപീകരിച്ചിട്ടുമില്ല. ഡെപ്പോസിറ്റു ചെയ്ത തുകയുടെ ചെലവ് വിവരങ്ങളോ വിനിയോഗ പത്രമോ ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരമുള്ള കതപ്രവർത്തനങ്ങൾ നടപ്പിലാക്കാതെ നിർവ്വഹണ ഏജൻസി യായ ANERT-ൽ പദ്ധതി വിഹിതം ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നത് ക്രമ പ്രകാരമല്ല. 10.03.2008 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്)69/2008/ത.സ്വ.ഭ.വ പ്രകാരം പ്രൊജക്ട് പ്രവർത്തനങ്ങൾ 01.04.2008-ന് തുടങ്ങാവുന്നതും 30.06.2008-ന് മുമ്പ് പൂർത്തീകരിക്കാവുന്നതുമാണ്. പ്രസ്തുത കാലാവധിക്കകം പ്രൊജക്ട് പൂർത്തീകരിക്കാതിരുന്നാൽ കാലതാമസം വരുത്തിയ ഓരോ മാസത്തേക്കും എസ്റ്റിമേറ്റ് തുകയുടെ 2% നിരക്കിൽ പിഴ പലിശ ഈടാക്കേണ്ടതാണ്.

നിഷ്ക്രിയ നിക്ഷേപമായി സൂക്ഷിച്ചിരിക്കുന്ന തുക സർക്കാർ നിർദ്ദേശിച്ച നിരക്കിൽ പിഴപലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ ചമക്കാത്തതുമൂലം തുക ഈടാക്കാൻ കഴിയാതെ വന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നഷ്ടോത്തരവാദി ആയിരിക്കുന്നതാണ്.

## 3.2.5. വയനാട് ജില്ലാ പഞ്ചായത്ത് – വയനാട് ജില്ല

### *3.2.5.(i). കോളനി വൈദ്യുതീകരണം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-14*

കേരളാ പഞ്ചായത്ത്രാജ് നിയമം 5-ാം പട്ടിക പ്രകാരം ജില്ലാ പഞ്ചായത്തിന് വൈദ്യുതീകരണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് അധികാരമില്ല. എന്നാൽ തുടർച്ചയായി അക്കൗണ്ടന്റ് ജനറലും, ലോക്കൽ ഫണ്ട് ഓഡിറ്റും മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും 2007-08 വർഷത്തിൽ നിയമവിരുദ്ധമായി താഴെ പറയുന്ന കോളനികൾ വൈദ്യുതീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി തുക കെ.എസ്.ഇ.ബി.യിൽ അടച്ചതായി കാണുന്നു.

| ക്രമ നം. | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 213/08 | തോട്ടാം കൊല്ലി കോളനി | 38250 |
| 2 | 223/08 | തോണിക്കടവ് കോളനി | 65025 |
| 3 | 216/08 | കുവണ കോണിക്കാംപടി | 197700 |
| 4 | 224/08 | എടൂർ കോളനി | 1512100 |
| | | **ആകെ** | 1813075 |

(ചെക്ക് നമ്പർ 13587 തീയതി: 05.02.08)

ഇത് സംബന്ധിച്ച 08.01.09-ൽ നൽകിയ ഓഡിറ്റ് നോട്ടിന് യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തി രാജ് നിയമത്തിന് വിരുദ്ധമായ ഈ പദ്ധതികൾക്ക് വകയിരുത്തിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*</u> ശ്രീ.അലി അസ്കർപാഷ. ഐ.എ.എസ്.,
ജനറൽ മാനേജർ, കേരള സംസ്ഥാന
സിവിൽ സപ്ലൈസ് കോർപ്പറേഷൻ,
ഹെഡ് ഓഫീസ്, കൊച്ചി - 20.

## 3.3. ഫണ്ട് വകമാറ്റി ചെലവഴിയ്ക്കൽ

വിവിധ പദ്ധതികൾക്ക് സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത ഓരോ സാമ്പത്തിക വർഷവും തുടർന്നുവരുന്നു. ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുമ്പോൾ നിർദ്ദിഷ്ട പദ്ധതിലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല. തുക സർക്കാർ അനുവാദമില്ലാതെ ചെലവഴിക്കപ്പെടുന്നത് കൂടുതലും പദ്ധതിയേതര ചെലവുകൾക്കാണ്. ഇത് നിരുത്സാഹപ്പെടുത്തേണ്ടത് പദ്ധതിലക്ഷ്യം കൈവരിയ്ക്കുന്നതിന് അനിവാര്യമാണ്. ഇത്തരത്തിൽ ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

### 3.3.1. ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് – തിരുവനന്തപുരം ജില്ല

### *3.3.1.(i). ഖരമാലിന്യ നിർമ്മാർജ്ജനം - പദ്ധതി നടപ്പിലായിട്ടില്ല*

<u>*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-5*</u>

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ പൂവളക്കുന്ന് എന്ന സ്ഥലത്ത് പഞ്ചായത്തിന്റെ ഒരേക്കർ ഭൂമിയിൽ ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി 1999-2000 വർഷം 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2006-07 സാമ്പത്തിക വർഷം 29,64,000/-രൂപയ്ക്ക് 48/06-ാം നമ്പർ പദ്ധതി പ്രകാരം ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ പദ്ധതിയിൽ വീപ്പകൾ സ്ഥാപിക്കുക, 8 ലക്ഷം രൂപ വിലവരുന്ന മൂടിക്കെട്ടിയ വാഹനം വാങ്ങുക, 4.5 ടൺ ഖരമാലിന്യം സംസ്കരിക്കാൻ കഴിയുന്ന പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുക എന്നിവയാണ് വിഭാവനം ചെയ്തത്. മാലിന്യം സംസ്കരിക്കുമ്പോൾ ലഭിക്കുന്ന കമ്പോസ്റ്റ് വളമായി ഉപയോഗിക്കാമെന്നും പ്രതിവർഷം 400 ടൺ കമ്പോസ്റ്റ് കിലോയ്ക്ക് 3/-രൂപ നിരക്കിൽ വിപണനം നടത്തി ഏകദേശം 12 ലക്ഷം രൂപ വരുമാനം ഉണ്ടാക്കാമെന്നും പഞ്ചായത്തിനെ മാലിന്യമുക്തമാക്കാമെന്നും പദ്ധതിരേഖയിൽ ലക്ഷ്യമിട്ടിരുന്നു. എന്നാൽ 2006-07 വർഷം ഈ പദ്ധതിനടപ്പിലാക്കാതെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് മാത്രം

Local Fund Audit Department

വിനിയോഗിക്കാൻ 1999-2000 വർഷം സർക്കാർ അനുവദിച്ച തുക സർക്കാർ അനുവാദമില്ലാതെ ആർ.ഡി.ബി. വായ്പ തിരിച്ചടവിനായി വകമാറ്റി ചെലവഴിച്ചത് ക്രമവിരുദ്ധമാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ*: ശ്രീ.ബി.സുദർശനൻ, സെക്രട്ടറി.
നിലാവ്, റ്റി.സി.31/201(1), ചാക്ക, പേട്ട.പി.ഒ.

## 3.3.2. വർക്കല നഗരസഭ – തിരുവനന്തപുരം ജില്ല

### *3.3.2.(i).''പാപനാശം വാഹന പാർക്കിംഗും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണവും'' - പദ്ധതി ലക്ഷ്യം കൈവരിക്കാതെ ടൂറിസം ഫണ്ട് വകമാറ്റി ചെലവഴിച്ചു*

*(തദ്ദേശ സ്വയംഭരണ സെക്രട്ടറിയ്ക്ക് 26.05.2011-ന് അയച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 7453/എം.എൽ.1/2011-ാം നമ്പർ കത്ത്)*

പാപനാശത്ത് വാഹന പാർക്കിംഗും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണവും എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി ടൂറിസം വകുപ്പ് 6 മാസത്തിനകം പണി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ വർക്കല മുനിസിപ്പാലിറ്റിക്ക് 25.10.03-ൽ 25 ലക്ഷം രൂപയും (ഡി.ഡി.നം.050179 തീയതി: 31.10.03) 12.03.04-ൽ 25 ലക്ഷം രൂപയും (ചെക്ക് നം.989363/07.04.04) നൽകുകയുണ്ടായി. ടി തുകകൾ യഥാക്രമം 15.11.03, 27.07.04 തീയതികളിൽ ധനലക്ഷ്മി ബാങ്ക് അക്കൗണ്ട് നം.23160-ൽ നിക്ഷേപിച്ചിട്ടുണ്ട്.

*അംഗീകൃത പ്രോജക്ടിന്റെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.*

| | |
|---|---|
| 1. ഒരേക്കർ സ്ഥലം വാങ്ങുന്നതിന് | : 20 ലക്ഷം രൂപ |
| 2. 30 ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം | : 7.5 ,, |
| 3. 30 യൂറിനൽ ബ്ലോക്ക് നിർമ്മാണം | : 2.4 ,, |
| 4. സ്ഥലം പാർക്കിംഗിനായി അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് | : 19.1 ,, |
| 5. മറ്റിനം ചെലവുകൾ | : 1.00 ,, |
| ആകെ | : 50 ലക്ഷം രൂപ |
| | ======== |

തുക ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലാക്കാത്തതിനാൽ ജി.ഒ. ആർ.റ്റി. നം.6126.06/റ്റി.എസ്.എം.തീയതി: 01.08.06 പ്രകാരം സർക്കാർ ഭരണാനുമതി റദ്ദുചെയ്യുകയുണ്ടായി. എന്നാൽ നഗരസഭ ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ തുടങ്ങിയെന്ന ടൂറിസം ഡയറക്ടറുടെ 25.07.07-ലെ സി.6-7520(എ)/03 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ജി.ഒ.ആർ.റ്റി.നം.7036/07/റ്റി.എസ്.എം. തീയതി: 23.06.07 പ്രകാരം സർക്കാർ ഭരണാനുമതി പുനസ്ഥാപിച്ചു നൽകി.



Local Fund Audit Department

4 വർഷം കഴിഞ്ഞിട്ടും ജോലി ആരംഭിച്ചിട്ടില്ലാത്തതിനാൽ 4 വർഷത്തേയ്ക്ക് 50 ലക്ഷം രൂപയ്ക്കുള്ള പലിശ ടൂറിസം ഡിപ്പാർട്ട്മെന്റിലേക്ക് തിരിച്ചടയ്ക്കണമെന്നും 3 മാസത്തിനകം പണിപൂർത്തീകരിക്കണമെന്നും അധികം വേണ്ട തുക തനതുഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും 10.10.07-ലെ 65126/എ.3/07/റ്റി.എസ്.എം കത്ത് പ്രകാരം ടൂറിസം സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 23.03.08-ൽ സെക്രട്ടറി തലത്തിൽ നടത്തിയ മീറ്റിംഗിൽ തനത്ഫണ്ട് ഉപയോഗിച്ച് പദ്ധതിക്കുള്ള ഭൂമി വാങ്ങാമെന്നും ഇല്ലെങ്കിൽ 50 ലക്ഷം രൂപ പലിശസഹിതം തിരിച്ചടയ്ക്കാമെന്നും നഗരസഭ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ടൂറിസം ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയുടെ 24.03.08-ലെ 65126/എ.3/07/റ്റി. എസ്. എം. കത്ത് പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചത് പാർക്കിംഗ് സൗകര്യത്തിനും ടോയ്ലറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിനുവേണ്ടി മാത്രമാണെന്നും ഭൂമി വാങ്ങാനില്ലെന്നും ഭൂമി വാങ്ങുന്നതിന് നഗരസഭ ഫണ്ട് കണ്ടെത്താത്തപക്ഷം ടി തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്നും മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ 11/08-ൽ 16.29 ആർ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 21 ലക്ഷം രൂപ (ഡി.ഡി. നം.5165518/21.11.08) സ്പെഷ്യൽ തഹസിൽദാർ, എൽ.എ.യൂണിറ്റിന് നൽകുകയും പ്രസ്തുത സ്ഥലം തഹസിൽദാർ ഏറ്റെടുത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവിന് വിരുദ്ധമായാണ് ടി തുക നൽകിയത് മാത്രവുമല്ല പ്രോജക്ടിൽ സ്ഥലം വാങ്ങലിനായി വകയിരുത്തിയ തുകയേക്കാൾ 1 ലക്ഷം രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്. ഇതിന് അധികൃതർ വിശദീകരണം നൽകിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 25.02.10-ലെ 4612/ആർ.സി.ഐ/10/ എൽ.എസ്.ജി.ഡ.കത്ത് പ്രകാരം അടിയന്തിരമായി 50 ലക്ഷം രൂപ ടൂറിസം ഡിപ്പാർട്ട്മെന്റിലേക്ക് തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി കത്തിന്റെ മറുപടിയിൽ 2009 ഏപ്രിലിൽ 16.29 ആർ ഭൂമി നഗരസഭയ്ക്ക് കൈമാറിയെങ്കിലും പ്രസ്തുത ഭൂമിയിലേക്കുള്ള വഴിക്കായി സർവ്വേ നമ്പർ 569, 575 (ഭാഗം) 577 (ഭാഗം) എന്നീ വസ്തുക്കൾ കൂടി ലഭ്യമായാൽ മാത്രമേ നഗരസഭയ്ക്ക് ടി വസ്തുവിൽ പദ്ധതിയുടെ ഒന്നാം ഘട്ട പാർക്കിംഗ് കം ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുക യുള്ളൂ എന്ന് മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്.

*ടൂറിസം ഫണ്ട് ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.*

| | |
|---|---|
| 50 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്ത തീയതി | : 15.11.03, 27.07.04 |
| ബാങ്ക് പലിശ 3.5% കണക്കാക്കിയാൽ പോലും 4 വർഷത്തേക്ക് പലിശ (01.08.04 മുതൽ 21.11.08 വരെ) | : 700000/-രൂ. |
| 21.11.08-ൽ ഭൂമി വാങ്ങലിനായി പിൻവലിച്ച തുക | : 2100000/-രൂ. |
| ബാക്കി തുക | : 3600000/-രൂ. |
| 11/08 മുതൽ 9/10 വരെയുള്ള ബാങ്ക് പലിശ (3.5%) | : 203000/-രൂ. |

Local Fund Audit Department

| | |
|---|---|
| പലിശയുൾപ്പെടെ ബാങ്ക് ബാലൻസായി ഉണ്ടാകേണ്ട തുക | : 3600000 + |
| | 203000 |
| | : 3803000 |
| 30.09.2010-ലെ നീക്കിയിരിപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | : 42610/-രൂപ. |
| | ====== |

3760390/-രൂപ ഏതു വിധേന ചെലവാക്കി എന്നതു സംബന്ധിക്കുന്ന വിവരങ്ങൾക്ക് ആവർത്തിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിട്ടും (എൻക്വയറി നം.24/18.01.2011) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

"പാപനാശത്ത് വാഹന പാർക്കിംഗും ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണവും" എന്ന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രധാന ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. ടി പ്രോജക്ടിനായി 50 ലക്ഷം രൂപ ടൂറിസം ഫണ്ടായി ലഭിച്ച് 7 വർഷം കഴിഞ്ഞിട്ടും പദ്ധതി ആരംഭിച്ചിട്ടില്ല.
2. ഉത്തരവിനു വിരുദ്ധമായി 21 ലക്ഷം രൂപ ടൂറിസം ഫണ്ടിൽ നിന്നും ചെലവഴിച്ച 16.29 ആർ ഭൂമി വാങ്ങി.
3. പദ്ധതിയിൽ വിഭാവനം ചെയ്തതിലും 1 ലക്ഷം രൂപ അധികം ഭൂമി വാങ്ങലിനായി ചെലവഴിച്ചു.
4. പദ്ധതി നിർവ്വഹണത്തിനായി വാങ്ങിയ ഭൂമിയിൽ പ്രവേശിക്കാൻ വഴി ഇല്ല. ആയതിനാൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.
5. 50 ലക്ഷം രൂപയിൽ 3760390/-രൂപ ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ടൂറിസം മേഖലയിൽ വൻ പുരോഗമനമുള്ള വർക്കലയിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ടൂറിസം വികസനവും അതുവഴി നഗരസഭയ്ക്ക് സാമ്പത്തിക നേട്ടവും ലക്ഷ്യമിട്ട് നടപ്പിലാക്കാൻ വേണ്ടി തയ്യാറാക്കിയ പ്രോജക്ട് നാളിതുവരെ ആരംഭിക്കുക പോലും ചെയ്തിട്ടില്ല.

*ഉത്തരവാദിയായ ഉദ്യോഗസ്ഥ*: ശ്രീമതി.എസ്.മീനാകുമാരി, സെക്രട്ടറി

## *3.3.2.(ii).ടൂറിസം ഫണ്ട് -വകമാറ്റി ചെലവ്ചെയ്തു*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-15*

ടൂറിസം വകുപ്പിൽ നിന്നും നഗരസഭയിലെ ഖരമാലിന്യ സംസ്കരണം, പാപനാശത്ത് വണ്ടിത്താവളവും കക്കൂസ് നിർമ്മാണവും, നഗരം മോടിപിടിപ്പിക്കുന്നതിന് നടപ്പാത നിർമ്മാണം, ഡസ്റ്റ്ബിൻ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്കായി 2003-04 വർഷം അനുവദിച്ച 1,46,79,703/-രൂപയിൽ 2005-06 വർഷം 22,72,143/-രൂപ നഗരസഭയിലെ ജീവനക്കാരുടെ ശമ്പളം, വേതനം, പെൻഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. ടി തുക ടൂറിസം ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

Local Fund Audit Department

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ശ്രീ.സ്റ്റീഫൻ.എം.എ,
ഷാലൂം, റ്റി.സി.3/628, പി.കെ.ആർ.എ-180,
ലക്ഷണാപുരി ലൈൻ, പട്ടം.പി.ഒ.,
തിരുവനന്തപുരം - 695004.

## 3.3.3. കോഴിക്കോട് നഗരസഭ – കോഴിക്കോട് ജില്ല

### *3.3.3.(i). പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-1</u>*

ഫയൽ നമ്പർ: 1) ജി.7/46400/07
2) ജി.7/82450/03

ആനക്കുളം സാംസ്ക്കാരികനിലയം നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സാംസ്ക്കാരിക വകുപ്പിൽനിന്നും 16.04.07-ലെ 167331-ാം നമ്പർ ഡി.ഡി. പ്രകാരം 60,00,000/-രൂപ ഗ്രാന്റായി ലഭിച്ചിരുന്നു. ടി തുക 07.05.07-ന് നഗരസഭയുടെ തനതുഫണ്ട് സൂക്ഷിക്കുന്ന എസ്.ബി.ടി.57023867271 അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. മേൽ ഗ്രാന്റിൽ നിന്നും .വിവിധ ആവശ്യങ്ങൾക്കായി നാളിതുവരെ 99,525/-രൂപയാണ് ചിലവഴിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ നിന്നും മേൽ പ്രകാരം ചെലവഴിച്ചതുക കിഴിച്ച് ബാക്കിതുക എസ്.ബി.ടി. തനതുഫണ്ട് അക്കൗണ്ടിൽ 2007-08 വർഷം സ്ഥിരമായി നീക്കിയിരിപ്പായി ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ എസ്.ബി.ടി തനത്ഫണ്ട് അക്കൗണ്ടിൽ 08.12.07 മുതൽ 10.12.07 വരെയുള്ള കാലത്ത് 10 ലക്ഷത്തിനും 11.5 ലക്ഷത്തിനും ഇടയിലായിരുന്നു ബാലൻസ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ 60 ലക്ഷത്തോളം രൂപ മിനിമം ബാലൻസ് ഉണ്ടാകേണ്ടിടത്ത് മേൽ ദിവസങ്ങളിൽ 10 ലക്ഷത്തിനും 11.5 ലക്ഷത്തിനും ഇടയിലായിരുന്നു അക്കൗണ്ട് ബാലൻസ്. ഇവ സൂചിപ്പിക്കുന്നത് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ ലഭിച്ച തുക താൽക്കാ ലികമായി വകമാറ്റി എന്നുള്ളതാണ്. ഇത് ക്രമപ്രകാരമല്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ.ടി.കെ.രവീന്ദ്രൻ, സെക്രട്ടറി,
നിർമ്മാല്യം, ഉദയകുറുമ്പ ക്ഷേത്രത്തിനു സമീപം,
കാരപ്പറമ്പ്, കോഴിക്കോട് - 673 010

## 3.3.4. വടകര നഗരസഭ – കോഴിക്കോട് ജില്ല

### *3.3.4.(i). വടകര നഗരസഭയിലെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയുടെ 2005-06 മുതൽ 2007-08 വരെയുള്ള സാമ്പത്തിക വർഷത്തെ ചെലവ് ഓഡിറ്റ് റിപ്പോർട്ട്*

*<u>ഖണ്ഡിക 3-6(എ, ബി):</u>* *ദേശീയ ചേരിനിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിന് ലഭിച്ച ഫണ്ട് വായ്പ തിരിച്ചടക്കുന്നതിന് വകമാറി ചെലവഴിച്ചതും കണക്ക് സൂക്ഷിപ്പിലെ അപാകതയും*



Local Fund Audit Department

1999-2000 വർഷം ഭവനനിർമ്മാണത്തിനായി കെ.യു.ഡി.എഫ്.സി.യിൽനിന്നും വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് നൽകുകയും ഗുണഭോക്താക്കൾ മുനിസിപ്പാലിറ്റിയിലേയ്ക്ക് വായ്പ തിരിച്ചടയ്ക്കുകയുമാണ് ചെയ്യുന്നത്. ഗുണഭോക്താക്കൾ പ്രതിമാസഗഡുക്കളായി തിരിച്ചടക്കുന്ന വായ്പതുക നിശ്ചിത ഗഡുക്കളായി കെ.യു.ഡി.എഫ്.സി.യിലേയ്ക്ക് അടക്കുന്നു. എന്നാൽ 2005-06 മുതൽ 2007-08 വരെയുള്ള കാലയളവിലെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ, ഗുണഭോക്താക്കളിൽനിന്ന് കൃത്യമായി പ്രതിമാസ വായ്പഗഡുക്കൾ ഈടാക്കാതെ ദേശീയചേരി നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിന് ലഭിച്ച ഫണ്ട് വകമാറ്റി വായ്പ തിരിച്ചടവാക്കുന്നതിന് ചെലവഴിച്ചതായി കണ്ടെത്തി. ഇപ്രകാരം 2005-06 മുതൽ 2007-08 വരെ കാലയളവിൽ 3,55,791/-രൂപ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വകമാറ്റി ചെലവഴിച്ച 3,55,791/-രൂപ തടസ്സത്തിൽ വെക്കുന്നു.

ദേശീയ ചേരിവികസന പദ്ധതിഫണ്ട് വരവുംചെലവും കെ.യു.ഡി.എഫ്.സി.ലോൺ വായ്പ ഗഡുക്കൾ ഗുണഭോക്താക്കൾ നഗരസഭയിലേക്ക് ഒടുക്കുന്നതും ടി തുക നഗരസഭ തിരിച്ചടക്കുന്നതും സംബന്ധിച്ച ഇടപാടുകൾ ഒരു ക്യാഷ്ബുക്കിലാണ് രേഖപ്പെടുത്തുന്നത്. എന്നാൽ വർഷാവസാനം രണ്ടു ഫണ്ടുകളും സംബന്ധിച്ച കണക്കുകൾ വേർതിരിച്ചെഴുതാത്തതിനാൽ രണ്ട് ഫണ്ടുകളും സംബന്ധിച്ച മുൻബാക്കി, നീക്കിയിരിപ്പ് കണക്കുകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. ഇവ പ്രത്യേകം രേഖപ്പെടുത്തി ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തലുകൾ നടത്തി ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥർ:</u>*

| ഖണ്ഡിക നമ്പർ | | നഷ്ടോത്തരവാദി | മേൽവിലാസം |
|---|---|---|---|
| 3-6(എ) | | | |
| 1 | 2005-06 | ടി.കെ.മോഹനൻ,<br>ഹെൽത്ത് ഇൻസ്പെക്ടർ.<br>(31.03.2006) | എ) ഹെൽത്ത് ഇൻസ്പെക്ടർ,<br>കോട്ടക്കൽ നഗരസഭ.<br>ബി) അനുഗ്രഹ, മുയിപ്പോത്ത്,<br>മേപ്പയ്യൂർ(പി.ഒ), കോഴിക്കോട്. |
| 2 | 2006-07 | ശിവപ്രസാദ്,<br>ഹെൽത്ത് ഇൻസ്പെക്ടർ.<br>(31.03.2007) | മേൽ വിലാസം ലഭ്യമല്ല |
| 3 | 2007-08 | ബാബുരാജൻ.പി.പി.,<br>ഹെൽത്ത് ഇൻസ്പെക്ടർ.<br>(31.03.2008) | എ) ഹെൽത്ത് ഇൻസ്പെക്ടർ.<br>തലശ്ശേരി നഗരസഭ.<br>ബി) പുത്തൻപുരക്കൽ,<br>വട്ടോളി(പി.ഒ) 673507 |

Local Fund Audit Department

| 3-6 (ബി) | | | |
|---|---|---|---|
| 1 | വൗ.നം.1/20.06.05 | എം.ശശിധരൻ | എ) ഹെൽത്ത് ഇൻസ്പെക്ടർ. തലശ്ശേരി നഗരസഭ. ബി) സാരംഗി, ചിങ്ങപുരം, തിക്കോടി, കോഴിക്കോട് |
| 2 | വൗ.നം.13/20.09.05 | എം.ശശിധരൻ | - ടി - |
| 3 | വൗ.നം.23/14.12.05 | ടി.കെ.മോഹനനൻ, ഹെൽത്ത് ഇൻസ്പെക്ടർ. | എ) ഹെൽത്ത് ഇൻസ്പെക്ടർ. കോട്ടക്കൽ നഗരസഭ ബി) അനുഗ്രഹ, മുയിപ്പോത്ത്, മേപ്പയ്യൂർ(പി.ഒ), കോഴിക്കോട്. |
| 4 | വൗ.നം.25/22.06.06 | ടി.കെ.മോഹനനൻ, ഹെൽത്ത് ഇൻസ്പെക്ടർ. | - ടി - |
| 5 | വൗ.നം.54/10.12.06 | ശിവപ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ. | മേൽ വിലാസം ലഭ്യമല്ല |
| 6 | വൗ.നം.71/27.03.07 | ശിവപ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ. | - ടി - |
| 7 | വൗ.നം.23/05.09.07 | ബാബുരാജൻ.പി.പി., ഹെൽത്ത് ഇൻസ്പെക്ടർ. | എ) ഹെൽത്ത് ഇൻസ്പെക്ടർ, കോട്ടക്കൽ നഗരസഭ. ബി) അനുഗ്രഹ, മുയിപ്പോത്ത്, മേപ്പയ്യൂർ(പി.ഒ), കോഴിക്കോട്. |

## 3.4. ധനദുർവിനിയോഗം

പദ്ധതിവിഹിതം വിനിയോഗിക്കേണ്ടതു സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ടെങ്കിലും നിർദ്ദേശം അവഗണിച്ച് ധനദുർവിനിയോഗം നടത്തുന്ന രീതി ഗുരുതരമായി കാണേണ്ടതാണ്. വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യാതെ കൈവശംവയ്ക്കുക, രേഖകൾ ലഭ്യമാക്കാതെയും പരിശോധനയ്ക്ക് വിധേയമാക്കാതെയും ആനുകൂല്യം നൽകുക, ശരിയായ മോണിറ്ററിംഗ് നടത്താതിരിക്കുക എന്നീ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3.4.1. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് – ആലപ്പുഴ ജില്ല

#### *3.4.1.(i). പദ്ധതി നിർവ്വഹണത്തിനുവേണ്ടി ഗുണഭോക്തൃ വിഹിതം പിരിച്ചത് - പഞ്ചായത്ത് രസീത് ഉപയോഗിച്ചിട്ടില്ല - ഗുരുതരമായ സാമ്പത്തിക ക്രമക്കേട്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-35*

2006-07 വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ 3 പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം അംഗീകൃത പദ്ധതി രേഖയിൽ വിഭാവനം



Local Fund Audit Department

ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തു പദ്ധതികൾ നിർവ്വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന രസീതുപയോഗിച്ച് ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കണമെന്നും ഇപ്രകാരം ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടച്ച് ആവശ്യനുസരണം ചെലവഴിക്കേണ്ടതുമാണെന്ന് വിവിധ സർക്കുലറുകളിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. എം.ഷംനാദ് ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല. പഞ്ചായത്തിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷിഓഫീസർ, വെറ്റിനറി സർജൻ മുതലായവർ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽനിന്നും രസീതുബുക്കുകൾ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ രസീതു ബുക്കുകൾ ഉപയോഗിക്കാതെ വി.ഇ.ഒ. വെള്ളപേപ്പറിൽ സ്വന്തം കൈപ്പടയിലെഴുതിയാണ് ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയിരിക്കുന്നത്. ഈ പിരിവിൽ താഴെപറയുന്ന ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിന്റെ രസീതുബുക്കുകളുപയോഗിക്കാത്തതിനാൽ എത്ര ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചു എന്നതിന് രേഖയില്ല.

2. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെ ടിയാൾ പെരുമ്പള്ളി സർവ്വീസ് സഹകരണബാങ്കിൽ വി.ഇ.ഒ. ആറാട്ടുപുഴ എന്ന പേരിൽ അക്കൗണ്ട് തുടങ്ങുകയും (നം. 2184) ആയതിൽ 19.3.2007 മുതൽ 27.4.07 വരെയുള്ള വിവിധ തീയതികളിലായി 3,60,500/-രൂപ ഗുണഭോക്തൃ വിഹിതമായി നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ട ടി തുക ഇപ്രകാരം സ്വന്തം അക്കൗണ്ടിൽ നിക്ഷേപിച്ചത് ഗുരുതരമായ ക്രമക്കേടാണ്.

ഗുണഭോക്തൃ വിഹിതം വിഭാവനം ചെയ്തിരുന്നതും പദ്ധതി സഹായം കൈപ്പറ്റിയതായും കാണിച്ചിട്ടുള്ള പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| | പദ്ധതിയുടെ പേര് വിവരം | പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി സഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി സഹായം കൈപ്പറ്റിയവരിൽ നിന്നും ലഭിക്കേണ്ട ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| 1 | സോപ്പ്പൊടി നിർമ്മാണം പ്രോജക്ട് നം.007-06-07 | 80 | 68 | 170000 (68 -2500) |
| 2 | കയർനിർമ്മാണ യൂണിറ്റ് പ്രോജക്ട് നം. 008/06-07 | 80 | 65 | 162500 ( 65- 2500) |
| 3 | പുരുഷ സംഘങ്ങൾക്ക് മൈക്രോ സംരംഭം പ്രോജക്ട് നം. 009/06-07 | 16 | 16 | 40000 (16 -2500) |
| | ആകെ | 176 | 149 | 372500 |

Local Fund Audit Department

ഇപ്രകാരം പദ്ധതിധനസഹായം കൈപ്പറ്റിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി വെച്ചിരിക്കുന്ന രേഖകൾ പ്രകാരം തന്നെ ഗുണഭോക്തൃ വിഹിത മിനത്തിൽ 3,72,500/-രൂപ ടി ബാങ്ക് അക്കൗണ്ടിൽ വരവ് വരേണ്ടതാണ്. എന്നാൽ ടിഅക്കൗണ്ടിൽ 19.3.07 മുതൽ 26.4.07 വരെ ആകെ 3,60,500/- രൂപ മാത്രമാണ് വരവ് വന്നിരിക്കുന്നത്. ഇവിടെയും ആകെ വരേണ്ട തുകയിൽ 12,000/- രൂപ (372500 - 360500) കുറവായാണ് അടച്ചിരിക്കുന്നത്.

ടി അക്കൗണ്ട് പരിശോധിച്ചതിൽ ടി അക്കൗണ്ടിൽ നിന്നും തുക കൈപ്പറ്റേണ്ട എഗ്രിമെന്റ് വെച്ച കരാറുകാർ (സോപ്പുപൊടി വിതരണം, ചകിരി വിതരണം എന്നിവയ്ക്കുവേണ്ടി) സഹായധനം കൈപ്പറ്റേണ്ട പുരുഷസംഘങ്ങൾ എന്നിവരിൽ ഒന്നും ഉൾപ്പെടാത്ത വിധു എന്ന വ്യക്തിക്ക് 11.7.07 ലെ 11644-ാം നമ്പർ ചെക്കു പ്രകാരം 45,000/- രൂപ നൽകിയിരിക്കുന്നു. പദ്ധതി പ്രവർത്തനവുമായി ബന്ധമില്ലാത്ത ഈ വ്യക്തിക്ക് പണം നൽകിയത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്. മാത്രമല്ല ടി അക്കൗണ്ടിൽ ഓഡിറ്റ് സമയം വരെ 3000/- രൂപ നീക്കിയിരുപ്പായി അവശേഷിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നെല്ലാം തന്നെ ടിയാൻ ഗുണഭോക്തൃ വിഹിതം പിരിവിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാണ്. ആയതിനാൽ അനധികൃതമായി ആരംഭിച്ച ടി അക്കൗണ്ടിൽനിന്നും പിൻവലിച്ച 45,000/- രൂപയും പിരിച്ചതായി കാണിച്ചിരിക്കുന്ന തുകയിൽനിന്നും കുറവായി അടച്ച 12,000/- രൂപയും ഉൾപ്പെടെ 57,000/- രൂപ ടിയാനിൽനിന്നും ഈടാക്കേണ്ടതും ഈ പിരിവിനെ കുറിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തേണ്ടതുമാണ്.

### *3.4.1.(ii).എസ്.സി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം - പദ്ധതിധനം മുൻകൂറായി നൽകി പദ്ധതി പ്രവർത്തനം നടത്തിയിട്ടില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-31*
*(പ്രോജക്ട് നം. എസ്.080/06-07)*

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്ക്കരിച്ച ഒരു പദ്ധതിയാണിത്.

അംഗീകൃത പദ്ധതിരേഖ പ്രകാരം വിവിധ വാർഡുകളിലെ ഗ്രാമസഭയിൽ നിന്നും തെരെഞ്ഞെടുക്കുന്ന എട്ട് ഗുണഭോക്താക്കൾക്ക് പരിശീലനം നൽകാൻ പദ്ധതി ധനത്തിൽ നിന്നും 50,000/- രൂപ ചെലവഴിക്കുവാനാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നത്.

പരിശീലനം നൽകുന്നതിന് യോഗ്യമായ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ

Local Fund Audit Department

പഞ്ചായത്ത് കമ്മിറ്റിയുടെ 6.11.2006-ലെ 1(1) (11)-ാം നമ്പർ തീരുമാനപ്രകാരം റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ ഏതുകാരണത്താലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തതെന്ന് വ്യക്തമല്ല. എത്ര ക്വട്ടേഷൻ ലഭിച്ചുവെന്നോ, അതോ ക്വട്ടേഷൻ ഒന്നുംതന്നെ ലഭിച്ചിട്ടില്ലായോയെന്നുമുളള വിവരങ്ങളൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഇപ്രകാരം ഒരു തീരുമാനം എടുത്തുവെങ്കിലും പിന്നീട് വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ, ഇതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ലഭിച്ചതിന്റെയോ ഒന്നും തന്നെ വിവരങ്ങൾ ഫയലിൽ ഇല്ല എന്ന് മാത്രമല്ല പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സിൽ ടി വിഷയത്തെപ്പറ്റി യാതൊരു തീരുമാനവും എടുത്തതായി കാണുന്നില്ല.

എന്നാൽ ഇതൊന്നും പരിഗണിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. 28.12.2006-ൽ ഷൈലേന്ദ്രൻ കമിത്തറയിൽ കളളിക്കാട് എന്ന വ്യക്തിയെ ഈ പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്തു എന്ന്കാണിച്ച് കരാർ വെയ്ക്കാനാ വശ്യപ്പെട്ടു. എന്നാൽ ടിയാന്റെ പേരിൽ വാങ്ങിച്ചിട്ടുളള മുദ്രപത്രം യാതൊരു രേഖപ്പെടുത്തലും വരുത്താതെ ഫയലിൽ ഇട്ടിട്ടുണ്ട്. എന്നുമാത്രമല്ല പദ്ധതി നടത്തിപ്പിനുവേണ്ടി പദ്ധതിരേഖയിൽ വകയിരുത്തിയിരുന്ന മുഴുവൻതുകയും (50,000/-രൂപ) ഈ വ്യക്തിക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. (ഡി.ഡി.നം.473609 തീയതി: കാണിച്ചിട്ടില്ല) ഈ വ്യക്തിക്ക് സ്വന്തമായി കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്ന തിന് യോഗ്യമായ ട്രെയിനിംഗ് സെന്റർ ഉണ്ടോ, ഒരു ഗുണഭോക്താവിന് ട്രെയിനിംഗ് നൽകുന്നതിന് എന്ത് ചെലവാകും, ഏത് കോഴ്സിലാണ് ട്രെയിനിംഗ് നൽകുക, പ്രതിഫലം നൽകേണ്ടവിധം, പരിശീലനത്തിന് ശേഷം നൽകേണ്ട സർട്ടിഫിക്കറ്റുകൾ, കോഴ്സിന്റെ കാലാവധി ഇവയൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരു ത്താതെ യാതൊരു കരാറും ചമയ്ക്കാതെയാണ് ഷൈലേന്ദ്രൻ എന്ന വ്യക്തിക്ക് പണം നൽകിയിരിക്കുന്നത്. മുൻകൂറായി പദ്ധതി നടത്തിപ്പിനുവേണ്ടി വകയിരുത്തിയ പണം മുഴുവൻ നൽകിയെങ്കിലും ആർക്കും തന്നെ പരിശീലനം നൽകിയിട്ടില്ല. തുടർന്ന് തീയതിവയ്ക്കാത്ത കത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക തിരിച്ചടയ്ക്കു വാൻ ആവശ്യപ്പെട്ടുവെങ്കിലു തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ശ്രീ.എം.ഷംനാദ് വി.ഇ.ഒ.യിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.ഷംനാദ് (വി.ഇ.ഒ), പ്രദാൻമൂട്,
പ്രദാൻമൂട് ജംഗ്ഷൻ, കായംകുളം.

## 3.4.2. കണ്ണൂർ ജില്ല

### *3.4.2.(i). വ്യവസായ എസ്റ്റേറ്റുകൾ-യൂനിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല- ചെലവഴിച്ച തുക പാഴ്ചെലവായി മാറുന്നു*

Local Fund Audit Department

ഗ്രാമപഞ്ചായത്തുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി നിർമ്മിച്ച വ്യവസായ എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താലോ, സംരംഭകർ ഇല്ലാത്തതിനാലോ വ്യവസായ യൂനിറ്റുകൾ ആരംഭിക്കാത്തത് മൂലം 31.03.2007 വരെ ചെലവഴിച്ച തുക പാഴ്ചെലവായി മാറിക്കൊണ്ടിരിക്കുകയാണ്. ആയതിന്റെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | ഓ.റി. വർഷം | ഖ. നം. | 31.03.07 വരെ ചെല വഴിച്ച തുക (ലക്ഷത്തിൽ) | കുറിപ്പ് |
|---|---|---|---|---|---|
| 1 | കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് | 2006-07 | 3-5 | 14.40 | വനിതാ വ്യവസായ എസ്റ്റേറ്റ്, റി.സ. 92/1ൽ 2 ഏക്കർ 87 സെന്റ് സ്ഥലം (കിണർ ഉൾപ്പെടെ) വാങ്ങിയതും ഒരു ഷെഡ് നിർമ്മിച്ചതുമല്ലാതെ മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. |
| 2 | കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | 2006-07 | 3-3 | 10.00 | വ്യവസായ സംരംഭങ്ങൾക്ക് വർക്ക് ഷെഡ്-വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല- വ്യവസായ യൂനിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 3 | ചേലോറ ഗ്രാമ പഞ്ചായത്ത് | 2006-07 | 3-6 | 3.00 | മിനിവ്യവസായ കേന്ദ്രം - വ്യവസായ യൂനിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 4 | ഏഴോം ഗ്രാമ പഞ്ചായത്ത് | 2006-07 | 3-3 | 8.80 | മിനി വ്യവസായ കേന്ദ്രം - വ്യവസായ യൂനിറ്റുകൾ പ്രവർത്തനം ആരംഭി ച്ചിട്ടില്ല. |
| 5 | കടന്നപ്പള്ളി പാണപ്പുഴ | 2006-07 | 3-5 | 14.30 | മിനി വ്യവസായ കേന്ദ്രം - വ്യവസായ യൂനിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| | | | ആകെ | 50.50 | |

## 3.4.3. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് – പാലക്കാട് ജില്ല

### *3.4.3.(i). ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി പൈപ്പുകൾ വാങ്ങിയതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ചതിലും കൂടുതൽ നിരക്ക് നൽകി*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07 ഖണ്ഡിക നമ്പർ: 3-1 (I, II, III, IVa, IV b)*



Local Fund Audit Department

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് 2006-07-ൽ അച്ചൻമുക്ക്, നായ്ക്കർപടി, നക്കുപതി എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി കൺവീനർമാരുടെ അപേക്ഷകൾ പ്രകാരം പൈപ്പുകൾ വാങ്ങുന്നതിന് ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞനിരക്ക് സമർപ്പിച്ച കൽക്കി ഇലക്ട്രോസിന്റെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു നൽകി. എന്നാൽ പാലക്കാട് ജില്ലാ കളക്ടറുടെ ഉത്തരവ് നം.325/03/ഡി.പി.ഒ/ പാലക്കാട് തീയതി: 02.01.06 പ്രകാരം പി.വി.സി.പൈപ്പുകൾക്ക് കുമാർ പൈപ്പ്സ്, കൊച്ചി, എ.വൺ, പോളിമേഴ്സ് ഇരിങ്ങാലക്കുട എന്നീ സ്ഥാപനങ്ങളുടേയും ജി.ഐ.പൈപ്പുകൾക്ക് ലിബർട്ടി ഏജൻസീസ്, പാലക്കാട്, ജയരാജ് ട്രേഡേഴ്സ്, പാലക്കാട് എന്നീ സ്ഥാപനങ്ങളുടേയും ടെൻഡർ അംഗീകരിച്ചിരുന്നു. എന്നാൽ മേൽഉത്തരവ് പാലിക്കാതെ അധിക നിരക്കിൽ മറ്റു സ്ഥാപനങ്ങളിൽനിന്ന് പൈപ്പുകൾ വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെപറയും പ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്. അധികം ചെലവഴിച്ച 1,81,091/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് | പൈപ്പുകൾക്ക് നൽകിയ തുക | ജില്ലാകളക്ടറുടെ ഉത്തരവ്പ്രകാരം നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | ജല്ലിപ്പാറ അച്ചൻമുക്ക് ജലസേചന പദ്ധതി | 34519 | 24987 | 9532 |
| 2 | നക്കുപതി ചെറുനാലി പ്രദേശം എൽ.ഐ.എസ് | 57845 | 39219 | 18626 |
| 3 | നായ്ക്കർപാടി ലിഫ്റ്റ് ഇറിഗേഷൻ | 245515 | 185382 | 60133 |
| 4 | മട്ടത്ത്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | 544000 | 510000 | 34000 |
| 5 | മട്ടത്ത്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരണം | 240000 | 181200 | 58800 |
| | | | ആകെ | 181091 |

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ</u>*

*<u>പേരും വിലാസവും:</u>* ശ്രീ.സി.രാജൻ, പ്രോജക്ട് ഓഫീസർ

*<u>നിലവിലെ വിലാസം</u>* : സി.രാജൻ, പ്ലോട്ട് നം.9, നെല്ലിക്കോട് ഹൗസിംഗ് കോളനി,ചേവായൂർ.പി.ഒ, കോഴിക്കോട്-17.



Local Fund Audit Department

## 3.4.4. കോഴിക്കോട് നഗരസഭ – കോഴിക്കോട് ജില്ല

### *3.4.4.(i). വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3.7(14)*

നഗരദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സ്വയം തൊഴിൽ ഗ്രൂപ്പുകൾക്ക്/എ.ഡി.എസ്സുകൾക്ക് നൽകുന്നതിനായി വികസനഫണ്ട് വകയിരുത്തി വിവിധ പ്രോജക്ടുകൾ തയ്യാറാക്കുകയും ട്രഷറിയിൽനിന്നും മൊത്തം പിൻവലിച്ച 9.28 ലക്ഷം രൂപയിൽ 6,28,000/-രൂപ പ്രസ്തുത വർഷം വിനിയോഗിക്കാതെ ബാങ്കേഴ്സ് ചെക്ക് ആയി സെക്ഷനിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

ജി.ഒ.(പി)177/06 ധന തീയതി: 12.04.2006 ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം പദ്ധതി വിഹിതം ഭാവിയിൽ ചെലവ്വരുമെന്ന നിഗമനത്തിൽ മുൻകൂറായി പിൻവലിക്കാൻ പാടില്ല. ജി.ഒ.(പി)516/04/ഫിൻ തീയതി: 30.11.04 പ്രകാരം ട്രഷറിയിൽനിന്നും പിൻവലിച്ച് 30 ദിവസത്തിനകം ചെലവഴിക്കാത്ത തുക ട്രഷറിയിൽ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 10 മാസത്തിലധികം കാലം പിൻവലിച്ച തുക വിനിയോഗിക്കാതിരിക്കുന്നത് പദ്ധതിതുകയുടെ ദുരുപയോഗവും സർക്കാർ ഉത്തരവുകളുടെ ലംഘനവുമാണ്. തുക അടിയന്തിരമായി വികസന ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.കെ.എ.ശിവപ്രസാദ്, പ്രോജക്ട് ഓഫീസർ,
കുടുംബശ്രീ, 1/704 എ, ശിവപ്രഭ, വൈറ്റ്ഹിൽ,
കോഴിക്കോട്- 673 005

## 3.4.5. തളിപ്പറമ്പ് ശ്രീരാജരാജേശ്വര ക്ഷേത്രം – കണ്ണൂർ ജില്ല

### *3.4.5.(i). ആവശ്യകതയിൽ കവിഞ്ഞും അംഗീകാരമില്ലാത്തതുമായ സ്ഥാപനം മുഖേനയും ചന്ദനം വാങ്ങിയതുവഴി ക്ഷേത്ര ഫണ്ടിന് നഷ്ടം - 1,53,145/-രൂപ*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-07, ഖണ്ഡിക നമ്പർ: 42*

തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രത്തിൽ അംഗീകൃത ഡിറ്റത്തിൽ വ്യവസ്ഥ ചെയ്തിരുന്ന അളവിന് വിരുദ്ധമായും ഭരണവകുപ്പ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ചന്ദനം വാങ്ങിയതായി കാണുന്നു. ഇതുമൂലം ക്ഷേത്ര ഫണ്ടിന് 1,53,145/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ക്ഷേത്രത്തിന് ആവശ്യമായ ചന്ദനം വനംവകുപ്പിൽ നിന്നോ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നോ മാത്രമേ വാങ്ങിക്കുവാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ. എന്നാൽ ചന്ദനം വാങ്ങിയ സ്ഥാപനത്തിൽ നിന്നുള്ള രസീത്



Local Fund Audit Department

പോലും ഇല്ലാതെയാണ് ചന്ദനം വാങ്ങിയതിന് തുക നൽകിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിലെ ചന്ദനത്തിന്റെ 18 വാങ്ങലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 14 തവണയും മലപ്പുറം ജില്ലയിലെ 'വള്ളുവംപ്രം' എന്ന സ്ഥലത്തുള്ള സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. എന്നാൽ 3 തവണ ചന്ദനം വാങ്ങിയത് സംബന്ധിച്ച് യാതൊരു രേഖയുമില്ല. മലപ്പുറം ജില്ലയിലെ വള്ളുവംപ്രം എന്ന സ്ഥലത്തെ സ്ഥാപനത്തിന് ചന്ദന വിൽപ്പനയ്ക്കുള്ള അധികാരം ഉണ്ടോ എന്നത് സംബന്ധിച്ച് വാണിജ്യ നികുതി ഇന്റലിജൻസ് വകുപ്പ് മുഖേന നടത്തിയ അന്വേഷണത്തിൽ അത്തരമൊരു സ്ഥാപനം തന്നെ വള്ളുവംപ്രം എന്ന സ്ഥലത്തില്ല എന്നാണറിയിച്ചത്. ഈ സാഹചര്യത്തിൽ 14 തവണയും ചന്ദനം വാങ്ങിയത് സംബന്ധിച്ച് ക്ഷേത്ര ഭരണാധികാരികൾ ഹാജരാക്കിയത് വ്യാജ രസീതുകളാണ്. കൂടാതെ 07.07.2007-ന് വനംവകുപ്പ് 60 കി.ഗ്രാം ചന്ദനം ക്ഷേത്രത്തിന് അനുവദിച്ച് ഉത്തരവ് ഇറക്കിയെങ്കിലും ആയത് പരിഗണിക്കാതെ 20.10.2007-ന് മൈസൂറിലെ സ്പൈസി ആരോമാറ്റിക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 30 കി.ഗ്രാം ചന്ദനം വാങ്ങിയത്. ക്ഷേത്രത്തിൽ ചന്ദനം വാങ്ങൽ സംബന്ധിച്ച് പ്രവർത്തനങ്ങൾ സുതാര്യമായല്ല നടത്തി വരുന്നത് എന്നാണ് മേൽസംഗതികൾ തെളിയിക്കുന്നത്. ഈ സാഹചര്യത്തിൽ 2002 മുതൽ 2007 വരെയുള്ള കാലയളവിൽ ചന്ദനം വാങ്ങിയതിന് ചെല വഴിച്ച 1,53,145/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും ക്ഷേത്രഫണ്ടിന് ഉണ്ടായ നഷ്ടം ഉത്തരവാദിയായ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.ഇ.കെ.ബാബു നമ്പൂതിരിയിൽ നിന്നും ഈടാക്കി ക്ഷേത്രഫണ്ടിൽ ഒടുക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.ഇ.കെ.ബാബു നമ്പൂതിരി,
എക്സിക്യൂട്ടീവ് ഓഫീസർ,
എളേടത്ത് കോളശേരി ഇല്ലം, മുള്ളൂർ,
പി.ഒ.അരിയിൽ, പട്ടുവം, തളിപ്പറമ്പ്, കണ്ണൂർ.

## 3.4.6. കോഴിക്കോട് സർവ്വകലാശാല – മലപ്പുറം ജില്ല

### *3.4.6.(i). സിൻഡിക്കേറ്റു തീരുമാനം യഥാസമയം നടപ്പാക്കിയില്ല ഒഴിവാക്കാമായിരുന്ന അധിക ചെലവ്:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: പാർട്ട് 3-21*

യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഇടക്കിടെ വൈദ്യുതി നിലക്കുന്നതു കുറയ്ക്കുന്നതിനും വൈദ്യുതി നിലക്കുന്ന അവസരത്തിൽ ജനറേറ്റർ പ്രവർത്തിപ്പിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന അധികചെലവു കുറയ്ക്കുന്നതിനുള്ള പരിഹാരമായി യൂണിവേഴ്സിറ്റി അധികാരികൾ യൂണിവേഴ്സിറ്റിക്ക് മാത്രമായി 11 കെ.വി.സ്റ്റേഷൻ



Local Fund Audit Department

അനുവദിക്കാൻവേണ്ടി കെ.എസ്.ഇ.ബി.യോട് 16.05.2001-ൽ അപേക്ഷിച്ചു. ഇക്കാര്യത്തിനായി ബഹു.വി.സി, ബഹു.കേരള വൈദ്യുതി മന്ത്രിക്ക് 26.09.2001-ലും 29.01.2002-ലും നിവേദനങ്ങൾ നൽകുകയും ചെയ്തു. മഞ്ചേരി ഇലക്ട്രിസിറ്റി സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഡി.ബി.2/11 കെ.വി.ഡെഡിക്കേറ്റഡ് ഫീഡർ/യൂണി/ചേളാരി/02-03/803/എ.എസ്.നം.1/03-04/മഞ്ചേരി തീയതി: 11.04.03 നമ്പർ കത്ത് പ്രകാരം എസ്റ്റി മേറ്റ് തയ്യാറാക്കി യൂണിവേഴ്സിറ്റിക്ക് നൽകുകയും എസ്റ്റിമേറ്റ് പ്രകാര മുള്ള തുക 10,72,400/-രൂപ നിക്ഷേപിക്കാൻ 13.05.2003-ലെ ഡി.ബി/യൂണിവേഴ്സിറ്റി ഫീഡർ/2003-04/1364-ാം നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി. ആവശ്യപ്പെടുകയും ചെയ്തു. 13.08.2003-ാം തീയതിയിലെ സിൻഡിക്കേറ്റ് മീറ്റിംഗ് പ്രകാരം തുക പിൻവലിച്ച് അടവാക്കുന്നതിനു വേണ്ടി ശ്രീ. വി.ആർ.അനിൽ കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)നെ ചുമതലപ്പെടുത്തി.

06.09.05-ാം തീയതി സി.എ.ജി. ഓഡിറ്റ് 45-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ഷെഡ്യൂൾ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനാൽ മേൽ തുക സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന കെ.എസ്.ഇ.ബി.എഞ്ചിനീയറുടെ വാക്കാലുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ തുക പിൻവലിക്കുകയോ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല എന്ന മറുപടി നൽകിയതായി കാണുന്നു.

എന്നാൽ കെ.എസ്.ഇ.ബി.യുടെ 13.05.03 ലെ കത്ത് പ്രകാരം ആ സമയത്തു തന്നെ തുക നിക്ഷേപിക്കേണ്ട ചുമതല അസി.എക്സി.എഞ്ചിനീയറുടേതാണ്. ഇയാൾ ഈ ചുമതല കൃത്യസമയത്ത് നിർവ്വഹിക്കുന്നതിൽ വീഴ്ചവരുത്തിയതായി കാണുന്നു.

സ്റ്റേഷൻ നിർമ്മാണത്തിന് 12 ലക്ഷം രൂപ 2003-04 വർഷത്തെ ബജറ്റിൽ 42-4103-02 ശീർഷകത്തിൽ ഉൾപ്പെടുത്തുകയും പിൻവലിക്കാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ 07.09.2007-നാണ് യൂണിവേഴ്സിറ്റി അസി.എക്സി.എഞ്ചിനീയർ (ഇലക്ട്രിക്കൽ) കെ.എസ്. ഇ.ബി.യ്ക്ക് 16,08,000/-രൂപ അടവാക്കുന്നത്. യഥാസമയം തുക അടയ്ക്കാതിരുന്നതിനാലാണ് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള കൂടിയ തുക അടവാക്കേണ്ടിവന്നത്. ആയതിനാൽ യഥാസമയം പണമടവാക്കാത്ത അസി.എക്സി. എഞ്ചിനീയറുടെ നിലപാട് യൂണിവേഴ്സിറ്റിയുടെ ഉത്തമ താൽപ്പര്യങ്ങൾക്ക് നിരക്കുന്നതല്ല. ഇതുവഴി യൂണിവേഴ്സിറ്റിക്ക് 5,35,600/-(16,08,000-10,72,400) രൂപയുടെ അധിക ബാധ്യത വന്നുചേർന്നു.

11 കെ.വി.സ്റ്റേഷൻ നിർമ്മിച്ചതിനുശേഷം ജനറേറ്റർ പ്രവർത്തിക്കുന്നതിന് ഡീസൽ വാങ്ങുന്ന ചെലവിൽ പ്രതിവർഷം 3,00,672/- രൂപ ലാഭം യൂണിവേഴ്സിറ്റി ഫണ്ടിന് വരുന്നു എന്ന് എക്സി.എഞ്ചിനീയർ 07.08.2009 ലെ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് തീരുമാനം യഥാസമയം

Local Fund Audit Department

നടപ്പിൽ വരുത്തി യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെങ്കിൽ യൂണിവേഴ്സിറ്റിക്ക് 4 വർഷത്തേക്ക് 12,02,688/-രൂപ (3,00,672x4) ഡീസൽ ചെലവിൽ ലാഭിക്കാമായിരുന്നു.

ഭരണ നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ച നിമിത്തം ഈ ഇനത്തിൽ യൂണിവേഴ്സിറ്റിക്ക് 17,38,288/-രൂപ (535600+1202688) ലാഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തിയിരിക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.വി.ആർ.അനിൽകുമാർ,
എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ വിംഗ്
എഞ്ചിനീയറിംഗ് വിഭാഗം, കോഴിക്കോട്
സർവ്വകലാശാല.

## 3.5. നിലവാരമില്ലാത്ത റോഡുനിർമ്മാണം

ഓരോ സാമ്പത്തിക വർഷവും പദ്ധതിവിഹിതം കൂടുതൽ വിനിയോഗിക്കപ്പെടുന്ന മേഖലയാണ് റോഡുനിർമ്മാണം. ഈ മേഖലയിൽ പദ്ധതി വിഹിതം വേണ്ട വിധത്തിൽ വിനിയോഗിച്ചു കാണുന്നില്ല. ശരിയായ മോണിറ്ററിംഗിന്റെ അഭാവം ഇക്കാര്യത്തിൽ പ്രകടമാണ്. റോഡ്പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ടാറിന് പൊതുമരാമത്ത് വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്ക് ഉൾപ്പെടുത്തേണ്ടതാണെന്നും ടാറിന്റെ വില ഒഴിവാക്കി ബാക്കി തുകയ്ക്കാണ് കോൺട്രാക്ടറുടെ ലാഭവിഹിതം കണക്കാക്കേണ്ടതെന്നും ടാറിന് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള കൺവെയൻസ് അനുവദിക്കാമെന്നും സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ റോഡു പണികൾക്ക് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റിംഗ് ജോലികൾക്ക് ആവശ്യമായ അളവിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിയ്ക്കാത്തതിനാൽ അവയുടെ ഗുണനിലവാരം നഷ്ടപ്പെടുന്ന തരത്തിലുള്ള പ്രവൃത്തികളുടെ ഏതാനും ഉദാഹരണങ്ങൾ ഇതോടൊപ്പം വിശദീകരിക്കുന്നു.

### 3.5.1. കടമ്പനാട് ഗ്രാമപഞ്ചായത്ത് – പത്തനംതിട്ട

#### *3.5.1.(i). റോഡ് കോൺഗ്രീറ്റിംഗ് പ്രവൃത്തികൾക്ക് സിമന്റ് കുറവ് ഉപയോഗിക്കുകയും, ഉപയോഗിക്കാത്ത സിമന്റിന് കൂടി വില നൽകുകയും ചെയ്തു*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-11*

Local Fund Audit Department

2006-07 വർഷം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ വിവിധ റോഡ് കോൺ ക്രീറ്റിംഗ് പ്രവർത്തികൾക്ക് ആവശ്യമായ അളവിൽ സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടില്ല. ആവശ്യമായതിനേക്കാൾ 3760 കി.ഗ്രാം സിമന്റ് കുറവാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കൺവീനർമാർ ഹാജരാക്കിയ ചെലവ് കണക്കുകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. സിമന്റിന്റെ വിനിയോഗം എം.ബുക്കിൽ രേഖപ്പെടുത്തി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആവശ്യമായ അളവിൽ മെറ്റീരിയൽസ് ഉപയോഗിച്ച് നിലവാരം പുലർത്തിയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്താതെയാണ് പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് നൽകിയിട്ടുള്ളതെന്ന് കാണുന്നു. ഉപയോഗിക്കാത്ത 3760 കി.ഗ്രാം സിമന്റിന്റെ വിലകൂടി ഉൾപ്പെടുത്തിയാണ് കൺവീനർമാർക്ക് പ്രതിഫലം നൽകിയിട്ടുള്ളത്. അധികം നൽകിയ തുക കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കണം പ്രവൃത്തി കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് | വാങ്ങി ഉപയോഗിച്ച അളവ് | കുറവ് |
|---|---|---|---|---|
| 1 | വെട്ടുവയൽ-പാലത്തടം റോഡ് കോൺക്രീറ്റിംഗ് പ്രോ.നം.212/07 | 10804 കി.ഗ്രാം. | 9500 കി.ഗ്രാം. | 1304 കി.ഗ്രാം |
| 2 | VIII-ാം വാർഡിൽ പ്ലാമൂട്ടിൽപ്പടി ഇലവുംമൂട്ടിൽ പ്പടി റോഡ് കോൺക്രീറ്റിംഗ് | 3519 കി.ഗ്രാം | 2000 കി.ഗ്രാം | 1519 കി.ഗ്രാം |
| 3 | സെന്റ് മേരീസ് ചർച്ച് - തോയിപ്പാട്ട് റോഡ് കോൺക്രീറ്റിംഗ് (SGRY) | 3519 കി.ഗ്രാം | 3000 കി.ഗ്രാം | 519 കി.ഗ്രാം |
| 4 | കന്നാട്ടുകുന്ന് അമ്പിയിൽപ്പടി റോഡ് ഉദ്ധാരണം (SGRY) | 7918 കി.ഗ്രാം | 7500 കി.ഗ്രാം | 418 കി.ഗ്രാം |
| | | | ആകെ | 3760 കി.ഗ്രാം. |

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ഡി.രവീന്ദ്രൻ, അസിസ്റ്റന്റ് എഞ്ചിനീയർ
എൽ.എസ്.ജി.ഡി.ചരുവിളയിൽ, ചിരണിക്കൽ,
പുതുമല.പി.ഒ, പറക്കോട്.

Local Fund Audit Department

# 3.6. കൂടുതൽ അന്വേഷണം ശുപാർശ ചെയ്യുന്നവ

ക്രമപ്രകാരമല്ലാതെയും നിരുത്തരവാദിത്തത്തോടെയും പ്രവൃത്തി നിർവ്വഹിച്ചതും ധനസഹായം ദുരുപയോഗം ചെയ്തതും സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങളിന്മേൽ അധിക ബാധ്യത വന്നിട്ടുണ്ടോ എന്നറിയുന്നതിന് വിവിധ ജില്ലകളിലെ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങളിൽ കൂടുതൽ അന്വേഷണം ശുപാർശ ചെയ്യുന്നു.

## 3.6.1. കണ്ണൂർ നഗരസഭ – കണ്ണൂർ ജില്ല

### *3.6.1.(i). മാലിന്യ നീക്കത്തിന് ടിപ്പർ ലോറികൾ ദിവസ വാടക അടിസ്ഥാനത്തിൽ ഉപയോഗിച്ചത് ക്രമവിരുദ്ധമായ നടപടികൾ - അന്വേഷണം ശുപാർശ ചെയ്തു*

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 3-26*

മാലിന്യങ്ങൾ നീക്കംചെയ്യുന്നതിന് ദിവസവാടക അടിസ്ഥാനത്തിൽ ടിപ്പർ ലോറികൾ ഉപയോഗിച്ചത് നടപടിക്രമങ്ങൾ പാലിക്കാതെയും നഗരസഭയുടെ ഉത്തമ താൽപ്പര്യങ്ങൾ പരിഗണിക്കാതെയുമാണ്. നഗരസഭയിൽ മാലിന്യങ്ങൾനീക്കം ചെയ്യു ന്നതിനായി ഉപയോഗിച്ച്വന്ന കെ.എൽ. 13.എഫ്.2392, കെ.എൽ.13.എഫ്.2289 എന്നീ ലോറികൾ തകരാറിലായതിനാൽ രണ്ട് ലോറികൾ വാടകയ്ക്ക് എടുക്കാനുള്ള നടപടി കൾ എച്ച്.1/16087/07 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് വ്യവസ്ഥാപിത ടെണ്ടർനടപടി ഒഴിവാക്കി ഹാന്റ്ക്വട്ടേഷൻ വാങ്ങിയാണ് കരാറുകാരനെ തെരഞ്ഞെടുത്തത്. ദിവസവാടക 2800/-രൂപ രേഖപ്പെടു ത്തിയ എം.ടി.മുഹമ്മദ്കുഞ്ഞിയുടെ ക്വട്ടേഷൻ അംഗീകരിക്കാൻ ഹെൽത്ത് സൂപ്പർ വൈസർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ക്വട്ടേഷനുകൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങുകയോ എഗ്രിമെന്റ് വെക്കുകയോ വർക്ക് ഓർഡർ നൽകുകയോ ചെയ്യാതെ എം.ടി.മുഹമ്മദ്കുഞ്ഞി ഹാജിയുടെ രണ്ട് ടിപ്പർ ലോറികൾ 12.06.07 മുതൽ മാലിന്യങ്ങൾ നീക്കുന്ന ജോലി തുടങ്ങുകയുണ്ടായി. മേൽ പ്രവൃത്തിയ്ക്ക് 06.07.07-നാണ് ചെയർമാൻ മുൻകൂർ അനുമതി നൽകിയത്. 06.07.07 ഉച്ചതിരിഞ്ഞ് 2 മണിവരെ നടന്ന പ്രവൃത്തിയുടെ തുക ആവശ്യപ്പെട്ട് ശ്രീ.എം.ടി. മുഹമ്മദ്കുഞ്ഞി ഹാജി 06.07.07-ന് തന്നെ നൽകിയ അപേക്ഷ പരിഗണിച്ച് അന്ന്തന്നെ എല്ലാ നടപടികളും പൂർത്തീകരിച്ച് വാടക അനുവദിച്ച നടപടി സംശയാസ്പദമാണ്. 11.07.07-ന് ചാർജ്ജെടുത്ത പുതിയ സെക്രട്ടറിയുടെ ആവർത്തിച്ചുള്ള നിർദ്ദേശ ങ്ങളുടെ അടിസ്ഥാനത്തിൽ പത്രപരസ്യം നൽകി 18.09.07-ന് ക്വട്ടേഷൻ ക്ഷണിച്ചു വെങ്കിലും നടപടികൾ പൂർത്തീകരിക്കാൻ അകാരണമായ കാലതാമസമുണ്ടായി. 2600/-രൂപ ക്വാട്ട്ചെയ്ത ശ്രീ.എം.ടി.അബ്ദുൾബഷീറിന്റേതായിരുന്നു ഏറ്റവും കുറഞ്ഞ



Local Fund Audit Department

നിരക്ക് നെഗോസിയേഷൻ. നോട്ടീസിന് ശ്രീ.എം.ടി.അബ്ദുൾബഷീർ നൽകിയ മറുപടിയിൽ ക്വട്ടേഷൻ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒട്ടേറെ അവകാശവാദങ്ങളാണ് അദ്ദേഹം ഉന്നയിച്ചത്. പ്രഥമദൃഷ്ട്യാതന്നെ നഗരസഭയ്ക്ക് അംഗീകരിക്കാനാവാത്ത വാദങ്ങൾ മുന്നോട്ട്വെച്ച് ടെണ്ടർനടപടി അട്ടിമറിച്ച കരാറുകാരനെതിരെ നടപടി സ്വീകരിക്കണമെന്ന സെക്രട്ടറിയുടെ നിർദ്ദേശം പാലിക്കപ്പെട്ടില്ല. നിലവിലുള്ള കരാറുകാരൻ എം.ടി.മുഹമ്മദ്കുഞ്ഞി ഹാജിയുടെയും ശ്രീ.എം.ടി.അബ്ദുൾബഷീറിന്റെയും ക്വട്ടേഷനുകളിലെ ടെലഫോൺ നമ്പറുകൾ ഒന്നു തന്നെയാണെന്നുള്ളത് മൽസരാധിഷ്ഠിത ക്വട്ടേഷൻ നടപടികളെ അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമംനടന്നു എന്ന സംശയത്തിനിടയാക്കുന്നു. ടിപ്പർലോറി ദിവസവാടക നിരക്കിൽ ഉപയോഗിച്ചതിന് നഗരസഭയ്ക്ക് 2007-08 വർഷം 9,04,400/-രൂപ ചെലവായിട്ടുണ്ട്. തുക നൽകുമ്പോൾ ആദായനികുതി കുറച്ചിട്ടില്ല. 2.24% നിരക്കിൽ 20,259/-രൂപ ആദായനികുതിയായി ഒടുക്കേണ്ടതായിരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണി യഥാസമയം നിർവഹിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് നഗരസഭയിൽ ഉണ്ടായിട്ടുള്ളത്. വാഹനങ്ങളുടെ അറ്റകുറ്റപ്പണി അടിയന്തിരമായി നടത്താനുള്ള 23.07.07-ലെ കൗൺസിൽ തീരുമാനം നടപ്പാക്കപ്പെട്ടില്ല.

നഗരസഭയുടെ ഒരു വാഹനം മാത്രം ഓടാതിരുന്ന കാലയളവിലും (10.07.07 മുതൽ 31.08.07 വരെ) ദിവസവാടക അടിസ്ഥാനത്തിൽ രണ്ട് വാഹനം ഓടിച്ചതും തുക നൽകിയതും ഗുരുതരമായ ക്രമക്കേടാണ്. ഈ കാലയളവിൽ (35 ദിവസം) രണ്ടുവാടക വാഹനങ്ങളും സർവ്വീസ് നടത്തിയിട്ടുണ്ട്. ഈ ഇനത്തിലുണ്ടായ അധിക ചെലവായ 98,000/-രൂപ (35x2800) നഗരസഭ യ്ക്കുണ്ടായ വ്യക്തമായ നഷ്ടമാണ്.

മാലിന്യം കുഴികളിലെത്തിക്കുന്നതിനായി എസ്കവേറ്റർ ഉപയോഗിക്കുകയും നടപടി ക്രമങ്ങൾ പാലിക്കാതെ ലക്ഷക്കണക്കിന് രൂപ വാടകയിനത്തിൽ നൽകുകയും ചെയ്തതിനെ ക്കുറിച്ച് 2006-07 ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. അന്നും ഹാന്റ് ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കായി തെരഞ്ഞെടുത്തത് എം.ടി.മുഹമ്മദ് കുഞ്ഞിഹാജി എന്ന കരാറുകാരനെ തന്നെയായിരുന്നു. സമാനതകളേറെയുള്ള ക്രമക്കേടുകളാണ് ആവർത്തിച്ചിരിക്കുന്നത്. എം.ടി.മുഹമ്മദ് കുഞ്ഞിഹാജി എന്ന കരാറുകാരന് നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ട് പ്രവൃത്തികൾ നൽകുന്നതിന് പിന്നിലുള്ള താൽപ്പര്യം വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

| | | |
|---|---|---|
| *<u>വ്യക്തമായ നഷ്ടത്തിന് ഉത്തരവാദിയായഉദ്യോഗസ്ഥ</u>* | : | ശ്രീമതി.എം.സബീനപോൾ, സെക്രട്ടറി, 'ടച്ച് സ്റ്റോൺ മാനർ', അപ്പാർട്ട്മെന്റ് നമ്പർ.8 എ(1), മാതൃഭൂമി, വഞ്ചിയൂർ, തിരുവനന്തപുരം. |
| *<u>മറ്റ് പരാമർശങ്ങൾക്ക് ഉത്തരവാദി:</u>* | : | ശ്രീ.ബി.ഇന്ദ്രബാലൻപിള്ള, സക്രട്ടറി, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട്.പി.ഒ, കൊല്ലം. |



Local Fund Audit Department

## 3.6.2. കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര

**ഡി.പി.പി.വർക്ക് ബിൽ**

### *3.6.2.(i). തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിനുവേണ്ടി ഭരണ കാര്യാലയ നിർമ്മാണം -കുറഞ്ഞ ടെണ്ടർ അവഗണിച്ച തിനാൽ സർവ്വകലാശാലയ്ക്ക് സാമ്പത്തികനഷ്ടം*

*ഓഡിറ്റ് റിപ്പോർട്ടുകൾ: 2006-07, ഖണ്ഡിക നമ്പർ: 8*

ഭരണകാര്യാലയ നിർമ്മാണത്തിനായി കണ്ണൂർ, മലപ്പുറം എന്നീ കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കൊപ്പം തൃശ്ശൂർ കർഷക വിജ്ഞാന കേന്ദ്രയിലേക്കും 3,34,500/-രൂപ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ലഭിച്ച ടെണ്ടറുകളിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 7.1% കുറഞ്ഞ ക്വട്ടേഷൻ വ്യക്തമായ കാരണങ്ങളില്ലാതെ നിരസിച്ചുകൊണ്ട് എസ്റ്റിമേറ്റിലും 13.5% കൂടുതൽ ഉദ്ധരിച്ച ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു. ഈ നടപടിയിൽ പി.ഡബ്ല്യു.ഡി.മാന്വൽ ഖണ്ഡിക 15-7-14, സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 31 എന്നിവയുടെയും അനുബന്ധ സർക്കാർ ഉത്തരവുകളുടെയും ലംഘനം ഉൾപ്പെട്ടിട്ടുള്ളതിനാൽ ഭരണവകുപ്പുതലത്തിലുള്ള അന്വേഷണം ശുപാർശ ചെയ്യുന്നു.

**ഡി.പി.പി.വർക്ക് ബിൽ**

### *3.6.2.((ii).വെറ്ററിനറി കോളേജ്, പൂക്കോട് - ഇന്റേണീസ് ഹോസ്റ്റലിന്റെ അടിയന്തിര നിർമ്മാണം അനിശ്ചിതമായി നിർത്തിവെയ്ക്കപ്പെട്ടു. അധികച്ചെലവും നിരുത്തര വാദിത്തവും അന്വേഷണവിധേയമാക്കണം*

*ഓഡിറ്റ് റിപ്പോർട്ടുകൾ: 2006-07, ഖണ്ഡിക നമ്പർ: 12*

12/05-നകം പൂർത്തിയാകേണ്ട അടിയന്തിരപണി എന്ന പ്രത്യേക വിശേഷണത്തോടെ ആരംഭിച്ച പൂക്കോട് വെറ്ററിനറി കോളേജിലെ ഇന്റേണീസ് ഹോസ്റ്റലിന്റെ പണി ഓഡിറ്റ് വേളയിലും എങ്ങുമെത്താതെ അവശേഷിക്കുന്നു. എസ്റ്റിമേറ്റിനേക്കാൾ 15% അധികരിച്ച നിരക്കിൽ ശ്രീ.അനൂപ് അശോക് എന്നയാൾക്ക് എഗ്രീഡ് പി.എ.സി. 52,13,836/-രൂപയ്ക്ക് കരാർനൽകുകയും തുടർന്ന് മൂന്നുതവണ കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്തു. പ്ലാൻ, സൈറ്റ് എന്നിവ അന്തിമമായി നിശ്ചയിക്കാതെ തിരക്കിട്ട് ടെണ്ടർ ചെയ്തതുമുതൽ കരാറുകാരൻ കരാർ കാലാവധികൾ തുടർച്ചയായി അട്ടിമറിക്കുകയും പണി പാതിവഴിയിലുപേക്ഷിക്കുകയും ചെയ്തതുവരെയുള്ള കാര്യങ്ങളിൽ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗുരുതരമായ കെടുകാര്യസ്ഥതയായി ഓഡിറ്റ് വീക്ഷിക്കുന്നു.

Local Fund Audit Department

കോൺട്രാക്ടർക്ക് നിരുപാധികം സമയപരിധി നീട്ടിക്കൊടുക്കൽ, 35,23,152/- രൂപ ചെലവഴിച്ചതിന്റെ സാധുത, ഓഡിറ്റ് വേളവരെയും പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്ത സാഹചര്യം എന്നിവ തുടരന്വേഷണം ആവശ്യപ്പെടുന്നു.

## 3.7. ലക്ഷ്യം പൂർത്തീകരിയ്ക്കാത്ത പദ്ധതികൾ

പദ്ധതി വിഹിതം ഭാഗികമായി ചെലവാക്കിയതിനുശേഷം പദ്ധതി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിയ്ക്കപ്പെടുന്ന പ്രവണത ഓരോ വർഷവും കണ്ടുവരുന്നു. ഓരോ പദ്ധതിയിലും ആയതിന്റെ ഭൗതികലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല. പദ്ധതിവിഹിതം ഏതുവിധേനയും ചെലവാക്കുക എന്നതിലുപരി, പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനാ വിധേയമാക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ യഥാസമയം മോണിറ്ററിംഗ് നടക്കുന്നില്ല. പദ്ധതി മോണിറ്ററിംഗ് നിർബന്ധമാക്കി പദ്ധതി പൂർത്തീകരണത്തിന് ശാശ്വത പരിഹാരം കാണേണ്ടതാണ്.

### 3.7.1. മണമ്പൂർ ഗ്രാമപഞ്ചായത്ത്– തിരുവനന്തപുരം ജില്ല

#### *3.7.1.(i). കുടിവെള്ള പദ്ധതി - 5 ലക്ഷത്തിലധികം രൂപ ചെലവഴിച്ചു - 8 വർഷം കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യം കണ്ടില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-10*

കൊടിതൂക്കിക്കുന്ന്, പെരുങ്കുളം വാർഡുകളിലെ 150-ഓളം പട്ടികജാതി കുടുംബങ്ങളുൾപ്പെടെയുള്ളവർക്ക് കുടിവെള്ളം എത്തിക്കുന്നതിനായി 9-ാം പഞ്ചവൽസര പദ്ധതിയിൽ രൂപം കൊടുത്ത പുളിയിക്കച്ചിറ കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 1998-99-ൽ 15,00,000/-രൂപ എസ്റ്റിമേറ്റ് വരുന്ന പദ്ധതിയ്ക്ക് രൂപം കൊടുത്തു. 1999-2000-ൽ 4,63,669/-രൂപയ്ക്ക് കിണർ നിർമ്മാണം പൂർത്തിയാക്കി. 2-ാം ഘട്ട പ്രവർത്തനമായ ടാങ്ക് നിർമ്മാണത്തിന് 50,000/-രൂപ നൽകിയെങ്കിലും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഈ പണി തുടർന്ന് നടത്തുന്നതിന് എസ്.സി.പി. ഫണ്ടിൽ 3,50,000/-രൂപ വകയിരുത്തി 2007-08-ൽ എസ്.ഒ.076/08 പദ്ധതി രൂപീകരിച്ചു. 5 ലക്ഷത്തി ലധികം രൂപ ചെലവഴിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതിക്ക് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഇതുകൊണ്ട് തദ്ദേശവാസികളായ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാകാത്തതിനാൽ 5 ലക്ഷത്തിലധികം രൂപയുടെ പദ്ധതിപ്പണം പാഴായതായി കാണുന്നു.

Local Fund Audit Department

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: മുഹമ്മദ് ഇസ്മദ്,*
*നസീറ മൻസിൽ, മംഗലപുരം,*
*തോന്നക്കൽ.പി.ഒ.*

## 3.7.2. വിതുര ഗ്രാമപഞ്ചായത്ത് – തിരുവനന്തപുരം ജില്ല.

### *3.7.2.(i). വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് 11,75,000/-രൂപ പ്ലാൻ ഫണ്ടിൽനിന്നും പിൻവലിച്ചു. പദ്ധതി നിർവ്വഹണം നടപ്പാക്കിയതിനു രേഖയില്ല*

*ഓഡിറ്റ് റിപ്പോർട്ട്: 2006-07, ഖണ്ഡിക നമ്പർ: 3.7*

വനിതകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ച് വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി പഞ്ചായത്ത് പ്രദേശത്തുള്ളതും ഗ്രേഡിംഗ് നടത്തി തെരഞ്ഞെടുക്കപ്പെട്ടതുമായ 235 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ പ്ലാൻഫണ്ടിൽനിന്നും ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓരോ സംഘത്തിനും പദ്ധതി വിഹിതത്തിൽ നിന്നും 5,000/-രൂപയും ബാങ്ക് വായ്പ 15,000/-രൂപയും ചേർത്ത് ആകെ 20,000/-രൂപയാണ് ചെറുകിട വ്യവസായം തുടങ്ങാനുള്ള ധനസഹായം.

| ക്രമ നം. | പ്രോജക്ട് നമ്പർ | ചെറുകിട വ്യവസായ സംരംഭം | പദ്ധതി വിഹിതം രൂപ. | ബാങ്ക് വായ്പ രൂപ. | ആകെ അടങ്കൽ രൂപ. |
|---|---|---|---|---|---|
| 1 | 6/07 | പലഹാര നിർമ്മാണ യൂണിറ്റ് | 2,35,000 (47 യൂണിറ്റുകൾ ഓരോ യൂണിറ്റിനും 5000 രൂപ വീതം | 7,05,000 | 9,40,000 |
| 2 | 7/07 | അച്ചാർ നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |
| 3 | 8/07 | ചന്ദനത്തിരി നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |
| 4 | 9/07 | സോപ്പ് നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |
| 5 | 10/07 | പർപ്പടക നിർമ്മാണ യൂണിറ്റ് | 2,35,000 | 7,05,000 | 9,40,000 |

പ്രോജക്ടും പ്ലാൻ ഫണ്ട് വിഹിതവും ബാങ്കിനെ ഏൽപ്പിക്കുകയും ബാങ്ക് വഴി വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുകയും ചെയ്യുന്നു.

Local Fund Audit Department

മേല്പറഞ്ഞ 235 സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും 24.03.07-ൽ ബിൽ നമ്പർ 801/06-07 പ്രകാരം 11,75,000/-രൂപ (235x5000) പിൻവലിച്ചു. ഈ തുക 24.03.07-ൽ ഇൻഡ്യൻ ബാങ്ക്, വിതുരയിൽ നിക്ഷേപിച്ചു. പ്രസ്തുത തുകയിൽ നിന്നും 2,90,000/-രൂപ 58 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് 181415/30.03.07 നമ്പർ ചെക്ക് മുഖേന ഇൻഡ്യൻ ബാങ്കിനെ തന്നെ ഏൽപ്പിച്ചതായി കാണുന്നു. ബാക്കിയുള്ള തുകയിൽ നിന്നും 5,95,000/-രൂപ പിൻവലിച്ച് എസ്.ബി.റ്റി. വിതുര ബ്രാഞ്ചിനെയും 2,90,000/-രൂപ വിതുര സർവ്വീസ് സഹകരണ ബാങ്കിനെയും വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് 24.04.07-ൽ ഏൽപ്പിച്ചതായി കാണുന്നു.

2006-07 സാമ്പത്തിക വർഷം 58 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് പദ്ധതിവിഹിത തുകയായ 2,90,000/-രൂപ ഇൻഡ്യൻ ബാങ്ക്, വിതുരയെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് ബാങ്കിൽനിന്നും വായ്പകൾ നൽകിയതായുള്ള രേഖകൾ ഇല്ല. പ്രസ്തുത പ്രോജക്ടുകളുടെ മോണിറ്ററിംഗ് ചുമതലയുള്ള വനിതാക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയത് സംബന്ധിച്ച രേഖകളും ഇല്ല. ആയതിനാൽ പ്രസ്തുത പ്രോജക്ട് ലക്ഷ്യം നിറവേറിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കി ചെലവിന്റെ സാധുതയും കൃത്യതയും ബോദ്ധ്യപ്പെടുത്താത്തതിനാൽ ഇത്തരം ചെലവ് നടന്നിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3.7.3. തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് – എറണാകുളം ജില്ല

### *3.7.3.(i). ഇരുമ്പനം കുടിവെള്ള പദ്ധതി - 3 വർഷമായിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-10*

2005-06 വർഷത്തിൽ ഉൾപ്പെടുത്തിയിരുന്ന 5,27,000/-രൂപ അടങ്കൽ കണക്കാക്കി യിരുന്ന പദ്ധതി 2006-07 വർഷം സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി 12/06-ൽ ടെൻഡർ ചെയ്യുകയും, ശ്രീ.രാഘവമേനോൻ എന്ന കരാറുകാരന്റെ പേരിൽ 0.01% കുറവിന് കരാർ ഉറപ്പിക്കുകയും ചെയ്തു. 2006-07 വർഷം പദ്ധതി ആരംഭിച്ചില്ല. പിന്നീട് മെറ്റീരിയൽസിന്റെ വിലവർദ്ധനവും മറ്റും കണക്കിലെടുത്ത് എസ്റ്റിമേറ്റ് പുതുക്കിത്തന്നാൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുകയുള്ളൂവെന്ന് കരാറുകാരൻ അറിയിച്ചതനുസരിച്ച് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ എസ്റ്റിമേറ്റ് പുതുക്കി റീടെൻഡർ ചെയ്ത് പ്രവൃത്തി നിർവ്വഹണം നടത്തുവാൻ 11/07-ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പുതുക്കിയ എസ്റ്റിമേറ്റിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങുകയും ചെയ്തു. തുടർന്ന് ആദ്യകരാറുകാരനായ

Local Fund Audit Department

ശ്രീ.രാഘവമേനോൻ തന്നെ പ്രവൃത്തി ഏറ്റെടുക്കുകയും, എസ്റ്റിമേറ്റിലെ ഏതാനും ഇനങ്ങൾ മാത്രം ചെയ്ത് 3/08-ന് 60,718/-രൂപ ടിയാൻ കൈപ്പറ്റുകയുണ്ടായി.

പദ്ധതി ആസൂത്രണം ചെയ്ത് 3 വർഷം കഴിഞ്ഞിട്ടും 8/08 വരെ പദ്ധതി പൂർത്തിയാക്കിയിട്ടില്ല. കൂടാതെ ആദ്യകരാറുകാരൻ കരാർ പ്രകാരം പണി പൂർത്തിയാക്കാതിരുന്നിട്ടും, പുതുക്കിയ എസ്റ്റിമേറ്റിൽ ടിയാളെത്തന്നെ പണി ഏൽപ്പിക്കുകയും നാളിതുവരെ പദ്ധതി പൂർത്തീകരിക്കാതിരിക്കുകയും ചെയ്തത് പഞ്ചായത്ത് ഭരണ സമിതിയുടേയും സെക്രട്ടറിയുടേയും അനാസ്ഥമൂലമാണ് എന്നതിനാൽ ആയതിന് വിശദീകരണം നൽകുകയും പണി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്ന് നിയമാനുസൃതമായ പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>*: ശ്രീ.തോമസ് രാജൻ, കുഴിനാട്ടുകുഴിയിൽ,
എഴക്കരനാട് സൗത്ത്.പി.ഒ., എറണാകുളം

## 3.7.4. വടകരപ്പതി ഗ്രാമപഞ്ചായത്ത് – പാലക്കാട് ജില്ല

### *3.7.4.(i). റഗുലേറ്റഡ് മാർക്കറ്റ് - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 ഖണ്ഡിക നമ്പർ: 3-2</u>*

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ഉത്പന്നങ്ങൾ നേരിട്ട് വിപണനം നടത്തി മെച്ചപ്പെട്ട വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 11,68,634/-രൂപ ചെലവഴിച്ച് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഉത്ഘാടനം 29.6.06 ന് നടത്തിയെങ്കിലും വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നും നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ 11.68 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും മാർക്കറ്റിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല.

## 3.7.5. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് – പാലക്കാട് ജില്ല

### *3.7.5.(i). പിട്ടുക്കാരികുളമ്പ് ജലസംഭരണി ജലവിതരണത്തിന് ഉപയോഗപ്പെടുത്തുന്നില്ല*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07 ഖണ്ഡിക നമ്പർ: 3-5</u>*

1999-ൽ 5 ലക്ഷം രൂപ ചെലവ് ചെയ്ത് നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിച്ച പിട്ടുകാരി കുളമ്പ് ജലസംഭരണിയുടെ തുടർപ്രവർത്തനത്തിനായി പ്രോജക്ട് നമ്പർ 57/06 പ്രകാരം 2006-07 സാമ്പത്തിക വർഷത്തിൽ 1,41,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ജലവിതരണം ആരംഭിച്ചിട്ടില്ല. ജലസംഭരണിക്കായി 6.41 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും നാളിതുവരെ പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല.

Local Fund Audit Department

## 3.7.6. കോട്ടത്തറ ഗ്രാമപഞ്ചായത്ത് – വയനാട് ജില്ല

### *3.7.6.(i). കുടുംബശ്രീ നടപ്പാക്കിയ ആശ്രയ പദ്ധതി കമ്പ്യൂട്ടർ സ്ഥാപിക്കൽ പ്രയോജനം ചെയ്തിട്ടില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-19*

അഗതി ആശ്രയപദ്ധതിക്ക് ആവശ്യമായ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനു വേണ്ടി ആശ്രയ കമ്പ്യൂട്ടർ പദ്ധതി നടപ്പിലാക്കുന്നതിനായി 2004-05-ൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിന് 2,50,000/-രൂപ അനുവദിച്ചിരുന്നു.

മൂന്ന് കമ്പ്യൂട്ടറുകൾ (ഒരു സെർവർ, 2 നോഡുകൾ) പ്രിന്റർ, യു.പി.എസ്, മോഡം (ഓൺ ലൈൻ) നെറ്റ്‌വർക്കിംഗ്, സോഫ്റ്റ്‌വെയറുകൾ എന്നിവ സ്ഥാപിക്കുന്നതിനായാണ് പണം അനുവദിച്ചതെന്ന് കുടുംബശ്രീ മിഷൻ ഡയറക്ടറുടെ 01.12.2003-ലെ കത്തിൽ പറഞ്ഞിരിക്കുന്നു. ഇതേ കത്ത് പ്രകാരമാണ് ഇൻഫോശ്രീ സിസ്റ്റംസ് ആന്റ് പെരിഫറൽസ് ചെമ്മനാട് കാസർഗോഡിന് സപ്ലൈ ഓർഡർ നൽകിയത്. മേൽ പറഞ്ഞ ഉപകരണങ്ങളും അനുബന്ധ സഹായങ്ങളും സ്ഥാപിക്കുന്നതിനായി 06.06.2006-ന് ഇൻഫോശ്രീ 1,58,150/-രൂപയുടെ ക്വട്ടേഷൻ നൽകി.

ബി2/795/04 തീയതി 02.08.2006 പ്രകാരം സെക്രട്ടറി സപ്ലൈ ഓർഡർ നൽകി. അഡ്വാൻസായി 91,462/-രൂപയുടെ ചെക്ക് (25529/02.08.2006) ഇൻഫോശ്രീയ്ക്ക് നൽകി. മൂന്ന് കമ്പ്യൂട്ടറും ഒരു യു.പി.എസ്സും സപ്ലൈ ചെയ്യുകയും(വില 1,05,850/-രൂപ) അവ സ്ഥാപിച്ചു എന്ന് 19.09.2006-ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

01.12.2003-ലെ കുടുംബശ്രീ മിഷൻ ഡയറക്ടറുടെ കത്തിൽ 75% വരെ തുക മുൻകൂറായി നൽകാമെന്നും ബാക്കി തുക കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചു എന്ന് നാഷണൽ ഇൻഫോർമാറ്റിക് സെന്ററിലെ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ നൽകാവൂ എന്നും വ്യവസ്ഥ ചെയ്തിരുന്നു.

24.11.2006-ന് എൻ.ഐ.സി.ഉദ്യോഗസ്ഥർ ഇൻസ്പെക്ഷൻ തീരുമാനിച്ചെങ്കിലും ഇൻഫോശ്രീ പ്രതിനിധികൾ സഹകരിക്കാത്തതിനാൽ ഇൻസ്പെക്ഷൻ നടന്നില്ല. നാളിതുവരെ കമ്പ്യൂട്ടർ സ്ഥാപിച്ചതുസംബന്ധിച്ച് സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. അതിനാൽ ബാക്കി തുകയും നൽകിയിട്ടില്ല.

ഈ പദ്ധതിക്കായി നൽകിയ 2,50,000/-രൂപയിൽ 91,462/-രൂപ ചെലവഴിച്ചു. ബാക്കി 1,58,538/-രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു. പദ്ധതി വിഭാവനം ചെയ്ത പ്രകാരം നെറ്റ്‌വർക്കിംഗ് ഉൾപ്പെടെയുള്ള സംവിധാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

Local Fund Audit Department

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ ഉപയോഗിക്കുകയോ അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* വി.എം.അബ്ദുള്ള,
വട്ടക്കുടി ഹൗസ്,
പഴേരി, കുപ്പാടി.പി.ഒ, സുൽത്താൻബത്തേരി.

## 3.7.7. റാന്നി ബ്ലോക്ക് പഞ്ചായത്ത്– പത്തനംതിട്ട ജില്ല

### *3.7.7.(i). പുതുശ്ശേരിമല കുടിവെള്ള പദ്ധതി*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2-2*

2006-07-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ ആകെ 2,10,000/-രൂപ അടങ്കലുള്ള പുതുശ്ശേരിമല കുടിവെള്ള പദ്ധതിയിലൂടെ 1,85,690/-രൂപ ചെലവഴിച്ച് കുളം നിർമ്മാണം മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. ടാങ്ക്, മോട്ടോർ സ്ഥാപിക്കുക, ജലവിതരണത്തിനുള്ള സംവിധാനം ഒരുക്കുക എന്നിങ്ങനെ യാതൊരു തുടർപ്രവർത്തനങ്ങളും നടത്തിയിട്ടില്ല ശ്രീ.പി.എൻ.ഗോപിനാഥൻ നായർ, ചക്കാലയിൽ ഹൗസ്, പുതുശ്ശേരിമല കൺവീനറായി ഗുണഭോക്തൃസമിതി മുഖേന ചെയ്ത ടി പ്രവൃത്തി സംബന്ധിച്ചു ഗുണഭോക്തൃസമിതിയുടെ ചെലവു കണക്കുകൾ, പാസ്ബുക്ക് ഇവയൊന്നും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കുളം നിർമ്മിക്കു ന്നതിന് കുഴിച്ചെടുത്ത മണ്ണ് അതേസ്ഥാനത്ത് നിക്ഷേപിക്കുന്നതിന് സ്ഥല സൗകര്യം ഉണ്ടായിരുന്നിട്ടും 5 കി.മീ. പരിധിയിൽ 497.36$m^3$ മണ്ണ് നീക്കം ചെയ്തതിന് നൽകിയ 24,360/-രൂപ അംഗീകരിക്കുന്നില്ല. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ പാതിവഴിയിൽ പ്രവൃത്തി നിർത്തിവച്ചതിന്റെ കാരണം അന്വേഷണ വിധേയമാക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ബി.റിയാദ്, അസിസ്റ്റന്റ് എഞ്ചിനീയർ,
ബ്ലോക്ക് പഞ്ചായത്ത്, റാന്നി,
പടിഞ്ഞാറെ പനച്ചിവിള,
എം.എം.ജംഗ്ഷൻ സമീപം, പത്തനംതിട്ട.

## 3.7.8. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് – പത്തനംതിട്ട ജില്ല

### *3.7.8.(i). പയറ്റുകാലാ കുടിവെള്ള പദ്ധതി വൻതുക ചെലവഴിച്ചിട്ടും പണിപൂർത്തീകരിക്കാത്തത്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-14*

Local Fund Audit Department

2005-06-ൽ പ്രോജക്ട് നമ്പർ എസ്.ഒ.44/06 പ്രകാരം 1,54,000/-രൂപ അടങ്കൽ നിശ്ചയിച്ച് മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആരംഭിച്ച പയറ്റുകാലാ കുടിവെള്ള പദ്ധതി, ശ്രീ.സി.വിജയൻ, പയറ്റുകാല എന്നയാൾ കൺവീനറായുള്ള ഗുണഭോക്തൃ സമിതി യാണ് നടപ്പിലാക്കിയത്. കാട് വെട്ടിത്തെളിച്ച് 5 മീറ്റർ ആഴത്തിൽ മണ്ണ് എടുത്ത് കുളംകുഴിച്ച് സംരക്ഷണഭിത്തിയ്ക്ക് ഫൗണ്ടേഷൻ നിർമ്മിക്കുകയും ചെയ്തതിന് 1,40,000/-രൂപ ചെല വഴിച്ചു. 2006-07-ൽ ഇതേ പദ്ധതി പ്രോജക്ട് നം.77/07 പ്രകാരം 1,61,000/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പേരിൽ അംഗീകാരം വാങ്ങി. ടി പ്രോജക്ട് പ്രകാരം സംരക്ഷണഭിത്തി നിർമ്മിച്ചതിന് 69,793/-രൂപയും 2007-08-ലെ ഫൈനൽ ബില്ല് പ്രകാരം ഭിത്തിയുടെ ഇടഭാഗം കോൺക്രീറ്റ് ചെയ്തതിന് 49,224/-രൂപയും ചെലവഴിച്ചു. പമ്പ്ഹൗസ് നിർമ്മാണം നടത്തിയുമില്ല. 2007-08-ൽ പ്രോജക്ട് നമ്പർ എസ്.ഒ.27/08 പ്രകാരം ഇതേ പദ്ധതി യ്ക്കായി 1,76,923/-രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി. സംരക്ഷണ ഭിത്തി കെട്ടൽ, കോൺക്രീറ്റിംഗ് എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. ഈ പ്രവൃത്തിയ്ക്കും 32 ദിവസം വെള്ളം കുളത്തിൽനിന്ന് പമ്പ്ചെയ്ത് കളഞ്ഞതിനും തൻവർഷം 1,99,532 (1,76,492 + 23,040) രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-09 ലും ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. പമ്പ്ഹൗസ് നിർമ്മാണം നടന്നിട്ടുമില്ല. 31.03.2008 വരെ 4,35,509/-രൂപ ചെലവഴിച്ചിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നതിൽ നിന്നും പഞ്ചായത്ത് അധികാരികളുടെ അലംഭാവം വ്യക്തമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് സമഗ്ര അന്വേഷണം ആവശ്യമാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* 2005-06 മുതൽ 2007-08 വരെയുള്ള സെക്രട്ടറിമാർ

## 3.7.9. ആറ്റിങ്ങൽ നഗരസഭ – തിരുവനന്തപുരം ജില്ല

### *3.7.9.(i). ആറ്റിങ്ങൾ ഠൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം:2005-06, ഖണ്ഡിക നമ്പർ: 3-9*

ഈ പ്രോജക്ടിനായി ഐ.എസ്.യു.ഐ.(ഇന്റഗ്രേറ്റഡ് സ്കീം ഫോർ അർബൻ ഇൻഫ്രാസ്ട്രക്ചർ) എന്ന സ്കീമിൽപ്പെടുത്തി 25 ലക്ഷം രൂപ സർക്കാരിൽനിന്നും ലഭിക്കുകയും 18.04.05-ൽ മുനിസിപ്പൽ അക്കൗണ്ടിൽ തുക വരികയുംചെയ്തു. ഇതിൽനിന്നും 1,93,916/-രൂപ ഇതിന്റെ വിവിധ ആവശ്യങ്ങൾക്കായി നേരിട്ട് ചെലവഴിച്ച തിന് ശേഷം 23,06,086/-രൂപ ഇതിനായുള്ള പ്രത്യേക അക്കൗണ്ടിൽ 28.11.06-ൽ നിക്ഷേപിക്കുകയും അതിൽനിന്നും ചെലവഴിക്കുകയും ചെയ്തുവരുന്നു. (അക്കൗണ്ട് നം.67024304517).

Local Fund Audit Department

റൗൺ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി ആസണുമായി 15.12.92-ൽ കരാറിൽ ഏർപ്പെടുകയും ആയതനുസരിച്ച് പ്ലാൻ, എസ്റ്റിമേറ്റ്, ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കുന്നതിന് താഴെപ്പറയും പ്രകാരം തുകകൾ ടി ഏജൻസിക്ക് നൽകുകയും ചെയ്തു.

| തുക നൽകിയ വിവരം | | തുക (രൂ.) |
|---|---|---|
| ചെക്കു നമ്പർ 103188/14.09.93 | - | 17,500 |
| 12/2000-ലെ വൗച്ചർ നമ്പർ 47 | - | 60,000 |
| ചെക്കു നമ്പർ 163759/11.08.04 | - | 1,00,000 |
| 11/04 ലെ 75-ാം നമ്പർ വൗച്ചർ | - | 1,00,000 |
| ചെക്കു നമ്പർ 255469 | - | 85 858 |
| ആകെ | - | 3,63,358 |

ഇതിനെ തുടർന്ന് ആദ്യം 20.62 ലക്ഷം രൂപയുടെയും പിന്നീട് 1.37 കോടി രൂപയുടെയും എസ്റ്റിമേറ്റ് 2004 പി.ഡബ്ല്യു.ഡി ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കുകയുണ്ടായി.

ഈ വർക്കിന്റെ മണ്ണ് പരിശോധനയ്ക്കായി താഴെപറയുന്ന തുകകൾ കൂടി നൽകിയിട്ടുണ്ട്.

| തുക നൽകിയ വിവരം | തുക (രൂ.) | ആർക്ക് നൽകി എന്നത് |
|---|---|---|
| ഡി.ഡി.നം.250573/18.01.2000 | 25,000 | പ്രൊഫ.കെ.ബാലൻ |
| 2/01 ലെ 59-ാം നമ്പർ വൗച്ചർ | 11,800 | പ്രൊഫ.കെ.ബാലൻ |
| ആകെ | 36,800 | |

മേൽ വർക്കിന്റെ സാങ്കേതികാനുമതി ലഭിക്കുന്നതിന് 1,08,056/-രൂപ 255467/04.01.06 ചെക്കു നമ്പർ പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ ഒടുക്കുകയും കോർപ്പറേഷൻ 1,44,07,413/-രൂപയുടെ സാങ്കേതികാനുമതി 2/06-ൽ നൽകുകയും ചെയ്തു.

മേൽ വർക്കിന്റെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ വിളിച്ചതിനെ തുടർന്ന് 2 ടെണ്ടറുകൾ ലഭിക്കുകയും അതിൽ ഒരാളെ 1 കോടിയിലധികരിച്ച ചെലവുള്ള വർക്കുകൾ ചെയ്ത് പരിചയമില്ലാത്തതിനാൽ ഒഴിവാക്കുകയും (എം.നസീർ 29.99% അധിക നിരക്ക്) 29.39% മുകളിൽ ടെണ്ടർ സമർപ്പിച്ച ആൻസൻ ബേബിക്ക് നെഗോഷിയേറ്റ് ചെയ്ത് 28.89% -ന് കരാർ നൽകുകയും ചെയ്തു.



Local Fund Audit Department

13.02.07-ലെ 5259/ബി.3/07/തസ്വഭവ എന്ന സർക്കാർ കത്ത് പ്രകാരം കെട്ടിട നിർമ്മാണം എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 15% ഉയർന്ന നിരക്കിൽ നെഗോഷിയേറ്റ് ചെയ്യുവാനും അല്ലെങ്കിൽ റീ ടെണ്ടർ ചെയ്യുവാനും സർക്കാർ നിർദ്ദേശം നൽകിയ തിനെ തുടർന്ന് കരാറുകാരൻ 25% അധിക നിരക്കിൽ പണി നടത്താൻ സമ്മതിച്ചു. വീണ്ടും 01.10.07-ലെ 27467/സി.സി.3/07.ത.സ്വ.ഭ.വ. കത്ത് പ്രകാരം 2007-ലെ പി.ഡബ്ലയു.ഡി. നിരക്കിൽ വർക്ക് റീടെണ്ടർ ചെയ്യാൻ സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽ നടപടിക്രമങ്ങൾ നിർത്തിവെയ്ക്കുകയും പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പിനാക്കി എഞ്ചിനീയറിംഗ് കൺസൾട്ടൻസിയെ 15.03.08-ൽ നിയമിക്കുകയും തുടർന്ന് 2008-ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി. നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടിക്രമങ്ങൾ നടത്തിയ തല്ലാതെ പദ്ധതി ആരംഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ പദ്ധതിക്കായി 5,08,214/-രൂപ നഗരസഭ ചെലവഴിച്ച് കാണുന്നു. സമയബന്ധിതമായി ഭരണതലത്തിൽ കൈക്കൊള്ളേണ്ട നടപടികളുടെ അഭാവം കൊണ്ട് നഗരസഭയ്ക്ക് 5 ലക്ഷത്തിലധികം രൂപ നഷ്ടപ്പെട്ടതു കൂടാതെ പ്രയോജന പ്രദമാക്കേണ്ടിയിരുന്ന ഒരു പദ്ധതി ഒന്നര വ്യാഴവട്ടം കഴിഞ്ഞിട്ടും ആരംഭിക്കാൻ പോലും കഴിഞ്ഞില്ലെന്നത് ജനങ്ങളുടെ കൂടി നഷ്ടമായി കലാശിച്ചു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*

12/2000 - 2/2001 - കെ. വിജയകുമാരൻപിള്ള, സെക്രട്ടറി
08/2004 - ജി.പത്മകുമാർ, സെക്രട്ടറി
01/2006 & 2/2006 - എം.നിസാറുദ്ദീൻ, സെക്രട്ടറി.

## 3.7.10. പറവൂർ നഗരസഭ – എറണാകുളം ജില്ല

### *3.7.10.(i). തൊഴിലധിഷ്ഠിത ഐ.ടി. സെന്റർ - ആവശ്യമായ സാധ്യതാപഠനവും ആസൂത്രണവും ഇല്ലാതെ പദ്ധതി തുക ചെലവഴിച്ചു. ലക്ഷ്യം കൈവരിച്ചില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-17*

വ്യവസായവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള തൊഴില ധിഷ്ഠിത ഐ.ടി.സെന്റർ എന്ന പ്രോജക്ടിനുവേണ്ടി 2006-07-ൽ 10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സിന്റൽ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനവുമായി കരാർ ഉറപ്പിക്കുകയും 3/07-ൽ 3,22,224/-രൂപ നൽകി സാമഗ്രികൾ വാങ്ങുകയും ചെയ്തു. 3/07-ൽ സാമഗ്രികൾ വാങ്ങിയെങ്കിലും ഓഡിറ്റ് സമയം വരേയും (2/08) ഇവ കവർ പോലും തുറക്കാതെ മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിരി

Local Fund Audit Department

ക്കുകയാണ്. ഉപകരണങ്ങളുടെ ഒരു വർഷത്തെ ഗ്യാരന്റിയും ഇതോടെ കഴിഞ്ഞിരിക്കുകയാണ്. അഭ്യസ്തവിദ്യരായ 30 ബി.പി.എൽ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് ആരംഭിച്ച ഈ പ്രോജക്ടിൽ ഉപകരണങ്ങൾ സ്ഥാപിക്കാൻ ഒരു സ്ഥലംകണ്ടെത്തി പശ്ചാത്തലസൗകര്യം ഒരുക്കാൻപോലും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ലായെന്നതിൽ നിന്ന് എങ്ങിനേയും പണം ചെലവഴിക്കാൻ വേണ്ടി യാതൊരു ആസൂത്രണവുമില്ലാതെ നടപ്പിലാക്കിയതാണ് ഈ പദ്ധതിയെന്ന് വ്യക്തമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>* ജയ.സി., വ്യവസായ വികസന ഓഫീസർ.

## 3.7.11. മൂവാറ്റുപുഴ നഗരസഭ – എറണാകുളം ജില്ല

### *3.7.11.(i). വനിതാവ്യവസായ വികസനം - ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കൽ, അനുബന്ധപ്രവർത്തനങ്ങൾ - ലക്ഷ്യം കൈവരിച്ചില്ല - ചെലവഴിച്ച തുക നഷ്ടം*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-14(1)</u>*

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 5 വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിസ്ഥാപിച്ച് നൽകുകയും, അതിൽനിന്ന് കിട്ടുന്ന വരുമാനത്തിന്റെ 35% സ്ഥാപനത്തിന്റെ നടത്തിപ്പിനും 65% ജോലിചെയ്യുന്ന വനിതകൾക്ക് വേതനം നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് താലൂക്ക് വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിൽ 5,92,065/-രൂപ ചെലവഴിച്ച് ജംബോ ഫോട്ടോസ്റ്റാറ്റ് മെഷീനും മറ്റ് അനുബന്ധ ഉപകരണങ്ങളും 30.03.07-ൽ വാങ്ങി മുനിസിപ്പൽ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. 31.07.07-ലെ നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം ഈ ഉപകരണങ്ങൾ പ്രസ്ക്ലബിലെ 6/616-ാം നമ്പർ മുറിയിൽ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചുവെങ്കിലും ഈ മുറിയിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതുമൂലം ഓഡിറ്റ് നടത്തുന്ന 2/08 വരേയും ഈ മെഷീനറികൾ പ്രവർത്തിപ്പിച്ച് നോക്കിയിട്ടില്ല.

ഏകദേശം 6 ലക്ഷത്തോളം രൂപ പദ്ധതിവിഹിതം ഉപയോഗിച്ച് വാങ്ങിയ ഈ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പശ്ചാത്തലസൗകര്യമൊരുക്കുകയോ, ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുകയോ ചെയ്യുന്നതിനുള്ള നടപടി നഗരസഭയുടെ ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ലായെന്നുള്ളത് പൊതുപ്പണം ഉപയോഗിക്കുന്നതിനുള്ള ദീർഘവീക്ഷണമില്ലായ്മയും അലംഭാവവും എടുത്ത് കാണിക്കുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ആർ.ജയപാലൻ, ലക്ഷ്മിനിവാസ്,
റ്റി.സി-77/1851, പേട്ട, തിരുവനന്തപുരം.

Local Fund Audit Department

## 3.7.12. കോഴിക്കോട് നഗരസഭ – കോഴിക്കോട് ജില്ല

### 3.7.12.(i). സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്റ്റ് - രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദശയിൽ തന്നെ

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3.7(5)*

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ, അനെർട്ട് മുഖേന നടപ്പിലാക്കുന്ന മേൽ പ്രോജക്ടിനായി മൊത്തം 35,20,038/-രൂപ നഗരസഭ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഒന്നാം വർഷത്തിൽ ഊർജ്ജ സർവ്വെ, പവർലൈൻ മാപ്പിംഗ് തുടങ്ങിയ പഠനങ്ങൾ പൂർത്തിയാക്കുന്നതിനും, രണ്ടാം വർഷത്തിൽ ഊർജ്ജ സുരക്ഷ, ഉപകരണങ്ങളുടെ പ്രതിഷ്ഠാപനവുമായിരുന്നു ഉദ്ദേശിച്ചിരുന്നത്.

പദ്ധതി പ്രവർത്തനങ്ങൾക്കായി 20 മാസ്റ്റർട്രെയിനി പരിശീലകരെയും, 152 വളണ്ടിയർമാരെയും തിരഞ്ഞെടുക്കണമെന്നും 10 വാട്സിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്ക് സ്ഥാപിക്കണമെന്നും, അനെർട്ട് നിർദ്ദേശിച്ചിരുന്നു. ഇതിൽ 20 മാസ്റ്റർ ട്രെയിനികളെ തെരഞ്ഞെടുത്തതിന്റെയും 52 വളണ്ടിയർമാരെ മാത്രം കണ്ടെത്തിയ തിന്റെയും രേഖകളും ഏതാനും ഊർജ്ജ സുരക്ഷാ ഉപകരണങ്ങളുടെ ലിസ്റ്റും മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.

അനെർട്ടുമായി ഒരു ഉഭയകക്ഷി കരാർ പോലും ചമക്കാതെയാണ് 35.20 ലക്ഷം രൂപ ഡെപ്പോസിറ്റായി നൽകിയത്. 2008 മാർച്ച് 26 ന് തയ്യാറാക്കിയ ഒരു കരട് കരാർപത്രം ഫയലിൽ കാണുന്നുണ്ടെങ്കിലും, അതിൽ അനെർട്ട് ഡയറക്ടർ ഒപ്പ് വെച്ചിട്ടില്ല. കരട്കരാറിലെ വ്യവസ്ഥ 8 പ്രകാരം പദ്ധതി 01.04.08-ന് ആരംഭിച്ച് 30.06.09-ന് പൂർത്തിയാക്കുമെന്നും, വ്യവസ്ഥ 10 പ്രകാരം കാലതാമസം വന്നാൽ നഗര സഭയ്ക്ക് 2% പിഴ ഈടാക്കാമെന്നും പറയുന്നു. പദ്ധതി കാലയളവ് പൂർത്തിയാ യെങ്കിലും പദ്ധതി പ്രവർത്തനങ്ങളുടെ ഒരു എസ്റ്റിമേറ്റ്പോലും തയ്യാറാക്കാതെ പദ്ധതി ഇപ്പോഴും പ്രാരംഭ ദശയിൽതന്നെയാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.വി.കെ.പ്രതാപചന്ദ്രൻ,
വികസന വിഭാഗം സെക്രട്ടറി, (സെക്രട്ടറി ഇൻചാർജ്), റോഷൻ ലെയിൻ, ബാനർജി റോഡ്, കൊച്ചിൻ.

### 3.7.12.(ii). വ്യവസായ മേഖലയ്ക്ക് നീക്കിവെച്ച വികസന ഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3.7 (9)*



Local Fund Audit Department

നഗരസഭാ പരിധിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി അഞ്ച് പ്രോജക്ടുകളിലായി 40 ലക്ഷം രൂപ വികസന ഫണ്ടിൽനിന്നും വ്യവസായ മേഖലയ്ക്ക് വകയിരുത്തിയിരുന്നു. എന്നാൽ കേവലം ഒരു പ്രോജക്ടിലെ ഒരു ഇനം പരിശീലന പരിപാടിമാത്രം നടപ്പാക്കുകയും 65,000/-രൂപ വിനിയോഗിക്കുകയുമാണ് ചെയ്തത്.

മറ്റ് നാല് പദ്ധതികൾ നടപ്പിലാക്കുന്നതിന് യാതൊരു പ്രവർത്തനവും നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തിയതായി ഫയലിൽനിന്നും വ്യക്തമല്ല. വ്യവസായ മേഖലയിൽ ചെലവഴിക്കാൻ വേണ്ടി വകയിരുത്തിയ 40 ലക്ഷം രൂപയിൽ വളരെ തുച്ഛമായ 65,000/-രൂപ (1.63%) മാത്രം വിനിയോഗിച്ചത് നിർവ്വഹണത്തിലെ പോരായ്മയാണ്. 2005-06, 2006-07 എന്നീ വർഷങ്ങളിലും വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരൊറ്റ പദ്ധതിപോലും നടപ്പിലാക്കിയിട്ടില്ല എന്നതും ഗൗരവമായി കാണേണ്ടതാണ്. വ്യവസായ മേഖലയിൽ വർഷങ്ങളായി യാതൊരു പ്രവർത്തനങ്ങളും നടപ്പിലാക്കാത്തതും, നീണ്ട ആസൂത്രണപ്രക്രിയയ്ക്ക് ശേഷം നിർവ്വഹണത്തിലെ നിഷ്ക്രിയത്വംമൂലം പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിക്കപ്പെടുന്നതും ഈ മേഖലയിലെ വികസനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ*: ശ്രീ.പി.മോഹൻദാസ്,
വ്യവസായ വികസന ഓഫീസർ, പിൻപുറത്ത്.പി.ഒ,
ചാലിയം, കോഴിക്കോട്.

## 3.7.13. വടകര നഗരസഭ – കോഴിക്കോട് ജില്ല

### *3.7.13.(i). മാതൃശിശു സംരക്ഷണ കേന്ദ്രം - കെട്ടിടംപണി പൂർത്തിയാക്കി പത്ത് വർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07(ചെലവ്), ഖണ്ഡിക നം.3-34*

വടകര നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം 1999-2000 വർഷത്തിൽ 15-ാം വാർഡിൽ പണിക്കോട്ടൂർ മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തിക്ക് 2,25,814/-രൂപ ചെലവഴിക്കുകയും 08.08.2000-ന് ഉദ്ഘാടനം ചെയ്തതുമാണ്. എന്നാൽ കേന്ദ്രത്തിന്റെ പ്രവർത്തനം നാളിതുവരെയായി തുടങ്ങിയിട്ടില്ല. 2006-07 വർഷത്തിൽ ഈ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 88,649/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

Local Fund Audit Department

9-ാം പഞ്ചവൽസര പദ്ധതി കാലത്ത് അനുവദിച്ച തുകയിൽ നിലനിർത്തി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയതാണെന്നും മുഴുവൻ പണിയും പൂർത്തിയാക്കാത്തതിനാൽ 10-ാം പഞ്ചവൽസര പദ്ധതി കാലത്താണ് മറ്റ് പ്രവൃത്തികൾ ചെയ്തതെന്നും മെറ്റേണിറ്റി സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറിയുടെ മറുപടിയിൽ അറിയിച്ചു.

കെട്ടിട നിർമ്മാണം നടത്തി 10 വർഷം കഴിഞ്ഞിട്ടും മാതൃശിശുസംരക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3.7.14. കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര

**<u>ഡി.പി.പി.വർക്ക്ബിൽ</u>**

### *3.7.14.(i). കെ.വി.കെ.മഞ്ചേശ്വർ-ട്രെയ്നീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം:: 2006-07, ഖണ്ഡിക നമ്പർ: 2</u>*

1999-ൽ ടെണ്ടർചെയ്ത് 44% അധികരിച്ച നിരക്കിൽ കോൺട്രാക്ടർ ശ്രീ.സുരേന്ദ്ര നായിക്കിന് കരാർ നൽകിയ ട്രെയ്നിംഗ് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം, 13 ലക്ഷത്തിലേറെ രൂപ ചെലവഴിച്ചശേഷം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതായി കാണുന്നു. ആദ്യ ധാരണാപത്രമനുസരിച്ച് 5/2000-ത്തിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക്, മാറിവന്ന മരാമത്തു ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പലതവണ പിഴചുമത്താതെ സമയപരിധി ദീർഘിപ്പിച്ചു നൽകുകയും ഒടുവിൽ 2005-ലെ ക്ലോഷർ എഗ്രിമെന്റ് പ്രകാരം ചെയ്തുതീർത്ത 50% പ്രവൃത്തികളുടെ മൂല്യമായി 13,21,597/-രൂപ നിശ്ചയിച്ചുനൽകുകയും ചെയ്തശേഷവും നിർമ്മാണസംരംഭം വ്യക്തമായ കാരണമില്ലാതെ ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. കരാറുകാരന്റെ പിഴവുമൂലമുണ്ടായ കാലവിളംബത്തിന്റെ (27.05.00-30.06.01) പിഴയായി ആകെ 1,16,666/-രൂപയും എഗ്രിമെന്റ് ഒപ്പിടാനുണ്ടായ കാലതാമസത്തിനു പിഴയായി 15,000/-രൂപയും ഓഡിറ്റിൽ നിജപ്പെടുത്തുന്നു.

Local Fund Audit Department

# 3.8. പദ്ധതി നടത്തിപ്പിലെ അപാകത

വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന പദ്ധതിവിഹിതം ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കാതെ തുക നൽകുക, ഡി.പി.സി അംഗീകാരം ലഭിക്കാതെ പദ്ധതി നടപ്പിലാക്കുക, സ്റ്റോർ പർച്ചേസ് നിയമം ലംഘിച്ചുള്ള വാങ്ങലുകൾ എന്നിങ്ങനെ ധാരാളം അപാകത കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ വിവിധ ക്ഷേമപദ്ധതികളും ശരിയായ രീതിയിൽ നടപ്പിലാക്കുന്നില്ല. കൃഷി അനുബന്ധ മേഖല, വനിതാക്ഷേമം, കുടിവെള്ള പദ്ധതികൾ, പട്ടികജാതി വികസനം, പശ്ചാത്തല വികസനം തുടങ്ങിയ മേഖലകളിലും ധാരാളം അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

## 3.8.1. തൊളിക്കോട് ഗ്രാമപഞ്ചായത്ത് – തിരുവനന്തപുരം ജില്ല

### *3.8.1.(i). വനിതാ വ്യാവസായിക പരിശീലനത്തിന്റെ പേരിൽ ദുർവിനിയോഗം - ഒരു ലക്ഷം രൂപ വിനോദത്തിനും മറ്റുമായി ചെലവഴിച്ചു*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-5*

പഞ്ചായത്ത് പ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 30 വനിതകൾക്ക് ഭക്ഷ്യ സംസ്കരണത്തെക്കുറിച്ച് പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടി നായി 1,00,000/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും സാക്ഷരതാ വിദ്യാഭ്യാസം നടത്തുന്ന അക്ഷരജന വിദ്യാകേന്ദ്രം, പടിപ്പോട്ടുപാറ, തോട്ടുമുക്ക്, മേമല.പി.ഒ എന്ന സ്ഥാപന ത്തിന് നൽകുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അക്ഷരജന വിദ്യാകേന്ദ്രം എന്ന സ്ഥാപനം ഭക്ഷ്യ സംസ്കരണ മേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥാപനമാണ്.
2. ഭക്ഷ്യ സംസ്കരണത്തെക്കുറിച്ചുള്ള ക്ലാസുകൾക്കൊപ്പം 'എന്റെ ഗ്രാമം ഒരു സ്വപ്നം', 'വനിതകളും സമൂഹവും' തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകളും സംഘടിപ്പിച്ചു. എന്നാൽ പദ്ധതി വിഭാവനം ചെയ്യുന്ന മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനമല്ലാതെ മറ്റ് സെമിനാറുകളോ ക്ലാസുകളോ പദ്ധതിവിഹിതം ഉപയോഗിച്ച് സംഘടിപ്പിക്കുവാൻ നിയമമില്ല. ഇതിനോടൊപ്പം പരിശീലനാർത്ഥികളുടെ കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും വിനോദയാത്ര നടത്തുകയും ചെയ്തു.



Local Fund Audit Department

3. ഈ പരിശീലനത്തിൽ പങ്കെടുത്ത 30 ഗുണഭോക്താക്കളിൽ ആരും തന്നെ ഭക്ഷ്യ സംസ്കരണ യൂണിറ്റ് നാളിതുവരെ തുടങ്ങിയിട്ടില്ല.

ഈ വസ്തുതകളുടെ വെളിച്ചത്തിൽ, ഉദ്പാദന മേഖലയിൽ പ്രയോജന പ്പെടുത്തേണ്ടിയിരുന്ന ഒരു ലക്ഷം രൂപ ദുർവിനിയോഗംചെയ്യാൻ കൂട്ടുനിന്ന പഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥരുടെയും പ്രവൃത്തി അപലപനീയമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>* ശ്രീമതി.പ്രേമലത,
ഐ.സി.ഡി.എസ്.സൂപ്പർവൈസർ,
ചൈൽഡ് പ്രോജക്ട് ഓഫീസ്,
പാമ്പാടി, കോട്ടയം.

## 3.8.2. വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് – തിരുവനന്തപുരം ജില്ല

### *3.8.2.(i). ഡി.പി.സി. അംഗീകാരം ലഭിക്കാതെ പദ്ധതികൾ നടപ്പാക്കി*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-5</u>*

2006-07 സാമ്പത്തിക വർഷം എസ്.ജി.ആർ.വൈ ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച് 2007-08 സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുള്ള പദ്ധതികൾക്ക് ഡി.പി.സി. അംഗീകാരം ലഭിക്കാതെ പദ്ധതി നടപ്പിലാക്കിയ കൺവീനർമാർക്ക് തുക നൽകിയ നടപടി ചട്ടലംഘനമാണ്. 2006-07 വർഷം ഡി.പി.സി.അംഗീകാരം നേടാതെ 2007-08 വർഷം സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും ആക്ഷൻപ്ലാൻ സമർപ്പിക്കാത്തത് കാരണം പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പദ്ധതിയുടെ പേര് | പണിയുടെ മൂല്യം |
|---|---|---|
| 1 | വഴിവിട്ടുനട - പൊറ്റയിൽ റോഡ് പുനരുദ്ധാരണം | 2,79,411 |
| 2 | പൊറ്റയിൽ-വയലിക്കട നാരങ്ങറത്തലക്കൽ അയണിമൂട് റോഡ് | 3,22,771 |
| 3 | ചിറ്റാരിക്കൽ മുറിവിള പറമ്പിൽത്തല റോഡ് | 2,29,274 |
| 4 | പെരുങ്കാവ് - കല്ലറത്തല കോണാക്കോട് റോഡ് | 2,79,288 |
| 5 | ചിറക്കോണം - പുല്ലുവിള റോഡ് | 2,76,341 |
| | ആകെ | 13,87,085 |

ഡി.പി.സി.അഗീകരിക്കാതെ പദ്ധതികൾ നടപ്പിലാക്കി ക്രമവിരുദ്ധമായി കൺവീനർക്ക് 13,87,085/-രൂപ അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്.



Local Fund Audit Department

## 3.8.3. കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് – തിരുവനന്തപുരം ജില്ല

### *3.8.3.(i). വനിതകൾക്ക് തൊഴിൽ പരിശീലനം - പദ്ധതി*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3(11)*

പട്ടികജാതി വിഭാഗത്തിലെ എസ്.എസ്.എൽ.സി.പാസായ 100 വനിതകൾക്ക് 10 വിവിധ ഇനങ്ങളിലായി തൊഴിൽ പരിശീലനം നൽകുന്നതിന് (പ്രോ.എസ്. ഒ.74/07) 2,00,000/-രൂപയും, ജനറൽ വിഭാഗത്തിലെ 15 പേർക്ക് കമ്പ്യൂട്ടർ പരിശീലനം, 17 പേർക്ക് ഫയർ എഞ്ചിനീയറിംഗ് കോഴ്സ് എന്നിവ നടത്തുന്നതിന് (പ്രോ.നം.16/07) 3,00,000/-രൂപയും പ്രോജക്ടിൽ വകയിരുത്തിയിരുന്നു. എസ്.സി. പി.പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 2000/-രൂപയും (2000x100=2,00,000) ജനറൽ വിഭാഗത്തിൽ കമ്പ്യൂട്ടർ കോഴ്സിന് 3000/-രൂപയും (3000x15=45000) ഫയർ എഞ്ചിനീയറിംഗ് കോഴ്സിന് 15,000/-രൂപയും (17x15000=2,55,000) ചെലവ് പ്രതീക്ഷിച്ചുകൊണ്ടാണ് പ്രോജക്ട് അംഗീകരിച്ചത്. അംഗീകാരം ലഭിച്ച പ്രോജക്ടിലെ ആകെ ഗുണഭോക്താക്കളുടെ എണ്ണം എഴുതിയതിൽ വെട്ടിത്തിരുത്തൽ കാണുന്നു.

രണ്ട് പ്രോജക്ടുകളുടെയും നടത്തിപ്പിന് തൊഴിൽ പരിശീലനം നടത്തുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി 14.11.2006-ൽ ടെണ്ടർ ക്ഷണിച്ചു. അതു പ്രകാരം പെന്റഗൺ കമ്പ്യൂട്ടേഴ്സ്, ആറ്റിങ്ങൽ എന്ന സ്ഥാപനവുമായി 22.12.2006-ൽ കരാറിൽ ഏർപ്പെട്ടു. തുടർന്ന് തൊഴിൽ പരിശീലനം പഞ്ചായത്ത് ഹാളിൽ വച്ച് തുടങ്ങിയെങ്കിലും പരിശീലന പരിപാടികളൊന്നും പൂർത്തിയാക്കിയില്ല. പരിശീലനം പൂർത്തിയാകും മുമ്പ് തന്നെ 2008 മാർച്ചിൽ 5,00,000/-രൂപ പെന്റഗൺ കമ്പ്യൂട്ടേഴ്സിന്റെ മേധാവിയ്ക്ക് കൈമാറി. പരിശീലനം പൂർത്തിയാകും മുമ്പ് മൊത്തം തുകയും നൽകിയ നടപടി ക്രമവിരുദ്ധമാണ്. കൂടാതെ അംഗീകരിച്ച പ്രോജക്ടുകളിൽ ഇല്ലാത്ത കോഴ്സുകൾക്ക് ടെണ്ടർ ക്ഷണിക്കുകയും, പ്രോജക്ടിൽ അംഗീകരിച്ച ചില കോഴ്സുകൾക്ക് ടെണ്ടർ ക്ഷണിക്കാതെയും ഭരണസമിതിയും സെക്രട്ടറിയും തന്നിഷ്ട പ്രകാരം മറ്റു ചില കോഴ്സുകൾ തെരഞ്ഞെടുത്തു. അംഗീകരിച്ച പ്രോജക്ട് മാറ്റം വരുത്തുവാൻ പഞ്ചായത്ത് കമ്മിറ്റിക്കോ സെക്രട്ടറിക്കോ അധികാരമില്ലാത്തതിനാൽ ഈ നടപടി അധികൃതരുടെ ഭാഗത്തു നിന്നുള്ള നിയമലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു.

തൊഴിൽ പരിശീലനത്തിന് സർക്കാരിന്റെ അംഗീകാരമുള്ള സ്റ്റെഡിന്റെ ക്വട്ടേഷൻ നിരസിച്ചുകൊണ്ടാണ് പെന്റഗൺ കമ്പ്യൂട്ടേഴ്സിന് കരാർ നൽകിയത്. സ്റ്റെഡ് നൽകിയ ക്വട്ടേഷനിൽ 1300/-രൂപയ്ക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാമെന്ന് വ്യക്തമാകുന്നു. എന്നാൽ 3000/-രൂപയ്ക്കാണ് പെന്റഗണിന്റെ ക്വട്ടേഷൻ നിരക്ക്. അംഗീകരിച്ച പദ്ധതിയിൽ നിന്നും വ്യത്യസ്തമായി ഉയർന്ന നിരക്കിൽ ക്വട്ടേഷൻ അംഗീകരിച്ചത് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ട് പ്രകാരം (S.O.74/07) 100 പേർക്ക് പരിശീലനം നൽകുമെന്നതിനു വിരുദ്ധമായി 68 പേർക്ക് തൊഴിൽ പരിശീലനം

Local Fund Audit Department

നൽകാനാണ് കരാർ വ്യവസ്ഥ. എസ്.ഒ.16/07 എന്ന പ്രോജക്ടിന് 32 ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകാനുദ്ദേശിച്ച സ്ഥാനത്ത് 98 പേർക്ക് പരിശീലനം നൽകും എന്നാണ് കരാറിൽ പറയുന്നത്. രണ്ട് കരാറിലും കമ്പ്യൂട്ടർ, ഫാഷൻ ടെക്നോളജി ഇവയ്ക്കുമാത്രം പരിശീലനം നൽകുന്ന കാര്യമേ പറയുന്നുള്ളൂ. മറ്റ് പല തൊഴിൽ പരിശിലനവും അവഗണിയ്ക്കപ്പെട്ടു. എസ്.സി. പി.പ്രോജക്ടും ജനറൽ പ്രോജക്ടും സംയോജിപ്പിച്ചാണ് നടപ്പാക്കിയിട്ടുള്ളത്. എത്ര എസ്.സി.ഗുണഭോക്താക്കളെ പരിശീലനത്തിന് തെരഞ്ഞെടുത്തു എന്ന് വ്യക്തമല്ല.

അംഗീകരിച്ച പ്രോജക്ടിന് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിക്കുക, അംഗീകാരമില്ലാതെ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുക, അംഗീകാരമില്ലാത്ത ഏജൻസിയെ തൊഴിൽ പരിശീലനത്തിന് ഏർപ്പെടുത്തുക, പ്രോജക്ടിൽ നിന്നും ക്വട്ടേഷനിൽ നിന്നും വ്യത്യസ്തമായി എഗ്രിമെന്റ് വയ്ക്കുക, അംഗീകരിച്ച പ്രോജക്ടിനെ നോക്കുകുത്തിയാക്കി ഇഷ്ടാനുസരണം തൊഴിൽ പരിശീലന ഇനം തെരഞ്ഞെടുക്കുക എന്നിങ്ങനെ ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും ധാരാളം ക്രമക്കേടുകൾ കടന്നു കൂടിയിരിയ്ക്കുന്നു.

22.12.06-ൽ എഗ്രിമെന്റ് വച്ചതും നടപ്പിലാക്കാത്തതുമായ പദ്ധതികൾക്ക് 12.02.07-ലെ 1(3), 1(6), 09.03.07-ലെ 1(6), 1(10) തീരുമാനങ്ങൾ പ്രകാരം 5,00,000/-രൂപ നൽകാൻ തീരുമാനിച്ച പഞ്ചായത്ത് കമ്മിറ്റിയും, സെക്രട്ടറിയും ഈ പ്രവൃത്തിയ്ക്ക് തുല്യ ഉത്തരവാദികളാണ്. ഇതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം സെക്രട്ടറി, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* 1. ശ്രീ.ഡി.രാജീവ്, സെട്രറി,
രാജീവം, പി.വി.ആർ.എ.95-എ, നടുവിള ലൈൻ,
എൻ.സി.സി.റോഡ്, പേരൂർക്കട.പി.ഒ.
2. പഞ്ചായത്ത് കമ്മിറ്റി.

## 3.8.4. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് – ആലപ്പുഴ ജില്ല

### *3.8.4.(i). ഇരട്ട ലക്ഷം വീട് ഒറ്റയാക്കൽ- പദ്ധതി നിർവ്വഹിക്കാതെ വ്യാജരേഖകൾ തയ്യാറാക്കി ട്രഷറിയിൽ നിന്നും പണം പിൻവലിച്ചു.*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡികനമ്പർ: 2-26</u>*

ഗ്രാമപഞ്ചായത്തിൽ ഇരട്ടലക്ഷം വീടുകളിൽ താമസിക്കുന്നവരുടെ വീടുകൾ ഒറ്റയാക്കുന്ന പദ്ധതിയ്ക്കായി 33,00,000/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ. ട്രഷറിയിൽനിന്നും മാറി 14 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധന നടത്തിയതിൽ ഈ വ്യക്തികളുടെ



Local Fund Audit Department

ആരുടെയും വീടുകൾ ഒറ്റവീടാക്കിയിട്ടില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിൽ ഗുണഭോക്താക്കൾക്ക് ആർക്കുംതന്നെ തുക ലഭ്യമാക്കിയിട്ടില്ല എന്ന് ഗുണഭോക്താക്കൾ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാനെന്ന പേരിൽ ട്രഷറിയിൽനിന്നും പദ്ധതിധനം പിൻവലിക്കുകയും അതിനുശേഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി വ്യാജരേഖയുണ്ടാക്കി പൊതുപണം ദുർവിനിയോഗം ചെയ്യുകയും ചെയ്ത വി.ഇ.ഒ.യുടെ നടപടി ഗുരുതരമായ ക്രമക്കേടായി ഓഡിറ്റിൽ കണക്കാക്കുന്നു. ആയതിനാൽ ടി തുക 12% പലിശ യടക്കം ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ഈടാക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.എ.ഷംനാദ്, വി.ഇ.ഒ - പ്രദാൻമൂട്,
പ്രദാൻമൂട് ജംഗ്ഷൻ, കായംകുളം.

## 3.8.5. ഹരിപ്പാട് ഗ്രാമപഞ്ചായത്ത് – ആലപ്പുഴ ജില്ല

### *3.8.5.(i). കുടുംബശ്രീ യൂണിറ്റുകൾക്ക് വികസന ഫണ്ടിൽ നിന്നും നൽകിയ തുക വിനിയോഗിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചില്ല.*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക 3(5)*

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾക്ക് മുഴുവൻ സമയ തൊഴിൽ ലഭ്യമാക്കുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. ജനറൽ വിഭാഗത്തിൽപ്പെട്ട 3 ഗ്രൂപ്പുകൾക്ക് പദ്ധതി വിഹിതം 3 ലക്ഷം രൂപയും, ബാങ്ക് വായ്പ 3 ലക്ഷം രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം 30,000/-രൂപയും ഉൾപ്പെടെ ആകെ 6.30 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ഗ്രൂപ്പിന് പദ്ധതി വിഹിതം, ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ യഥാക്രമം 1.11 ലക്ഷം രൂപയും, 1 ലക്ഷം രൂപയും, 10000/-രൂപയും ഉൾപ്പെടെ ആകെ 2.21 ലക്ഷം രൂപയുമാണ് പദ്ധതി അടങ്കൽ. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള കുടുംബശ്രീ മിഷന്റെ പങ്കാളിത്തം ഉണ്ടായിട്ടില്ല.

നാളികേര സംഭരണ യൂണിറ്റ്, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് (ജനറൽ), നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് (പട്ടികജാതി), പേപ്പർബാഗ്/പേപ്പർപ്ലേറ്റ് നിർമ്മാണ യൂണിറ്റ് എന്നിങ്ങനെ 4 യൂണിറ്റുകൾ രൂപീകരിച്ചു. ഓരോ ഗ്രൂപ്പിനും 1 ലക്ഷം രൂപ വീതം ആകെ 4 ലക്ഷം രൂപ പദ്ധതിവിഹിതത്തിൽ നിന്നും നൽകി. ബാങ്ക് വായ്പയുടെ സഹായത്തോടെ നടത്തുന്ന ഈ പദ്ധതിയുടെ പദ്ധതിവിഹിതം ബാങ്കിനാണ്



Local Fund Audit Department

നൽകേണ്ടതെങ്കിലും തുക യൂണിറ്റുകൾക്ക് നേരിട്ട് നൽകി. യൂണിറ്റുകളുടെ പേരിൽ ബാങ്ക്അക്കൗണ്ട് ആരംഭിച്ചതിനും തുക ബാങ്കിൽ നിക്ഷേപിച്ചതിനും യാതൊരു രേഖകളുമില്ല. യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ബാങ്ക് വായ്പ, ഗുണഭോക്തൃവിഹിതം എന്നിവ ഉറപ്പാക്കാതെയാണ് പദ്ധതിവിഹിതം യൂണിറ്റുകൾക്ക് കൈമാറിയത്. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി യന്ത്രോപകരണങ്ങളോ, സാധന സാമഗ്രികളോ വാങ്ങിയിട്ടില്ല. യൂണിറ്റുകളിലെ അംഗങ്ങൾക്ക് പരിശീലനത്തിനായി തുക വകയിരുത്തിയിരുന്നെങ്കിലും ഇപ്രകാരം പരിശീലനം നടത്തിയതിന് യാതൊരു രേഖകളുമില്ല. പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ഡി.ആന്റ്.ഒ.ലൈസൻസ് എടുക്കേണ്ടതാണെങ്കിലും ഇപ്രകാരം ലൈസൻസ് നൽകിയിട്ടില്ലാത്തത് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല എന്നതിന് വ്യക്തമായ തെളിവാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി 4,00,000/- രൂപ പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചുവെങ്കിലും യാതൊരു ഫലപ്രാപ്തിയുമില്ലാതെ പാഴ്ചെലവായി അവശേഷിച്ചു.

യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ ത്തിന് നൽകിയ തുകകൾ ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിൽ പിൻവലിക്കാതെ അവശേഷിക്കുന്നുണ്ട് എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. പാഴ്ചെലവായിപ്പോയ പദ്ധതിപണം പലിശസഹിതം ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ശ്രീ.വി.ചന്ദ്രശേഖരൻപിള്ള, (റിട്ട.) സെക്രട്ടറി,
സോപാനം, പുന്നപ്ര.പി.ഒ, ആലപ്പുഴ.

## 3.8.6. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് – ആലപ്പുഴ ജില്ല

### *3.8.6.(i). ഖരമാലിന്യ നിർമ്മാർജ്ജനം - പദ്ധതിവിഹിതത്തിൽ നിന്നും 7,00,000/-രൂപ മാനദണ്ഡങ്ങൾ മറികടന്ന് ചെലവഴിച്ചു*

*<u>പ്രൊജക്ട് നമ്പർ. 5/07-08 അടങ്കൽ 7,00,000/-(പദ്ധതി വിഹിതം)</u>*
ചെലവഴിച്ച തുക: 7,00,000/- ബിൽ 9/07-08 തീയതി: 31.03.08
ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം
നമ്പർ 504/07/ഡി.പി.ഒ./ആലപ്പുഴ/ഡിപിസി/14.11.07

2007-08 വർഷം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി വിഹിതമുപയോഗിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയാ യിരുന്നു ഇത്. തൻവർഷം 7,00,000/-രൂപ ചെലവഴിക്കപ്പെട്ട ഈ പദ്ധതിയുടെ അംഗീകൃത പദ്ധതിരേഖകൾ പ്രകാരം തുക വകയിരുത്തിയിട്ടുള്ളതിന്റേയും ചെലവഴി ച്ചിട്ടുള്ളതിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു.



Local Fund Audit Department

| | | | |
|---|---|---|---|
| 1 | പഞ്ചായത്ത് തല ശിൽപ്പശാല | 3,000/- | (നോട്ടീസ്, ബാനർ, ഭക്ഷണം എന്നിവയ്ക്ക്) |
| 2 | വാർഡ്തല ശിൽപ്പശാല | 17,000/- | (വാർഡ് 1ന് 1000/-രൂപ വീതം) |
| 3 | മലിനജലം ഒഴുക്കി ക്കളയുന്ന പ്രവർത്തനം | 5,10,000/- | (മസ്റ്റർ റോൾ പ്രകാരം തൊഴിലാളി കൾക്ക് നൽകിയത്. |
| 4 | കൃഷിക്ക് വിത്ത്, വളം | 1,67,000/- | കായിപ്പുറം എസ്.സി.ബി.കേരള കാർഷിക സർവ്വകലാശാല എന്നിവയ്ക്ക് നൽകിയത് |
| 5 | ട്രാൻസ്പോർട്ടിംഗ് ചാർജ്ജ്, പാക്കിംഗ് ചാർജ് | 3,000/- | ---- |
| | ആകെ | 7,00,000 | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.05.05-ലെ ജി.ഒ.(ആർ.ടി) 1875/05-ാം നമ്പർ ഉത്തരവുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണ പ്രൊജക്ടുകൾക്ക് സാങ്കേതികാനുമതി നൽകേണ്ട ഏജൻസി ക്ലീൻകേരള മിഷൻ മാത്രമാണ് എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ അപ്രകാരം അനുമതി വാങ്ങിയിട്ടില്ല.

2. ഖരമാലിന്യ സംസ്ക്കരണമെന്ന പേരിൽ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലോ വ്യക്തിഗത ഗുണഭോക്താക്കൾക്കോ മാലിന്യ സംസ്ക്കരണത്തിനായി പ്ലാന്റ് നിർമ്മിച്ചിട്ടില്ല. പകരം വിവിധ വാർഡുകളിലായി തോടുകൾ വെട്ടിവൃത്തിയാക്കി എന്നപേരിൽ തൊഴിലാളികൾക്ക് കൂലിയിനത്തിൽ 5,10,000/-രൂപ ചെലവഴിച്ചതായി റോളിൽ കാണിച്ചിരിക്കുന്നു.

   2007-08 വർഷം സാമ്പത്തിക മേഖലയിലുൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തോട് വെട്ട് എന്ന ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിനുവേണ്ടി 1,83,500/-രൂപയും കുളംവെട്ട് പദ്ധതിയ്ക്കായി 3,16,000/-രൂപയും പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിരിക്കെയാണ് ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് എന്ന പദ്ധതി പ്രകാരം 5,10,000/-രൂപ തോട്‌വെട്ടിന് വേണ്ടി മാത്രം വീണ്ടും ചെലവഴിച്ചിരിക്കുന്നത്. ഇപ്രകാരം വെട്ടിയിട്ടുള്ള തോടുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ഗ്രാമസഭയിൽ പദ്ധതിയ്ക്കുള്ള ഗുണഭോക്തൃ പ്രദേശം തെരഞ്ഞെടുത്തതായും കാണുന്നില്ല.

3. ഖരമാലിന്യ സംസ്ക്കരണമെന്ന ഈ പദ്ധതിപ്രകാരം ആകെ ചെലവഴിക്കപ്പെട്ട 7,00,000/-രൂപയിൽ 1,20,000/-രൂപ വേപ്പിൻപിണ്ണാക്ക്, വേപ്പെണ്ണ എന്നിവ വാങ്ങുന്ന

Local Fund Audit Department

തിന് (7500 കിലോ വേപ്പിൻപിണ്ണാക്ക് 14/-രൂപ പ്രകാരം 1,05,000/-, വേപ്പെണ്ണ 150 കി.100/-രൂപ പ്രകാരം 15,000/- ആകെ 1,20,000/-)കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1300 ന് നൽകിയതും 47,000/-രൂപ പച്ചക്കറി വിത്തുകൾ വാങ്ങിയതിന് അസോസിയേറ്റ് ഡയറക്ടർ, റിജ്യണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, കുമരകം എന്ന സ്ഥാപനത്തിന് നൽകിയതുമാണ്. എന്നാൽ ഇതേ വർഷംതന്നെ കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിലുൾപ്പെടുത്തി സമഗ്ര പച്ചക്കറി കൃഷി, സമഗ്ര പുരയിട കൃഷി എന്നിവയ്ക്കായി ലക്ഷക്കണക്കിന് രൂപ പച്ചക്കറി വിത്തുകളും വളങ്ങളും വാങ്ങുവാനായി ചെലവഴിച്ചിട്ടുണ്ട്. വസ്തുത ഇതായിരിക്കേ, ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ ഈ പദ്ധതിക്കായി തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല (2 സ്ഥാപനങ്ങളുടെയും ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.)

4. ഇപ്രകാരം വാങ്ങിയ പച്ചക്കറി വിത്തുകളും വളങ്ങളും ആരെങ്കിലും കൈപ്പറ്റിയതിന് യാതൊരു രേഖകളുമില്ല.

5. സാംക്രമിക രോഗ നിവാരണം, മാസ്സ്ക്ലോറിനേഷൻ എന്നിങ്ങനെ 2 പദ്ധതികൾ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആരോഗ്യ മേഖലയിൽ ഇതേ വർഷംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് തൻവർഷം 42,554/-രൂപ (31,048+ 11506) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഇതേ ഉദ്ദേശലക്ഷ്യങ്ങൾ ഉൾപ്പെടുത്തിയാണ് ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ തുക ചെലവഴിച്ചിരിക്കുന്നത്.

6. ചുരുക്കത്തിൽ ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ അംഗീകാരം വാങ്ങിയ ഈ പദ്ധതിയിൽ അതുമായി ബന്ധപ്പെട്ട് യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. തോടുവെട്ടുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഭൂരിപക്ഷം മസ്റ്റർറോളുകളിലും ഏത് മാസമാണ് വേല നിർവ്വഹിച്ചതെന്നുപോലും രേഖപ്പെടുത്തിയിട്ടില്ല. ഈ പദ്ധതി പ്രകാരം ചെലവഴിക്കപ്പെട്ട തുക പഞ്ചായത്തിന്റെ വികസനത്തിന് യാതൊരുതരത്തിലും ഉപകാരപ്പെടാതെ പാഴായതായി ഓഡിറ്റിൽ കരുതുന്നു. ഏതുവിധേനയും പദ്ധതിപ്പണം ചെലവഴിക്കാനുള്ള ഒരുപാധി മാത്രമായാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും ഓഡിറ്റിൽ കരുതുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ചോ, ആയതിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചോ, യാതൊരു വിധ മോണിറ്ററിംഗും നിർവ്വഹിക്കപ്പെട്ടിട്ടില്ലായെന്നും ശ്രദ്ധേയമാണ്. മേൽ സൂചിപ്പിച്ച അപാകതകളുടെ വെളിച്ചത്തിൽ പദ്ധതി ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 7,00,000/-രൂപയിൽ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പച്ചക്കറി വിത്തും, വളവും വാങ്ങിയതിന്റെ ചെലവായി കാണിച്ച 1,70,000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശാനുസരണമുള്ള മസ്റ്ററുകളുടേയും, അനുബന്ധരേഖകളുടേയും അഭാവത്തിൽ തോടുവെട്ടിനും മറ്റുമായി ചെലവഴിച്ച 5,10,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

Local Fund Audit Department

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ഡോ.എം.റ്റി.ബിജുമോഹൻ,
മെഡിക്കൽ ഓഫീസർ,
ഗംഗ, മുഹമ്മ.പി.ഒ, ആലപ്പുഴ.

## 3.8.7. പൊയ്യ ഗ്രാമപഞ്ചായത്ത് – തൃശ്ശൂർ ജില്ല

### 3.8.7.(i). ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - അംഗീകരിച്ച ക്വട്ടേഷനിൽ നിന്നും കുറഞ്ഞ അളവിലുള്ള പൈപ്പ് നൽകിയത്

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3.5*

രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി പി.വി.സി.പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച ക്വട്ടേഷനുകളിൽനിന്നും മാളയിലെ ശക്തി ഹാർഡ് വെയേഴ്സിന്റെ ക്വട്ടേഷൻ 17.3.04 ലെ 423-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. തുടർന്ന് എ-വൺ പ്ലാസ്റ്റിക് കമ്പനിയുടെ 280 എം.എം.പി.വി.സി.പൈപ്പ് 295 മീറ്റർ വാങ്ങുന്നതിനു വേണ്ടി മീറ്ററിന് 1420/-രൂപാ നിരക്കിൽ 4,18,900/-രൂപയ്ക്ക് ഓർഡർ നൽകി. എന്നാൽ ലഭിച്ച പൈപ്പ് തൃശൂർ എഞ്ചിനീയറിങ് കോളേജിൽ പ്രഷർ ടെസ്റ്റ് നടത്തിയപ്പോൾ ആവശ്യമായ 280 എം.എം. നു പകരം 260 എം.എം. പൈപ്പാണ് നൽകിയതെന്ന് കാണാൻ സാധിച്ചു.

കരാർ പ്രകാരം നൽകേണ്ട 280 എം.എം. പി.വി.സി. പൈപ്പിന് പകരം സ്ഥാപനം 260 എം.എം. പി.വി.സി.പൈപ്പ് നൽകുകയുംഎന്നാൽ 280 എം.എം. പൈപ്പിന്റെ വിലയായ 4,18,900/-രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നമ്പർ 473588 തീയതി 29.3.04 തുക 3,35,120/-പാർട്ട് ബിൽ പേമെന്റ്, ബാക്കി തുക അടുത്ത വർഷം നൽകി.

ശരിയായ ഗുണനിലവാരം ഉറപ്പാക്കാത്ത പൈപ്പ് ഉപയോഗിച്ചതു വഴി പദ്ധതി ശരിയായ രീതിയിലല്ല നടപ്പിലാക്കിയിരിക്കുന്നത് എന്ന് മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ മേൽ പദ്ധതികളുടെ പ്രവർത്തനത്തെ കുറിച്ചും, പൈപ്പ് വാങ്ങിയതിൽ നടന്ന ക്രമക്കേടിനെ കുറിച്ചും കൂടുതൽ അന്വേഷണം ആവശ്യമാണ്. പഞ്ചായത്തു ഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദിയായവരിൽനിന്നും തുക ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.8.8. കാടുകുറ്റി ഗ്രാമപഞ്ചായത്ത് – തൃശ്ശൂർ ജില്ല

### 3.8.8.(i). കുടുംബശ്രീ സമഗ്ര കൃഷി വികസനം കൃഷി ഉപകരണങ്ങൾ വാങ്ങൽ - മോണിറ്ററിംഗിന്റെ അഭാവം

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3.4*

Local Fund Audit Department

പഞ്ചായത്തിലെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് വനിതകൾക്ക് സ്വയം തൊഴിൽ നൽകുന്നതിനും അവരെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനും ലക്ഷ്യം വെയ്ക്കുന്ന ഒരു പദ്ധതിയാണിത്. പവർ ടില്ലർ, ട്രെയിലർ, മെതിയന്ത്രം എന്നീ ഉപകരണങ്ങൾ പഞ്ചായത്തിലെ കുടുംബശ്രീയിൽ അംഗങ്ങളായ സ്ത്രീകൾക്കു വേണ്ടി സി.ഡി.എസ്.പ്രസിഡണ്ട്/സെക്രട്ടറിയുടെ പേരിൽ വാങ്ങുകയും, അവയുടെ സംരക്ഷണം, ഉപയോഗം, വരവ്-ചെലവ് കണക്കുകൾ എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തും സി.ഡി.എസുമായി കരാർ ഉടമ്പടി ഉണ്ടാക്കുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. 1,50,000/-രൂപ റെയ്ഡ്കോവിന് നൽകി വാങ്ങിയ ഉപകരണങ്ങൾ കൈപ്പറ്റിയ തിന്റെയോ, സ്റ്റോക്കിലെടുത്തതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

2. കമ്മിറ്റി ചെയർമാന്റേയും, സി.ഡി.എസ്.ചെയർ പേഴ്സന്റേയും പേരിൽ ബാങ്കിൽ സംയുക്ത അക്കൗണ്ട് തുടങ്ങിയതിന് രേഖയില്ല.
3. വരവു ചെലവു കണക്കുകൾ അവലോകനം ചെയ്യുന്നതിനും, നിരക്കുകൾ പുതു ക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
4. ഉപകരണങ്ങൾ ഉപയോഗിച്ചതുവഴി ലഭിച്ച യഥാർത്ഥ തുക എത്രയെന്നോ, പ്രസ്തുത തുക നിർദ്ദിഷ്ട അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നോ എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

മേൽ പരാമർശങ്ങളിൽനിന്നും കാർഷികോപകരണങ്ങൾക്കായി ചെലവഴിച്ച 1,50,000/-രൂപ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉപയോഗപ്പെടുത്താൻ സി.ഡി.എസിന് കഴിഞ്ഞിട്ടില്ല. കാർഷികമായ വളർച്ച ഉന്നമാക്കി വാങ്ങിയ ഉപകരണങ്ങൾ നശിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഭൗതിക പരിശോധനയിൽനിന്നും ലഭ്യമായത്. ഇത്തരം പദ്ധതികളുടെ പ്രായോഗികക്ഷമതയെക്കുറിച്ചും, പഞ്ചായത്തിന്റെ ആവശ്യ ങ്ങളെ കുറിച്ചുമുള്ള വ്യക്തമായ ധാരണ ഇല്ലാതെയാണ് പദ്ധതി നടപ്പാക്കിയത്. ഉപകരണങ്ങളുടെ സംരക്ഷണം, പ്രവർത്തനം, വരവ്-ചെലവ് കണക്കുകൾ, ആസ്തി യുടെ പ്രവർത്തനക്ഷമത, അറ്റകുറ്റപ്പണികൾക്കും, ആവർത്തന ചെലവുകൾക്കും ഉള്ള സംവിധാനം എന്നിവ മോണിറ്ററിംഗിൽ ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളാണെങ്കിലും ഇത്തരത്തിലുള്ള ഫലപ്രദമായ മോണിറ്ററിംഗ് നടന്നിട്ടില്ല.

## 3.8.9. പെരുവെമ്പ് ഗ്രാമപഞ്ചായത്ത് – പാലക്കാട് ജില്ല

### *3.8.9.(i). കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 ഖണ്ഡിക നമ്പർ: 3-2(1)*

Local Fund Audit Department

കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും 01.04.02 മുതൽ കൈമാറി കിട്ടിയ മേലേക്കാട്, പാലത്തുള്ളി കുടിവെള്ള പദ്ധതികളിൽ പാലത്തുള്ളി കുടിവെള്ള പദ്ധതി മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമം. 2004-05 വർഷം മുതൽ 2007-08 വർഷം വരെയുള്ള 4 വർഷങ്ങളിലെ കണക്കു പരിശോധിച്ചതിൽ വെള്ളക്കരം ഇനത്തിൽ 7,85,287/-രൂപ വരവുവന്നിട്ടുണ്ട്. എന്നാൽ ജലവിതരണത്തിനും, വിതരണ സംവിധാനത്തിന്റെ പരിപാലനത്തിനുമായി 26,40,151/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജനറൽപർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ സർക്കാർ ധനസഹായങ്ങളുടെ സിംഹഭാഗവും ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയുക, കൃത്യമായ വെള്ളക്കരം പിരിച്ചെടുക്കുക, ചെലവ് കുറയ്ക്കുക എന്നീ വഴികളിലൂടെ ഈ ഇനത്തിലെ നഷ്ടം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3.8.10. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് – പാലക്കാട് ജില്ല

### *3.8.10.(i). വ്യക്തിഗതഗുണഭോക്താക്കൾക്ക് നേരിട്ട് നൽകേണ്ട സബ്സിഡി തുക ബാങ്കിലേക്ക് കൈമാറിയത് ക്രമപ്രകാരമല്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-4*

ഗ്രാമപഞ്ചായത്ത് രണ്ട് ഭവനനിർമ്മാണപദ്ധതികൾക്കായി യഥാക്രമം 7,80,000/-രൂപ, 80,000/-രൂപ എന്നിങ്ങനെ ആകെ 8,60,000/-രൂപ പദ്ധതിഫണ്ടിൽ നിന്നും പൊതു വിഭാഗം പദ്ധതിഫണ്ടിൽനിന്നും വകയിരുത്തിയിട്ടുണ്ട്. 43 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുവാൻ ലക്ഷ്യമിട്ടു. പദ്ധതിപ്രകാരം ആകെ ചെലവിന്റെ 50% പദ്ധതിവിഹിതവും ബാക്കി 50% ഗുണഭോക്തൃവിഹിതം ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കേണ്ടതുമാണ്. എന്നാൽ ഇതിനു വിരുദ്ധമായി 13.12.06-ലെ കമ്മിറ്റി തീരുമാനപ്രകാരം പദ്ധതിവിഹിതമായ 8,60,000/-രൂപ 24.03.2007-ന് അലത്തൂർ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ & റൂറൽ ഡവലപ്മെന്റ് ബാങ്കിന് നൽകുകയാണ് ചെയ്തത്. ഇതിന് ബാങ്ക് ലെറ്റർപാഡിൽ തീയതി എഴുതാത്ത ഒരു രസീത് മാത്രമാണ് നൽകിയിട്ടുള്ളത്. ഗുണഭോക്താവിന് സബ്സിഡി തുക ബാങ്കിൽനിന്ന് നൽകിയതിന്റേയും ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റേയും രേഖകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകേണ്ട പദ്ധതിതുക ബാങ്കിന് കൈമാറിയത് ക്രമപ്രകാരമല്ല. ബാങ്കിൽനിന്നും വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതിപണം തിരികെ ഈടാക്കേണ്ടതുമാണ്.

Local Fund Audit Department

## 3.8.11. മുക്കം ഗ്രാമപഞ്ചായത്ത് – കോഴിക്കോട് ജില്ല

### *3.8.11.(i). മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം - പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-21*

2007-08 വർഷത്തിൽ 17 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റും 975000/-രൂപ എസ്.ജി. ആർ.വൈ ഫണ്ടും ഉപയോഗിച്ചാണ് ബസ്സ്റ്റാന്റ് യാർഡ് നവീകരിച്ചിരിക്കുന്നത്. പ്രവൃത്തി രണ്ടായി ഭാഗിച്ച് കൺവീനർ മുഖേനയും കരാർ മുഖേനയും നിർവ്വഹണം നടത്തിക്കാണുന്നു.എസ്.ജി.ആർ.വൈ.മാർഗ്ഗ നിർദ്ദേശങ്ങൾക്കും കേരള പഞ്ചായത്ത്രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾക്കും വിരുദ്ധമായി കോൺക്രീറ്റ് പ്രവൃത്തി എസ്.ജി.ആർ.വൈ. ഫണ്ടുപയോഗിച്ച് കൺവീനർ ചെയ്തിട്ടുണ്ട്. കൺവീനർ പദ്ധതി പ്രദേശത്തെ താമസക്കാരനല്ലാത്തതും ചെക്ക് കൈപ്പറ്റിയതിനുശേഷം മാത്രം സംയുക്ത അക്കൗണ്ട് ആരംഭിച്ചതും ഗുണഭോക്തൃ സമിതി അംഗങ്ങൾ ഒപ്പുവെച്ച് പഞ്ചായത്തിനു നൽകുന്ന സമ്മതപത്രം അപൂർണ്ണമാണെന്നതും പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകളാണ്. കൂടാതെ, മസ്റ്റർറോൾ അപൂർണ്ണവും ധാന്യ വിതരണ വിവരം രേഖപ്പെടുത്താത്തതുമാകുന്നു. കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യാതെ സിമന്റ്, കമ്പി വില വ്യത്യാസം ഇനത്തിൽ 114742/-രൂപ നൽകിയതും ഗുണഭോക്തൃ സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ കുറവായതും അപാകതകളിൽപെടുന്നു. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കേരള പഞ്ചായത്ത്രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നടത്തിയിരിക്കുന്നത് എന്നതും പ്രസക്തമാണ്.

## 3.8.12. നെന്മേനി ഗ്രാമപഞ്ചായത്ത് – വയനാട് ജില്ല

### *3.8.12.(i). പുഞ്ചവയൽകോളനി - ഡീസൽ മോട്ടോർ സ്ഥാപിച്ചത്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-2*

പുഞ്ചവയൽ കോളനിയിൽ കൃഷിഭവൻ മുഖേന 7.5 എച്ച്.പി.ഇലക്ട്രിക് മോട്ടോർ കൃഷി ആവശ്യത്തിനായി സ്ഥാപിച്ചത്, ടി കോളനിയിലെ മണി എന്ന വ്യക്തിയുടെ വീട്ടിൽ കൊണ്ടുപോയി വെച്ചതിനുള്ള ഓട്ടോകൂലി വൗച്ചർ 83/31.08.2006 പ്രകാരം 175/-രൂപ നൽകിയിട്ടുണ്ട്. മണി പഞ്ചായത്തിന് എഴുതികൊടുത്ത കൈപ്പറ്റ് ചീട്ടിൽ, നാളിതുവരെ വൈദ്യുതി ലഭിക്കാത്തതിനാൽ മേൽപറഞ്ഞ മോട്ടോർ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും, അതിനാൽ മോട്ടോറും അനുബന്ധ സാമഗ്രികളും പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ട പ്രകാരം ടിയാന്റെ വീട്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും ശ്രീ.മണി എഴുതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം അന്വേഷിച്ചതിൽ

Local Fund Audit Department

ടിയാന്റെ വീട്ടിൽ മോട്ടോർ ഇല്ലായെന്നും പ്രസ്തുത കോളനിയിലെ മറ്റൊരാളുടെ കൈവശം ആണുള്ളതെന്നും കാണാൻ കഴിഞ്ഞു. ടിയാളുകളുമായി സംസാരിച്ചതിൽ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി ടി സ്ഥലത്ത് പുതിയ ഡീസൽ മോട്ടോർ വാങ്ങി നൽകിയതിനാൽ ഈ മോട്ടോർ മാറ്റിയതാണെന്ന് അറിയിച്ചു. ഏകദേശം പത്ത് വർഷം മുമ്പ് കൃഷിഭവൻ മുഖാന്തിരം വാങ്ങി നൽകിയതാണ് ഇലക്ട്രിക് മോട്ടോർ എന്ന് അറിയിച്ചിട്ടും വൈദ്യുതി നിലവിൽ ഇല്ലാത്ത സ്ഥലത്ത് ഇലക്ട്രിക് മോട്ടോർ വാങ്ങി നൽകിയത് എന്തിനാണെന്നും ഇത് എന്ന് വാങ്ങി നൽകി യെന്നും ബോദ്ധ്യപ്പെട്ടിട്ടില്ല. മോട്ടോർ നൽകി 10 വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടികളും എടുത്തിട്ടുമില്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ പണം ഫലപ്രദമല്ലാത്ത രീതിയിൽ ഉപയോഗിച്ച് ധനദുർവിനി യോഗം നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഭരണ വകുപ്പിന്റെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു. ഇപ്പോൾ പുഞ്ചവയൽ കോളനിയിൽ സൂക്ഷിച്ചിട്ടുള്ള മോട്ടോർ, പഞ്ചായത്ത് നാളിതുവരെ തിരികെ കൊണ്ടുവന്നതായും കാണുന്നില്ല. ആയത് മടക്കി എടുക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* റ്റി.യു.പ്രേമൻ,
സൗപർണ്ണിക, എ5-29 കെ.എസ്.ഇ.ബി.കോളനി,
മൈസൂർ റോഡ്, സുൽത്താൻബത്തേരി.

## 3.8.13. വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് – വയനാട് ജില്ല

### *3.8.13.(i). പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുന്നതിൽ അനാസ്ഥ*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-17</u>*

1996-97-ലെ ജെ.ആർ.വൈ.പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾക്ക് ഉത്തരവാദി യായി വിജിലൻസും, ബഹു.കേരള ഹൈക്കോടതിയും കണ്ടെത്തിയ പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ.മൊയ്തീൻകുഞ്ഞി, S/o മാമ്മു, ചോമ്പാളൻ ഹൗസ്, തരുവണ എന്ന വ്യക്തിയിൽനിന്നും ഈടാക്കേണ്ടുന്ന 33542/-രൂപ നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല. റവന്യൂറിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്ന തിന് നടപടി സ്വീകരിക്കുവാൻ 11.09.2006-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ.3-485/04 നമ്പറായി ബഹുമാനപ്പെട്ട ജില്ലാകളക്ടറോട് അപേക്ഷിച്ചതായി കാണുന്നു. ഇതിനെ തിരെ കുടിശ്ശികകാരനായ ശ്രീ.മൊയ്തീൻകുഞ്ഞി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായം 26.02.2007-ലെ ഡബ്ല്യൂ.പി.സി.നമ്പർ.26060/2006.ബി. നമ്പറായി ഗ്രാമപഞ്ചായത്തിന് അനുകൂലമായി വിധിയുണ്ടാവുകയും ചെയ്തതായി കാണുന്നു.

Local Fund Audit Department

എന്നാൽ ഇതിനെ തുടർന്ന് തുക ഈടാക്കാനുള്ള യാതൊരു ശ്രമവും നടത്തിയതായി കാണുന്നില്ല.  ഇത് സംബന്ധിച്ച് നമ്പർ 6/2006-07, 2007-08/കെ.എസ്/09 തീയതി, 22.07.2009 അനുസരിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് 30.07.09-ന് ഹാജരാക്കിയ മറുപടിയിൽ റിക്കവറി നടപടികൾ പുനരാരംഭിച്ച് തുക വസൂലാക്കി വിവരം അറിയിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.  ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിൽ ഗുരുതരമായ ക്രമക്കേടുകാട്ടി എന്ന് അന്വേഷണ ഏജൻസിയും, നീതിന്യായ സ്ഥാപനവും ഉത്തരവിട്ടിട്ടും നിയമാനുസൃതം ഈടാക്കേണ്ടുന്ന തുക സത്വരമായി ഈടാക്കാൻ ശ്രമിക്കാത്തത് കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3.8.14. വളപട്ടണം ഗ്രാമപഞ്ചായത്ത് – കണ്ണൂർ ജില്ല

### *3.8.14.(i). ആധുനിക അറവുശാല നിർമ്മാണം-24.91 ലക്ഷം രൂപ പാഴായി*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-8(2)*

വളപട്ടണം ഗ്രാമപഞ്ചായത്ത് 31.03.2007 വരെ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് പദ്ധതിവിഹിതത്തിൽ നിന്നും 24.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേവലം 2.04 ചതുരശ്ര കിലോ മീറ്റർ മാത്രം വിസ്തൃതിയുള്ള ജനനിബിഡമായ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആധുനിക അറവുശാല സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്നും ഗ്രാമീണ അറവുശാല ഡിസൈൻ ചെയ്യുന്നതാണ് ഉചിതമെന്നുമുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെയും 26 സെന്റ് സ്ഥലത്ത് നിലവിലുണ്ടാക്കിയ പ്ലാനിൽ ആധുനിക അറവുശാല പ്രായോഗികമല്ലെന്നുമുള്ള സെന്റർ ഓഫ് എക്സലൻസ് ഇൻ മീറ്റ് സയൻസ് ആന്റ് ടെക്നോളജി ഡയറക്ടറുടെയും വിദഗ്ദ്ധോപദേശങ്ങൾ അവഗണിച്ചാണ് പഞ്ചായത്ത് റോഡ് സൗകര്യം പോലുമില്ലാത്ത 26 സെന്റ് സ്ഥലത്ത് ആധുനിക അറവുശാല നിർമ്മാണം നടത്തിയിട്ടുള്ളത്.  അറവ്ശാലക്കായി വാങ്ങിയ ഉപകരണങ്ങളുടെ ഗ്യാരന്റി കാലാവധി 31.08.06-ന്  അവസാനിച്ചിട്ടുണ്ട്.  ഉപകരണങ്ങളിൽ പലതും കളവ്പോയിട്ടുണ്ട്. അവശേഷിച്ച മിക്ക ഉപകരണങ്ങളും തുരുമ്പെടുത്ത് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണ്. വയറിംഗ് ജോലികൾ പൂർത്തിയാക്കിയെങ്കിലും ആയത് പൂർണ്ണമായും നശിപ്പിക്കപ്പെട്ടിരിക്കുകയാണ്.  2004-ൽ പൂർത്തീകരിച്ച കെട്ടിടം ശരിയായ രീതിയിൽ സംരക്ഷിക്കാത്തതുകൊണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. അറവുശാലയോട് അനുബന്ധിച്ച് പൂർത്തിയാക്കേണ്ട ബയോഗ്യാസ്പ്ലാന്റിന് ലക്ഷങ്ങൾ നൽകിയിട്ടുണ്ടെങ്കിലും  ആയത് പൂർത്തിയാക്കിയിട്ടില്ല. തികച്ചും അപ്രായോഗികമെന്ന് വിദഗ്ദ്ധർ വിലയിരുത്തിയ പ്രോജക്ടിന് 24.91 ലക്ഷം രൂപ ചെലവഴിച്ചതുവഴി പഞ്ചായത്ത്, പദ്ധതിപണം ദുർവിനിയോഗം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.



Local Fund Audit Department

<u>*ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*</u>

| ചെലവിനം | ചെലവ് തീയതി | തുക | ഉത്തരവാദി |
|---|---|---|---|
| കെട്ടിട നിർമ്മാണം | 31.05.2003 | 3,35,936 | ശ്രീ.കെ.വിജയൻ,ജൂനിയർ സൂപ്രണ്ട്, കൊട്ടാരത്തിൽ ഹൗസ്, കാഞ്ഞിരോട്. പി.ഒ, കൂടാളിവഴി,കണ്ണൂർ |
| | 30.03.2004 | 2,30,231 | ശ്രീ.പി.പി.മോഹനൻ, സെക്രട്ടറി, തേജസ്, നാറാത്ത്.പി.ഒ., കണ്ണൂർ. |
| | 04.03.2004 | 7,81,375 | ശ്രീ.പി.പി.മോഹനൻ, സെക്രട്ടറി, തേജസ്, നാറാത്ത്.പി.ഒ., കണ്ണൂർ. |
| മെഷീനറി സ്ഥാപിക്കൽ | 31.03.2005 | 25,000 | ശ്രീ.പി.പി.മോഹനൻ, സെക്രട്ടറി, തേജസ്, നാറാത്ത്.പി.ഒ., കണ്ണൂർ. |
| | 09.05.2005 | 4,58,089 | ശ്രീ.പി.പി.മോഹനൻ, സെക്രട്ടറി, തേജസ്, നാറാത്ത്.പി.ഒ., കണ്ണൂർ. |
| | 30.03.2006 | 50,911 | ശ്രീ.കെ.സുധാകരൻ, സെക്രട്ടറി, പ്രണവം, തേർവയൽ.പി.ഒ, നീലേശ്വരം, കാസർഗോഡ്. |
| | 31.03.2006 | 2,53,000 | ശ്രീ.കെ.സുധാകരൻ, സെക്രട്ടറി, പ്രണവം, തേർവയൽ.പി.ഒ, നീലേശ്വരം, കാസർഗോഡ്. |
| വയറിംഗ് | 07.12.2006 | 25,867 | ശ്രീ.കെ.ഗംഗാധര, സെക്രട്ടറി, അനുഗ്രഹ, മധൂർ.പി.ഒ., മുള്ളേരിയ വഴി, കാസർഗോഡ്. |
| | 30.06.2006 | 25,994 | ശ്രീ.കെ.സുധാകരൻ, സെക്രട്ടറി, പ്രണവം, തേർവയൽ.പി.ഒ, നീലേശ്വരം, കാസർഗോഡ്. |
| ബയോഗ്യാസ് പ്ലാന്റ് | 29.03.2007 | 3,05,0000 | ശ്രീ.കെ.ഗംഗാധര, സെക്രട്ടറി, അനുഗ്രഹ, മധൂർ.പി.ഒ., മുള്ളേരിയ വഴി, കാസർഗോഡ്. |

## 3.8.15. പറക്കോട് ബ്ലോക്ക്പഞ്ചായത്ത് – പത്തനംതിട്ട ജില്ല

### *3.8.15.(i). വനിതാക്ഷേമം -(ജനറൽ, എസ്.സി.പി) - മോണിറ്ററിംഗിന്റെ അഭാവം*

<u>*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2.1*</u>

2006-07-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വനിതാക്ഷേമം ജനറൽ (എസ്.ഒ.61/07) എസ്.സി.പി.(എസ്.ഒ.126/07) എന്നീ പ്രോജക്ടുകൾക്കായി യഥാക്രമം



Local Fund Audit Department

5,00,000/-, 8,00,700/- എന്നീ തുകകൾ പദ്ധതിവിഹിതമായി വകയിരുത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും വിവിധ ഡിവിഷനുകളിൽ പ്രവർത്തിക്കുന്നതുമായ വനിതാസ്വയം സഹായസംഘങ്ങൾക്ക് തൊഴിൽ പരിശീലനം നൽകി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്നതായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമേ വ്യക്തിഗത സബ്സിഡി അനുവദിക്കാവൂ എന്ന നിബന്ധനയ്ക്കുവിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള 24 ക്ഷീര സംഘങ്ങളിൽ നിന്നും മുൻഗണനാലിസ്റ്റ് തയ്യാറാക്കി അതിൽനിന്നാണ് ഗുണ ഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്.

ജനറൽ വിഭാഗത്തിൽ തെരഞ്ഞെടുത്ത 80 ഗുണഭോക്താക്കൾക്ക് 6250/-രൂപ പദ്ധതി വിഹിതവും 18,700/-രൂപ ബാങ്ക് വായ്പയും വകയിരുത്തിയിരുന്നു. എസ്.സി. വിഭാഗത്തിൽ നിന്നും 54 പേരെ തെരഞ്ഞെടുത്ത് 10,000/-രൂപ പദ്ധതിവിഹിതവും 15,000/-രൂപ ബാങ്ക് വായ്പയും വകയിരുത്തിയിരുന്നു. ജനറൽ വിഭാഗത്തിനുള്ള സബ്സിഡി തുകയായ 5 ലക്ഷം രൂപയുടേയും എസ്.സി.വിഭാഗത്തിനുള്ള 5,39,533/-രൂപയുടേയും (467/-രൂപ കുറവ്) ഡിമാന്റ് ഡ്രാഫ്റ്റുകൾ കാനറാബാങ്ക് മാനേജർക്ക് 23.03.2007-ൽ നൽകി. ബാങ്ക് മാനേജർ ഡി.ഡി. കൈപ്പറ്റിയതായി രേഖയില്ല. ജനറൽ വിഭാഗത്തിലെ 7 പേർക്കും പട്ടികജാതി വിഭാഗത്തിലെ 3 പേർക്കും ലോൺ അനുവദി ക്കുന്നതിന് സബ്സിഡി ഇനത്തിൽ 73750/-((7x6250)+(3x10,000)) രൂപ നൽകുന്നതിനു പകരം 1,10,000/-രൂപ നൽകാൻ കാനറാബാങ്ക് മാനേജർ ആവശ്യപ്പെട്ടിരുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല.

ജനറൽ, എസ്.സി. വിഭാഗങ്ങളിലായി ആകെ എത്രപേർക്ക് വായ്പ അനുവദിച്ചു എന്നത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല. പദ്ധതി വിഹിതത്തിൽ നിന്നും 10,39,533/-രൂപ ചെലവഴിച്ചു നടത്തിയ ഈ പദ്ധതികൾക്ക് യാതൊന്നും മോണിറ്ററിംഗും നടത്തിയിട്ടില്ല. 23.03.07-ൽ കാനറാബാങ്ക് മാനേജർക്ക് ഡി.ഡി. കൈമാറിയിട്ടും നാളിതുവരെ അതിൽനിന്നും എത്രപേർക്ക് വായ്പ അനുവദിച്ചു, എത്ര തുക ചെലവാകാതെ അവശേഷിക്കുന്നു എന്നതുസംബന്ധിച്ച് യാതൊരു അന്വേഷണവും നടത്താതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ നടപടി ഗുരുതരമായ കൃത്യവിലോപമാണ്.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ശ്രീ.വി.മുരളീധരൻ, സെക്രട്ടറി.

## 3.8.16. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് – ആലപ്പുഴ ജില്ല

### *3.8.16.(i). മാർഗ്ഗ നിർദ്ദേശം ലംഘിച്ച് ഐ.എ.വൈ ധനസഹായം നൽകി.*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-1</u>*

Local Fund Audit Department

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.03.2000-ലെ 1530/പി.ബി/2000/തസ്വഭവ, 23.10.2001-ലെ 8034/പി.ബി.1/2001/തസ്വഭവ. (ആർ.ഡി.പി.ബി) എന്നീ സർക്കുലറുകളിലെ ഐ.എ.വൈ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് നിലവിൽ വാസയോഗ്യമായ വീടുള്ള വ്യക്തികൾക്ക് ഭവനനിർമ്മാണത്തിന് ആനുകൂല്യം നൽകി. ഇന്ദിര ആവാസ് യോജന പദ്ധതിയുടെ ജനറൽ/പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതികളിലാണ് ഇപ്രകാരം ക്രമക്കേടുകൾ നടന്നിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ 12,30,000/-രൂപയും പട്ടികജാതി വിഭാഗത്തിൽ 55,67,500/-രൂപയും 2007-08 വർഷം വികസന ഫണ്ടിൽ നിന്നും ഭവനനിർമ്മാണത്തിന് ചെലവഴിച്ചിട്ടുണ്ട്. ഭവനരഹിതരായ/വാസയോഗ്യമായ വീടില്ലാത്ത ഗുണഭോക്താക്കൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ഇതിനു വിരുദ്ധമായി നിലവിൽ വാസയോഗ്യമായ വീടുള്ളവരെ "എക്സ്റ്റൻഷൻ"എന്ന് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകി. ഇപ്രകാരം ക്രമവിരുദ്ധമായി ആകെ 9,20,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. വി.ഇ.ഒ.മാരിൽനിന്നും സ്റ്റേജ് സർട്ടിഫിക്കറ്റിന്റെയും ഹൗസിംഗ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വീട് നൽകിയ വി.ഇ.ഒ.മാർക്ക് എതിരെ ബി.ഡി.ഒ.മെമ്മോ നൽകിയതായി ഹൗസിംഗ് ഓഫീസർ ഓഡിറ്റിൽ അറിയിച്ചു. നിയമവിരുദ്ധമായി ചെലവഴിക്കപ്പെട്ട 9,20,000/-രൂപ ഈടാക്കേണ്ടതാണ്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*

1. ശ്രീ.ജി.മോഹനൻ നായർ, ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസർ,
   കരുത്തല വീട്, കളവംകോട്, ചേർത്തല.
2. ശ്രീ.എൻ.പി.ചന്ദ്രൻ, ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസർ,
   നെടുവേലിൽ വീട്, തോട്ടകം, മാണിക്യമംഗലം.

## 3.8.17. കൊല്ലം ജില്ലാപഞ്ചായത്ത് – കൊല്ലം ജില്ല

### *3.8.17.(i). അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി -പാഴ്ചെലവ്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3.11*

കർബല മാർക്കറ്റിംഗ് കോംപ്ലക്സിന്റെ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉൽപന്ന വിപണന കേന്ദ്രം ആരംഭിക്കുന്നതിന് 2 ലക്ഷം രൂപയും കമ്പ്യൂട്ടർ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് 6 ലക്ഷം രൂപയും ഉൾപ്പെടെ 8 ലക്ഷം രൂപ വകയിരുത്തി ജില്ലാ വ്യവസായകേന്ദ്രം മാനേജർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് തയ്യാറാക്കി കെട്ടിടത്തിന്റെ ഇന്റീരിയൽ വർക്ക് നടത്തുന്നതിന് എസ്റ്റിമേറ്റ്

Local Fund Audit Department

തയ്യാറാക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറെയും വൈദ്യുതി ജലവിതരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് നിർവ്വണോദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ചെയ്തു.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 4 ലക്ഷം രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരുന്നതെങ്കിലും 4,99,400/-രൂപ ചെലവഴിച്ച് 21.06.06-ൽ 10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയുണ്ടായി. എന്നാൽ വൈദ്യുതി കണക്ഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ പരിശീലന പരിപാടി നാളിതുവരെ ആരംഭിച്ചിട്ടില്ല.

കമ്പ്യൂട്ടറുകൾ, പ്രിന്റർ, സ്കാനർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങളും രണ്ട് വർഷത്തിലേറെയായി നിരുപയോഗമായി തുടരുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ചയായും പദ്ധതിപ്പണത്തിന്റെ പാഴ്ചെലവായും ഓഡിറ്റ് വിലയിരുത്തുന്നു.

## 3.8.18. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് – പത്തനംതിട്ട ജില്ല

### *3.8.18(i). ജില്ലാതല സമഗ്ര ഊർജ്ജ സുരക്ഷാപരിപാടി പദ്ധതി സ്തംഭനാവസ്ഥയിൽ*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-12*

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 2007-09 കാലയളവിൽ നടപ്പിലാക്കുന്നതിനായി 2,17,85,500/-രൂപ അടങ്കലുള്ള ഒരു സമഗ്ര ഊർജ്ജസുരക്ഷാ പദ്ധതി തയ്യാറാക്കി ഡിപിസി. യുടെ അംഗീകാരം വാങ്ങിയിരുന്നു. അംഗീകരിച്ച പദ്ധതിപ്രകാരം താഴെപ്പറയുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്.

| | | |
|---|---|---|
| 1. വൈദ്യുതോൽപ്പാദന ഗ്യാസിഫയർ | - | 1 യൂണിറ്റ് |
| 2. ജൈവ മാലിന്യങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബയോഗ്യാസ് പ്ലാന്റ് | - | 1 യൂണിറ്റ് |
| 3. കമ്മ്യൂണിറ്റി അടുപ്പ് (വാണിജ്യം) | - | 100 യൂണിറ്റ് |
| 4. കമ്മ്യൂണിറ്റി (സ്ഥാപനതരം) | - | 200 യൂണിറ്റ് |
| 5. സൗര ഗാർഹിക വിളക്കുകളുടെ സമഗ്ര യൂണിറ്റ് | - | 660 യൂണിറ്റ് |
| 6. ഗ്യാസിഫയർ അടുപ്പുകൾ | - | 200 യൂണിറ്റ് |



Local Fund Audit Department

23.02.2008-ലെ ജി.ഒ.(പി) 95/2008/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് തുക അനർട്ടിന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്യാമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് 2007-08 വർഷം 20 ലക്ഷം രൂപ (പൊതുവിഭാഗം വികസന ഫണ്ട് 14 ലക്ഷം, എസ്.സി.പി.വിഭാഗം 6 ലക്ഷം) അനർട്ടിന് നൽകി. 2008-09 വർഷം 32 ലക്ഷം രൂപ (വികസന ഫണ്ട് -15 ലക്ഷം, തനത് ഫണ്ട് 17 ലക്ഷം) വകയിരുത്തിയിരുന്നുവെങ്കിലും വികസന ഫണ്ടിൽ നിന്നുമുള്ള 15 ലക്ഷം രൂപ മാത്രമാണ് അനർട്ടിന് നൽകിയത്. പദ്ധതിയ്ക്കായി ആകെ ജില്ലാപഞ്ചായത്ത് വിഹിതമായ 52.21 ലക്ഷം രൂപയിൽ 35 ലക്ഷം മാത്രമാണ് കൈമാറിയത്. ജില്ലാ പഞ്ചായത്ത് അനർട്ടുമായി ഏർപ്പെട്ട കരാർപ്രകാരം പദ്ധതിപ്രവർത്തനങ്ങൾ 01.04.2008-ൽ ആരംഭിക്കുന്നതും 30.06.2009-ൽ അവസാനിക്കുന്നതുമാണ്. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം നിശ്ചിത സമയപരിധി യ്ക്കുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേതല്ലാത്ത വീഴ്ചയാൽ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായാൽ, വീഴ്ചവരുത്തുന്ന ഓരോ മാസത്തിനും എസ്റ്റിമേറ്റ് തുകയുടെ 2% ക്രമത്തിൽ പിഴപലിശ ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അർഹതയുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ചെയ്ത 35 ലക്ഷം രൂപ നിഷ്ഫലമായി അവശേഷിക്കുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.എസ്.സുരേഷ്, സെക്രട്ടറി,
തെക്കേതിൽ, ക്ലാപ്പന നോർത്ത്.പി.ഒ

## 3.8.19. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് – തൃശ്ശൂർ ജില്ല

### *3.8.19.(i). പാരാമെഡിക്കൽ രംഗത്ത് തൊഴിൽ നൽകൽ പദ്ധതി- ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ചില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2001-02, ഖണ്ഡിക നമ്പർ: 34*

ഐ.സി.ഡി.എസ്. ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 81 വനിതകൾക്ക് തൊഴിൽനൽകുകയും അതോടൊപ്പം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന രോഗികൾക്ക് രോഗനിർണ്ണയ പരിശോധ നയ്ക്ക് ലാബറട്ടറി സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയുകയും ചെയ്യുക എന്നതാണ് ലക്ഷ്യമിട്ടിരുന്നത്.

പദ്ധതിയിൻകീഴിൽ ലാബ്ടെക്നീഷ്യൻമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ പരിശീലനം നൽകി നിയമിക്കുകയും മാസപ്രതിഫലമായി പിരിയുന്ന ഫീസിന്റെ നിശ്ചിത ശതമാനം നൽകുകയും, ലാബറട്ടറിയ്ക്ക് ആവശ്യമായിവരുന്ന ഉപകരണ ങ്ങളും, രാസപദാർത്ഥങ്ങളും ആശുപത്രി വികസനസമിതിയുടെ മേൽനോട്ടത്തിൽ വാങ്ങിനൽകുകയും ചെയ്യാൻ പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നു.



Local Fund Audit Department

യൂണിറ്റിന് 60,000/-രൂപ നിരക്കിൽ 50 യൂണിറ്റുകൾക്ക് 30,00,000/-രൂപയാണ് വകയിരുത്തിയിരുന്നത്. ഓരോ യൂണിറ്റിലെയും 50,000/-രൂപ ജില്ലാ പഞ്ചായത്തും 10,000/-രൂപ ഗ്രാമപഞ്ചായത്തും വഹിക്കണമെന്നാണ് പ്രൊജക്റ്റിൽ പറഞ്ഞിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് 26,00,000/-രൂപ നൽകിയിരുന്നു.

പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ ലാബറട്ടറി ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യം ഒരുക്കുന്നതിനും പകരം, നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽപറഞ്ഞതുക വിനിയോഗിച്ചുകൊണ്ടു ലാബറട്ടറിക്കു ആവശ്യമായ ഉപകരണങ്ങളും, രാസപദാർത്ഥങ്ങളും വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക കൈപ്പറ്റിയതിനുശേഷം പദ്ധതി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങൾ ഭാഗികമായി വിതരണം നടത്തിയെങ്കിലും പദ്ധതിപ്രവർത്തനം ആരംഭിക്കുകയോ, ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുകയോ ചെയ്തിട്ടില്ല.

അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താതെ ലാബറട്ടറിയ്ക്ക് ഉപകരണങ്ങൾ വാങ്ങിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനു പകരം ഐ.സി.ഡി.എസ്.ഓഫീസറെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം വാങ്ങേണ്ടതാണ്. ചെലവ് തുക 26,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>* ശ്രീ.എൻ.വിശ്വനാഥൻ, ഐശ്വര്യ,
ലെജനത്ത് പാർസ്, പാലക്കാട് - 688001.

## *3.8.19.(ii).കൈത്തറി കോമൺ ഫെസിലിറ്റി സെന്റർ, തിരുവില്വാമല*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2-7</u>*

കൈത്തറി സൊസൈറ്റികൾക്കും, നെയ്ത്തുകാർക്കും നൂൽ ചായംമുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, നെയ്ത്തുകാർക്ക് ഡൈയിങ്ങിലും, വീവിങ്ങിലും പരിശീലനംനൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി തിരുവില്വാമല ഗ്രാമപഞ്ചായത്ത് വക 80 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിന് തീരുമാനിക്കുകയും, 10,50,000/-രൂപ വകയിരുത്തിയ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോസ്റ്റ്ഫോർഡിനെ ഏൽപ്പിക്കുകയും ചെയ്തു. 5.20 ലക്ഷം രൂപ മേൽ പ്രവർത്തനങ്ങൾക്കായി കോസ്റ്റ് ഫോർഡിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ

Local Fund Audit Department

ആരംഭിച്ച് വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇതുവരെയും കെട്ടിടം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

### 3.8.19.(iii). ഈറ്റ, മുള-കോമൺ ഫെസിലിറ്റി സെന്റർ

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2-8*

ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതിയ്ക്കുവേണ്ടി 13,00,000/-രൂപ വകയിരുത്തിയിരുന്നു. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് കൂടുതൽ വരുമാനം ലഭിക്കത്തക്കവിധം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി മുരുങ്ങൂർ തെക്കുംമുറി വില്ലേജ് സർവ്വേ നമ്പർ 565 പ്രകാരം സൗജന്യമായി ജില്ലാ പഞ്ചായത്തിന് കൈമാറി കിട്ടിയ 25 സെന്റ് സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായി 5.40 ലക്ഷം രൂപ കോസ്റ്റ് ഫോർഡിന് നൽകിയിരുന്നു. എന്നാൽ കോസ്റ്റ് ഫോർഡിനു നൽകിയ തുകയുടെ ചെലവു സംബന്ധമായ രേഖകൾ, അളവുപുസ്തകം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പദ്ധതി ആരംഭിച്ച് വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കെട്ടിടം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല.

## 3.8.20. കൊല്ലം നഗരസഭ – കൊല്ലം ജില്ല

### 3.8.20.(i). നിലവിലില്ലാത്ത തയ്യൽ പരിശീലന കേന്ദ്രം വിപുലീകരിക്കൽ - ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 46,904/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 3-12*

വികസന ഫണ്ടിൽ നിന്നും 50,000/-രൂപ വകയിരുത്തിയ ആക്കോലിൽ നഗരസഭ വക തയ്യൽ പരിശീലന കേന്ദ്രം വിപുലീകരണം എന്ന 188/08-09-ാം നം.പ്രോജക്ടിന് 01.12.08-ലെ പ്ലാനിംഗ്/475/08-09/ഡി.പി.സി.നമ്പർ പ്രകാരം കൊല്ലം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസറുടെ 30.03.09-ലെ IND/43772/08(1), IND/43772/08(2) എന്നീ ഉത്തരവുകൾ പ്രകാരം തയ്യൽ പരിശീലന കേന്ദ്രത്തിനു വേണ്ടി കൊല്ലം മേടയിൽ മുക്ക്, സൺ മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽനിന്ന് തയ്യൽമെഷീൻ, എംബ്രോയിഡറി മെഷീൻ, കട്ടിംഗ് ആന്റ് ടെയിലറിംഗ് സിസ്റ്റേഴ്സ് എന്നിവ വാങ്ങിയതിന് 30,737/- രൂപയും, തെക്കേവിള മെ.വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് ആംചെയർ, സ്റ്റൂൾ, കട്ടിംഗ് ടേബിൾ, സ്റ്റീൽ അലമാര, സ്റ്റീൽ ടേബിൾ എന്നിവ വാങ്ങിയതിന് 16,167/-രൂപയും ഉൾപ്പെടെ ആകെ 46,904/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയോ, ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രത്തിന് കൈമാറിയതിന്റേയോ രേഖകൾ ഓഡിറ്റിന് നൽകിയിട്ടില്ല.

Local Fund Audit Department

ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന 29.05.06-ലെ ബഹു. മേയറുടെ ഉത്തരവു പ്രകാരം റവന്യൂ ഇൻസ്പെക്ടർ ഹാജരാക്കിയ 31.07.06-ലെ റിപ്പോർട്ടിൽ, ജനകീയാസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഒരു വാടക കെട്ടിടത്തിലാണ് തയ്യൽ പരിശീലന കേന്ദ്രം പ്രവർത്തിച്ചിരുന്നതെന്നും അവിടെ പരിശീലകയായിരുന്ന വനിതയ്ക്ക് അപകടത്തിൽ പരിക്കേറ്റതിനാൽ 31.03.2001-ന് ശേഷം ടി കേന്ദ്രം പ്രവർത്തിക്കുന്നില്ലെന്നും ആയതിനാൽ അതിനു ശേഷമുള്ള കെട്ടിടത്തിന്റെ വാടക നൽകേണ്ടതില്ലെന്നും പറയുന്നുണ്ട്.

ഇരവിപുരം ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തന നില അറിയുന്നതിന് കൊല്ലം കോർപ്പറേഷൻ ഓഡിറ്റ് ഓഫീസിൽ നിന്നും നൽകിയ 18.11.09-ലെ എൽ.എഫ്.ക്യു. എം.4-422/09-ാം നമ്പർ കത്തിന് തയ്യൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന EP/XII/469-ാം നമ്പർ കെട്ടിടം ശ്രീമതി.വിമല എന്ന കക്ഷിക്കാണ് വാടകയ്ക്ക് നൽകിയിരുന്നതെന്നും ടിയാളുടെ ഭർത്താവ് മരിച്ചതിനു ശേഷം ടി സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യമായി നടക്കുന്നില്ലെന്നും 2006 ഫെബ്രുവരി മാസത്തിനു ശേഷം വാടക ലഭിച്ചിട്ടില്ലെന്നും കെട്ടിട ഉടമ അറിയിച്ചതായി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വാടക കെട്ടിടത്തിന്റെ എഗ്രിമെന്റ് പുതുക്കിയിട്ടില്ലെന്നും കെട്ടിടത്തിന്റെ താക്കോൽ കെട്ടിടഉടമയെ തിരികെ ഏൽപ്പിച്ചിട്ടുണ്ടെന്നും 30.11.2009-ലെ റ്റി.പി.1/ഇ2/3662/09-ാം നമ്പർ കത്ത് പ്രകാരം സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽനിന്ന് ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രം ഇപ്പോൾ നിലവിലില്ലെന്ന് വ്യക്തമാണ്. നിലവിലില്ലാത്ത സ്ഥാപനം വിപുലീകരിക്കുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതും ഉപകരണങ്ങൾ വാങ്ങിയതും അംഗീകരിക്കാവുന്നതല്ല. പ്രസ്തുത ഉപകരണങ്ങൾ എന്തുചെയ്തുവെന്നോ എവിടെ സൂക്ഷിക്കുന്നുവെന്നോ വ്യക്തമല്ല. പ്രസ്തുത വിഷയത്തിന്മേൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് കൊല്ലം കോർപ്പറേഷൻ ഓഫീസിൽ നിന്നും നൽകിയ 06.01.2010-ലെ എൽ.എഫ്. ക്യു.എം.4-5/10-ാം നമ്പർ കത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ മറുപടി നൽകിയിട്ടുമില്ല. ആയതിനാൽ ആക്കോലിൽ തയ്യൽ പരിശീലന കേന്ദ്രം വിപുലീകരണം എന്ന പ്രോജക്ട് പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 46,904/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3.8.21. മാവേലിക്കര നഗരസഭ – ആലപ്പുഴ ജില്ല

### *3.8.21.(i). ഫണ്ട് ലഭിച്ചിട്ടും വികസന പദ്ധതികൾ നടപ്പിലാക്കിയില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-29, 3-31*

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടും വികസന പദ്ധതികൾ നഗരസഭ നടപ്പിലാക്കിയില്ല.



Local Fund Audit Department

ചെറു ഇടത്തരം നഗരങ്ങളുടെ സംയോജിത വികസന പരിപാടി (Integrated Development Scheme for Small and Medium Towns - IDSMT), ദേശീയ ചേരി വികസന പരിപാടി (N.S.D.P) എന്നിവയിൽ അംഗീകരിച്ച പദ്ധതികളാണ് മുടങ്ങിയത്. ഇതിൽ ചേരി വികസനത്തിന് ലഭിച്ച ഫണ്ടിൽ 70% വായ്പയാണ്. 13% പലിശയുൾപ്പെടെ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. പദ്ധതികൾ നടപ്പാക്കാത്തത് തിരിച്ചടവ് പ്രതിസന്ധി യിലാക്കും. നഗരസഭയ്ക്ക് സാമ്പത്തിക ബാദ്ധ്യത ഇത് സൃഷ്ടിച്ചേക്കും.

ചെറു ഇടത്തരം നഗരങ്ങളുടെ വികസന പരിപാടിയിൽ അംഗീകരിച്ച 10-ൽ 6 പദ്ധതികളാണ് അകാരണമായി മുടങ്ങിയത്. 2004-ൽ അംഗീകരിച്ച പദ്ധതികളുടെ അടങ്കൽ 2.5 കോടിയായിരുന്നു. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം 1,46,52,000/-രൂപ സമയത്ത് ലഭിച്ചിരുന്നു.

മുടങ്ങിയ പദ്ധതികളിൽ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, പുതിയകാവ് മത്സ്യ മാർക്കറ്റ് എന്നീ വരുമാനദായക പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതല്ലാതെ മിക്ക പദ്ധതികളും പൂർത്തീ കരിച്ചില്ല. കരാറുകാരുടെ വീഴ്ചയല്ല നഗരസഭയുടെ കെടുകാര്യസ്ഥതയും ആസൂ ത്രണരാഹിത്യവുമാണ് പദ്ധതികൾ യാഥാർത്ഥ്യ മാക്കാത്തത്. മാത്രമല്ല പദ്ധതികൾ നടപ്പാക്കാത്തതിനാൽ പ്രാരംഭ ചെലവ് പാഴ്ചെലവായി. ദേശീയ ചേരിവികസന പരിപാടിയിൽ ലഭിച്ച 41 ലക്ഷം രൂപ 2006 ആഗസ്ത് 31-ന് മുമ്പ് ചെലവഴിക്കാൻ സർക്കാർ പലപ്രാവശ്യം നഗരസഭയെ ഓർമ്മിപ്പിച്ചതാണ്. ഫണ്ടിൽ നിന്നും 27.5 ലക്ഷം സി.ഡി.എസ്. അക്കൗണ്ടുകളിലേക്ക് വകമാറ്റുക മാത്രമാണ് നഗരസഭ ചെയ്തത്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:* ശ്രീ.ബി.ശ്രീകുമാർ, റിട്ട.മുനിസിപ്പൽ സെക്രട്ടറി,
അവിട്ടം, റ്റി.എൻ.നഗർ, പ്ലാമൂട്.പി.ഒ., തിരുവനന്തപുരം.

## 3.8.22. മൂവാറ്റുപുഴ നഗരസഭ – എറണാകുളം ജില്ല

### *3.8.22.(i). ആധുനിക അറവുശാലാനിർമ്മാണം-നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ചെലവ്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3(30)(2)*

1994-95 വർഷത്തിലാണ് ആധുനിക അറവുശാല നിർമ്മിക്കുന്നതിനായി നഗരസഭ പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി 2.71 ഏക്കർ സ്ഥലം 14,45,627/- രൂപയ്ക്ക് വാങ്ങി. 1996-97 മുതൽ 1999-2000 വരെ 28,06,822/-രൂപ പല ഘട്ടങ്ങളിലായി ചെലവഴിച്ച് അറവുശാല കെട്ടിടം നിർമ്മിച്ച് 10/2003-ൽ നഗരസഭയ്ക്ക് കൈമാറുകയും 1/04-ൽ കെട്ടിടം ഉദ്ഘാടനം നടത്തുകയും ചെയ്തു. 3/04-ലെ അർബൻ അഫയേഴ്സ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ടെണ്ടർ ക്ഷണിച്ച് എം.എസ്. ഫ്ളിഷ് ടെക്നോ

Local Fund Audit Department

കൺസൽട്ടന്റ് ട്രിനിറ്റി എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തി 11,00,000/- രൂപയ്ക്ക് ടെണ്ടർ ഉറപ്പിച്ച്, ടി സ്ഥാപനത്തിൽ നിന്ന് 10,48,912/-രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് കശാപ്പ് തൊഴിലാളികൾക്കും, മേൽനോട്ട ജീവനക്കാർക്കും 5 ദിവസത്തെ പരിശീലനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഈ വ്യവസ്ഥ പാലിക്കാത്തതിനാൽ ബാക്കി തുക സ്ഥാപനത്തിന് നൽകിയില്ല. അപ്രകാരം അറവുശാല നിർമ്മാണത്തിനായും ഉപകരണങ്ങൾ വാങ്ങുന്നതിനായും മൊത്തം 53,01,361/-രൂപ ചെലവ് ചെയ്തിട്ടുണ്ട്.

എന്നാൽ അറവ്ശാല മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ജൈവവാതക പ്ലാന്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അസഹ്യമായ ദുർഗന്ധംമൂലം ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥാപനം അടച്ചുപൂട്ടുകയാണുണ്ടായത്. മാലിന്യ സംസ്കരണത്തിനുള്ള വഴികണ്ടെത്താതെ അറവുശാല നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുകയും 23.01.04-ൽ ഉദ്ഘാടനംചെയ്ത അറവുശാല നാളിതുവരെ ഉപയോഗിക്കാതിരിക്കുകയും ചെയ്തതിനാൽ ഇതിനായി നിർമ്മിച്ച കെട്ടിടവും വാങ്ങിയ ഉപകരണങ്ങളും നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയുണ്ടാവുകയും ചെയ്തത് നഗരസഭയുടെ കെടുകാര്യസ്ഥതയും ദീർഘവീക്ഷണമില്ലായ്മയുമാണ് കാണിക്കുന്നത്. ഇപ്രകാരം അരക്കോടിയിൽപരം രൂപ പാഴ്ചെലവ് വരുത്തിയതിന് നഗരസഭ വിശദീകരണം നൽകേണ്ടതാണ്.

*ഉത്തരവാദികൾ:* ഭരണസമിതി അംഗങ്ങൾ.

## 3.8.23. കണ്ണൂർ നഗരസഭ – കണ്ണൂർ ജില്ല

### *3.8.23.(i). ജെ.സി.ബി.വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ അകാരണമായ കാലതാമസം - ജെ.സി.ബി. വാടകയിനത്തിൽ ലക്ഷങ്ങൾ ചെലവാക്കി*

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 3-25*

09.06.05-ന് ചേർന്ന കണ്ണൂർ നഗരസഭ കൗൺസിലിന്റെ യോഗം നഗരസഭയുടെ ആവശ്യത്തിനായി എസ്കവേറ്റർ വാങ്ങാൻ തീരുമാനിച്ചിരുന്നു. (64-ാം നമ്പർ തീരുമാനം) എന്നാൽ എസ്കവേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മെഷീൻ നഗരസഭയ്ക്ക് ലഭ്യമായത് 25.02.08-ന് മാത്രമാണ്. വാങ്ങൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ 3 വർഷത്തോളമെടുത്തു. 2006-07 വർഷം സ്പിൽ ഓവർ പ്രൊജക്ടായി എസ്കവേറ്റർ വാങ്ങുന്നതിന് 12 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 09.06.05-ലെ കൗൺസിൽ യോഗം എസ്കവേറ്റർ വാങ്ങുന്നതിനുള്ള തീരുമാനമെടുത്തിരുന്നുവെങ്കിലും വീണ്ടും 18.08.06-ലെ കൗൺസിൽ യോഗത്തിന്റെ പരിഗണ



Local Fund Audit Department

നയ്ക്ക് സമർപ്പിക്കുകയും തുടർന്ന് 19.12.06-ലെ കൗൺസിൽ യോഗം 14-ാം നമ്പർ തീരുമാന പ്രകാരം എസ്കവേറ്റർ വാങ്ങാൻ വീണ്ടും അനുമതി നൽകുകയുമാണുണ്ടായത്. കൗൺസിൽ തീരുമാനത്തിന്ശേഷം 09.03.07-ന് മാത്രമാണ് ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചത്. ടെണ്ടറുകളൊന്നും ലഭിക്കാതിരുന്നതിനാൽ 30.03.07-ന് വീണ്ടും ടെണ്ടർനോട്ടീസ് പുറപ്പെടുവിച്ചു. ടെണ്ടർ ലഭിക്കാനുള്ള അവസാന തീയതിയായി നിശ്ചയിച്ചത് 04.05.07-ന് ആയിരുന്നു. എന്നാൽ വിശദമായ പരിശോധനയ്ക്കായി മാറ്റിവെച്ച് ടെണ്ടർ അംഗീകരിച്ചത് 29.09.2007-നും സപ്ലൈ ഓർഡർ നൽകിയത് 14.12.07-നുമാണ്. ബന്ധപ്പെട്ട സ്ഥാപനം എസ്കവേറ്റർ നഗരസഭയ്ക്ക് ലഭ്യമാക്കിയത് 25.02.08-നാണ്. എസ്കവേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ മൂന്ന് വർഷത്തോളമെടുത്തു. എസ്കവേറ്റർ വാങ്ങാൻ ചെലവായത് 19,99,800/-രൂപയാണ്. എന്നാൽ ജെ.സി.ബി.മണിക്കൂർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ച വകയിൽ 2006-07 വർഷം 15,25,076/-രൂപയും 2007-08 വർഷം 6,39,423/-രൂപയും 2007-08 വർഷം നടത്തിയ പ്രവൃത്തികൾക്ക് ജെ.സി.ബി. ഉപയോഗിച്ചതിന്റെ വാടക 2008-09 വർഷം നൽകിയ വകയിൽ 2,75,236/-രൂപയുമടക്കം ഈ കാലയളവിൽ മൊത്തം 24,39,935/-രൂപ ചെലവാക്കിയിട്ടുണ്ട്. 09.06.05 ലെ കൗൺസിൽ തീരുമാനം നടപ്പാക്കുന്നതിലെകാലതാമസമാണ് ഇത്ര ഭീമമായ തുക ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വന്ന സാഹചര്യമുണ്ടാക്കിയത്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥർ*

(09.06.05 മുതൽ 25.02.08 വരെയുള്ള കാലയളവിലെ നഗരസഭാ സെക്രട്ടറിമാർ)

1. ശ്രീ.ജോണി സെബാസ്റ്റ്യൻ, സെക്രട്ടറി,
   പൈനാപ്പിള്ളിൽ ഹൗസ്, എടൂർ, പായം.പി.ഒ. കണ്ണൂർ-670704.
2. ശ്രീ.കെ.രവീന്ദ്രൻ നായർ, സെക്രട്ടറി.
3. ശ്രീ.ടി.സന്തോഷ്, സെക്രട്ടറി, അഴകത്ത്, തെക്കേവിള, കൊല്ലം.
4. ശ്രീ.പി.ഗോപാലകൃഷ്ണൻ, നഗരസഭ എഞ്ചിനീയർ, ഗാഡോസ്, 2/893 ജി,
   കൈരളി അപ്പാർട്ട്മെന്റ്സ്, എരഞ്ഞിപ്പാലം.പി.ഒ., കോഴിക്കോട്.
5. ശ്രീ.എൻ.വി.മുഹമ്മദലി.പി.എ, 'ബ്ലൂമൂൺ', സിവിൽ കോടതിയ്ക്ക് സമീപം,
   തലശ്ശേരി.
6. ശ്രീ.ബി.ഇന്ദ്രബാലൻപിള്ള, സെക്രട്ടറി, ഗൗരി,
   കോട്ടക്കകം, തൃക്കടവൂർ, പെരിനാട്.പി.ഒ, കൊല്ലം.
7. ശ്രീമതി.എം.സബീനപോൾ, സെക്രട്ടറി, 'ടച്ച് സ്റ്റോൺ മാനർ',
   അപ്പാർട്ട്മെന്റ് നമ്പർ.8 എ(1), മാതൃഭൂമി, .വഞ്ചിയൂർ, തിരുവനന്തപുരം.

✧✧✧✧✧✧



Local Fund Audit Department